
VOL NO: 07 | ISSUE 09
www.nerpatham.com
mail@nerpatham.com
2023 MARCH 04 | ₹10

# നേർപഥം

വാരിക



## രാജ്യം നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ

രാജ്യപുരോഗതിയുടെ നട്ടെല്ലാണ് സാമ്പത്തികാടിത്തറ. വ്യക്തമായ സാമ്പത്തിക നയമുള്ള ഭരണ സംവിധാനത്തിനു മാത്രമെ ആ രംഗത്ത് സുസ്ഥിരത നിലനിർത്താൻ കഴിയൂ. സ്വാതന്ത്ര്യലബ്ധിക്കും വിഭജനത്തിനും ശേഷം കൃതകൃത്യമായ പ്രവർത്തനങ്ങൾ കൊണ്ടാണ് രാജ്യം സാമ്പത്തിഭാവൃദ്ധി നേടിയത്. എന്നാൽ നടപ്പു ഭരണകാലത്തേക്ക് മാത്രം ആസൂത്രണം ചെയ്യുന്ന ഇന്നത്തെ സാമ്പത്തിക സമീപനങ്ങൾ രാജ്യത്തെ എവിടേക്ക് കൊണ്ടുചെന്നെത്തിക്കുമെന്നത് കണ്ടറിയേണ്ടതുണ്ട്.

## കിഴിക്കാനും ഹരിക്കാനുമറിയാത്ത കേരളം!

|| ലഹരിക്കടിമയാകുന്നവരുടെ എണ്ണത്തിൽ വൻവർധന!

|| മതത്തിന്റെ അനിവാര്യതയും അനിവാര്യമായ മതാചാരവും

|| ഇബ്നു തൈമിയ്യ(റഹി)യും ശിയാ സിൽബന്തികളുടെ ദുരാരോപണങ്ങളും

സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്





2023 ജനുവരി 21
1444 ജുമാദുൽ ഉഖ്റാ 27
പുസ്തകം 07 / ലക്കം 03


Enrol Now!

GreenHome
RESIDENTIAL CAMPUS

**സവിശേഷ പഠന മേഖലകൾ:**

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

For Boys Grade 5 to 8
For Girls Grade 6 & 7

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0319
# നേർപഥം
വാരിക

2023 മാർച്ച് 04
1444 ശഅ്ബാൻ 11
പുസ്തകം 07 / ലക്കം 09




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
രാജ്യം നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ
വി. അവാം സുറൂർ

മുഖമൊഴി
05
ലഹരിക്കടിമയാകുന്നവരുടെ എണ്ണത്തിൽ വൻവർധന!

ലേഖനം
06
ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യും ശിയാ സിൽബന്തികളുടെ ദുരാരോപണങ്ങളും
മൂസ സ്വലാഹി കാര

വനിതാപഥം
24
കൗമാരം കരുതലോടെ
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

ആരോഗ്യപഥം
15
ജീവകങ്ങൾ കുറയുമ്പോൾ
ഡോ. അർഷദ് മുനവ്വർ

കവിത
25
ആയുസ്സ്
നൂർജഹാൻ പൊക്കുന്ന്

ക്വുർആൻ ദർശനം
16
സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
26
ഭൂചലനങ്ങൾ എന്തുകൊണ്ട്?
ഡോ. ടി. കെ യൂസുഫ്

ലേഖനം
18
കാല് തിരുമ്മുന്ന രാജാക്കന്മാർ!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
30
മതത്തിന്റെ അനിവാര്യതയും അനിവാര്യമായ മതാചാരവും
സുഫ്‌യാൻ അബ്ദുസ്സലാം

വിദ്യാപഥം
22
കിഴിക്കാനും ഹരിക്കാനുമറിയാത്ത കേരളം!
മുഹമ്മദ് അജ്മൽ

ബാലപഥം
34
പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി, എടത്തനാട്ടുകര

## ലഹരിവിമുക്തി അസാധ്യമോ?

ഞങ്ങൾ അധികാരത്തിൽ വന്നാൽ മദ്യനിരോധനം ഏർപ്പെടുത്തും എന്ന് ജനങ്ങൾക്ക് വാക്കു കൊടുക്കുന്ന പാർട്ടികൾ അധികാരത്തിൽ വന്നാൽ അപ്പറഞ്ഞത് മറക്കുന്നതും കൂടുതൽ മദ്യഷാപ്പുകൾ തുറക്കാൻ ലൈസൻസ് നൽകുന്നതുമാണ് നാളിതുവരെയുള്ള നാടിന്റെ അനുഭവം. ജനങ്ങൾക്ക് വിദേശ്യമദ്യവും നാടൻ കള്ളുമൊക്കെ കുടിച്ച് കൂത്താടാൻ എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തിട്ട് ലഹരിക്കെതിരിൽ ബോധവത്കരണം നടത്തുന്നത് വിരോധാഭാസമാണെന്ന് പറയാതെ വയ്യ. ലഹരിവിരുദ്ധ പ്രക്ഷോഭങ്ങളിൽ പോലും മദ്യം ഓഫർ ചെയ്ത് ആളെക്കൂട്ടുന്നതും ലഹരി ഉപയോഗിക്കാമെന്ന് സിനിമയിലൂടെ കാണിച്ചുകൊടുക്കുന്നവർ തന്നെ ലഹരിവിരുദ്ധ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും കാപട്യമാണ്.

എത്രയെത്ര കുടുംബങ്ങളിലുള്ളവരാണ് ലഹരിക്ക് അടിമയായ ഭർത്താവിനെയോ പിതാവിനെയോ മകനെയോ ഭയന്ന് ജീവിക്കുന്നത്! എത്ര കുടുംബങ്ങളിലെ പ്രതീക്ഷകളും സന്തോഷങ്ങളുമാണ് മദ്യം മുഖേന ഇല്ലാതാകുന്നത്! പലപ്പോഴും ലഹരി വരുത്തിവെക്കുന്ന വിനകൾ അത് ഉപയോഗിക്കുന്നവരിൽ മാത്രം ഒതുങ്ങുന്നില്ല, മദ്യപിച്ചു വാഹനമോടിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളിൽ എത്രയോ നിരപരാധികൾ പെട്ടുപോകുന്നു. എത്രയോ മക്കൾ അനാഥരായിത്തീരുന്നു.

മദ്യമില്ലാതെ എന്താഘോഷം എന്ന ചോദ്യമാണ് ഓരോ വർഷത്തേയും കണക്കെടുപ്പുകൾ നമ്മോട് ചോദിക്കുന്നത്. മദ്യം വേണ്ടത്ര കിട്ടാതായപ്പോൾ ഉണ്ടായ പുകിലുകൾ ലോക്ക്ഡൗൺ കാലത്ത് നമ്മൾ കണ്ടതാണ്. പലരും അവരുടെ പ്രശ്നങ്ങളും ദുഃഖങ്ങളും മറന്നൊന്ന് ശാന്തമായി ഉറങ്ങാനാണത്രെ ലഹരിയെ ആശ്രയിക്കുന്നത്. സത്യത്തിൽ അത് അവരുടെയും കുടുംബത്തിന്റെയും ഉറക്കം എന്നെന്നേക്കുമായി ഇല്ലാതാക്കുവാനും പ്രയാസങ്ങൾ ഒന്നുകൂടി വർധിപ്പിക്കാനുമാണ് കാരണമാവുക.

സുമനസ്സുകളെല്ലാം ലഹരിക്കെതിരെ കൈകോർത്ത ഈ സാഹചര്യത്തിൽ അത് ലക്ഷ്യം കാണണമെങ്കിൽ ആത്മാർഥത കൈവിടാതിരിക്കണം. രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള അകലം കുറയണം, ക്ലാസ്സ് മുറികളിൽ ലഹരിയുടെ അപകടങ്ങളെ കുറിച്ച് ഇടയ്ക്കിടെ ഓർമപ്പെടുത്തണം.

എല്ലാത്തിനുമുപരി നാം ചെയ്യേണ്ടത് കുട്ടികളെ മതബോധമുള്ളവരാക്കുക എന്നതാണ്. സൃഷ്ടിച്ചു പരിപാലിക്കുന്ന റബ്ബ് എല്ലാം കാണുന്നുണ്ട് എന്ന് ഏത് സാഹചര്യത്തിലും ഓർക്കുന്നവരായി അവർ മാറണം. നന്മയും തിന്മയും വേർതിരിച്ചു പഠിപ്പിച്ച പ്രവാചകൻ(സ്വ) ലഹരി തിന്മയാണെന്നു മാത്രമല്ല പറഞ്ഞത്, അത് എല്ലാ തിന്മകളുടെയും മാതാവാണ് എന്നുകൂടി പറഞ്ഞിട്ടുണ്ട്. അതിന്റെ അപകടങ്ങളെ കുറിച്ച് പറയുന്ന ഹദീസുകൾ ധരാളം കാണാം.

അവർക്ക് പഠിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുക. നല്ല കൂട്ടുകാരുമായി സഹവസിക്കുവാൻ പ്രേരിപ്പിക്കുക. ധാർമികബോധം പകർന്നുനൽകുന്ന പുസ്തകങ്ങൾ വായിക്കുവാനും പ്രഭാഷണങ്ങൾ കേൾക്കുവാനും അവസരമൊരുക്കിക്കൊടുക്കുക. അങ്ങനെ നല്ല മര്യാദകളും മതബോധവും അറിവും പകർന്നു നൽകി ഉത്തമ പൗരന്മാരും യഥാർഥ വിശ്വാസികളുമായി അവരെ വാർത്തെടുക്കുക. ലഹരിയില്ലാത്ത പുലരിക്കായി നമുക്ക് കാത്തിരിക്കാം, നാഥൻ അനുഗ്രഹിക്കട്ടെ.

**-ഷിഹാൻ തോന്നയ്ക്കൽ**

## ഖാദിയാനിസം

ഖാദിയാനിസത്തിന്റെ പൊള്ളത്തരങ്ങൾ വ്യക്തമാക്കുന്ന ലേഖന പരമ്പര 'നേർപഥം' തുടങ്ങിവെച്ചതിൽ അഭിനന്ദനം അറിയിക്കുന്നു. സാധാരണക്കാരായ മുസ്‌ലിംകളെ സമീപിച്ച് തെറ്റിദ്ധരിപ്പിച്ചും ക്വുർആൻ സൂക്തങ്ങൾ ദുർവ്യാഖ്യാനിച്ചും അവിശ്വാസത്തിന്റെ വഴിയിലേക്ക് വലിച്ചിഴക്കാൻ ഖാദിയാനി പ്രവർത്തകർ ശ്രമിക്കുക പതിവാണ്. അവരെക്കുറിച്ചോ അവർ നിരത്തുന്ന തെളിവുകളുടെ പ്രാമാണികതയെക്കുറിച്ചോ അവയുടെ ഉദ്ദേശ്യങ്ങളെക്കുറിച്ചോ അറിയാത്ത മുസ്‌ലിംകളെ തങ്ങളുടെ വിശ്വാസത്തിൽ സംശയം ജനിപ്പിക്കുവാനാണ് ഇവർ ആദ്യം ശ്രമിക്കാറുള്ളത്. ഈ ലേഖന പരമ്പര എല്ലാവരും മനസ്സിരുത്തി വായിക്കണമെന്നാണ് പറയാനുള്ളത്.

**-മുഫീദ് പന്തീരാങ്കാവ്**

# ലഹരിക്കടിമയാകുന്നവരുടെ എണ്ണത്തിൽ വൻവർധന!

“ലഹരിവസ്തുക്കളുടെ ഉപയോഗം ഇന്ന് നമ്മുടെ സമൂഹത്തിൽ വളർന്നു വന്നുകൊണ്ടിരിക്കുകയാണ്. വ്യക്തിയെയും സമൂഹത്തെയും ശിഥിലമാക്കുന്ന ലഹരി എന്ന ഈ വിപത്തിനെക്കുറിച്ച് ജനങ്ങൾക്ക്, പ്രത്യേകിച്ചും യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കേരള സർക്കാർ ആരംഭിച്ച ലഹരിവിമുക്ത പ്രചാരണ പരിപാടിയാണ് ‘വിമുക്തി.’ ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യം കേരള സർക്കാരും എക്സൈസ് വകുപ്പും കൂട്ടായ സാമൂഹിക പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കുകയാണ് വിമുക്തിയിലൂടെ. ലഹരിവിമുക്ത കേരളം എന്നതാണ് ‘വിമുക്തി’ മുന്നോട്ടുവയ്ക്കുന്ന പ്രധാന ലക്ഷ്യം. വിദ്യാർഥികളിലും യുവതലമുറയിലും പൊതുജനങ്ങളിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള വിവിധ കർമപരിപാടികൾ എക്സൈസ് ഡിപ്പാർട്മെന്റ് സംസ്ഥാന തലത്തിൽ നടപ്പിലാക്കിവരുന്നു. വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ് വിമുക്തിയുടെ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് വിജയകരമായി നടപ്പിലാക്കുന്നത്...” ഇങ്ങനെ പോകുന്നു സർക്കാരിന്റെ ലഹരി വർജന മിഷന്റെ ഭാഗമായ ‘വിമുക്തി’യെക്കുറിച്ചുള്ള പരിചയപ്പെടുത്തൽ.

ഈ ശ്രമം ശ്ലാഘനീയം തന്നെ. എന്നാൽ ഒരുവശത്ത് സർക്കാർ തന്നെ മദ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന നയവുമായി മുന്നോട്ടു പോകുക, മറുവശത്ത് ‘ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ’ പ്രവർത്തിക്കുക. ഇതിൽ ഏതാണ് വാസ്തവത്തിൽ ലക്ഷ്യം കാണുക? സംശയമില്ല, ആദ്യം പറഞ്ഞതുതന്നെ. കഞ്ചാവ്, ബ്രൗൺ ഷുഗർ, എംഡിഎംഎ പോലുള്ളവ മാത്രമാണ് ലഹരി വസ്തുക്കൾ, മദ്യം അതിൽപെടില്ല എന്നാണ് സർക്കാർ കണക്കാക്കുന്നത് എന്ന് ആർക്കെങ്കിലും തോന്നിപ്പോയാൽ അവരെ കുറ്റം പറയാൻ കഴിയില്ല.

വിദ്യാർഥികളിലടക്കം മയക്കുമരുന്ന് ഉപയോഗം കുതിച്ചുയരുന്നതിനിടെ ലഹരിക്കടിമയായി ചികിത്സ തേടുന്നവരുടെ എണ്ണത്തിൽ വൻവർധനയുണ്ടായതായാണ് പുതിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത്. 2021ൽ വിമുക്തി ഡി അഡിക്ഷൻ സെന്ററുകളിൽ 16,681 പേരാണ് ചികിത്സ തേടിയതെങ്കിൽ 2022ൽ ഇത് 27,061 ആയി കുതിച്ചുയർന്നിരിക്കുന്നു.

കൗമാരക്കാരുടെ എണ്ണത്തിലും വൻ ഉയർച്ചയാണ് കണക്കുകളിൽ. 21 വയസ്സിനുതാഴെ പ്രായമുള്ള 2312 പേരാണ് 2021ൽ ചികിത്സ തേടിയതെങ്കിൽ 2022ൽ 3569 പേരാണ് എത്തിയത്. ഈ വർഷം ജനുവരിയിൽ മാത്രം ഇരുനൂറിലധികം കൗമാരക്കാരാണ് ചികിത്സ തേടിയത്. ചികിത്സ തേടുന്ന കൗമാരക്കാരിൽ ഭൂരിഭാഗവും വിദ്യാർഥികളാണെന്നും എക്സൈസ് പറയുന്നു.

2018ൽ പദ്ധതിക്ക് തുടക്കമിട്ടതിനുശേഷം ഇതുവരെ ഒപിയിൽ മൊത്തം 87,470 പേരും ഐ.പിയിൽ 7356 പേരുമാണ് ചികിത്സ തേടിയിരിക്കുന്നത്. ഇതിൽ ഭൂരിഭാഗവും കഴിഞ്ഞ രണ്ടുവർഷങ്ങളിലായിരുന്നുവെന്നാണ് ഞെട്ടിക്കുന്ന വിവരം. ലഹരി ഉപയോഗിക്കുകയും മദ്യപിക്കുകയും ചെയ്യുന്ന പെൺകുട്ടികളുടെ എണ്ണവും ക്രമാതീതമായി വർധിക്കുന്നുവെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു.

കേരളത്തിൽ ലഹരിമരുന്ന് ഉപയോഗിക്കുന്ന കൗമാരക്കാരിൽ 79 ശതമാനം പേരും സുഹൃത്തുക്കൾ വഴിയാണ് ഇതിന് തുടക്കമിടുന്നതെന്ന് നേരത്തെ എക്സൈസ് നടത്തിയ സർവേയിൽ കണ്ടെത്തിയിരുന്നു. 10നും 15നും ഇടയിൽ പ്രായമുള്ളപ്പോൾ ലഹരി ഉപയോഗം തുടങ്ങുന്നവരാണ് കൗമാരക്കാരിൽ 70 ശതമാനം പേരുമെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

പുതുതലമുറയെ ഈ വിനാശത്തിന്റെ വഴിയിൽനിന്നും രക്ഷപ്പെടുത്തുവാനുള്ള തീവ്രശ്രമം നടത്തിയില്ലെങ്കിൽ അതിന്റെ അനന്തരഫലം പ്രവചനാതീതമായിരിക്കുമെന്ന് തിരിച്ചറിയുക; എല്ലാവരും.



# ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യും ശിയാ സിൽബന്തികളുടെ ദുരാരോപണങ്ങളും

മൂസ സ്വലാഹി കാര
:97473 45768

**മത, ഭൗതിക നവോത്ഥാന പ്രവർത്തനങ്ങളിലും വിശ്വാസ സംസ്കരണത്തിന് പാതയൊരുക്കുന്നതിലും മുന്നിൽ നിന്ന പ്രമുഖ പണ്ഡിതന്മാരിൽ പ്രധാനിയാണ് ശൈഖുൽ ഇസ്‌ലാം അഹ്മദ് ഇബ്നു അബ്ദുൽ ഹലീം ഇബ്നു തൈമിയ്യ(റഹി). അദ്ദേഹം സമൂഹത്തിൽ പടർന്നുപിടിച്ച അന്ധവിശ്വാസങ്ങൾക്കെതിരെ പടപൊരുതിയും പിഴച്ച കക്ഷികളെ പ്രാമാണികമായി നേരിട്ടും അഹ്‌ലുസ്സുന്നഃ വൽജമാഅഃയുടെ പടവാളായി മാറി.**

മത, ഭൗതിക നവോത്ഥാന പ്രവർത്തനങ്ങളിലും വിശ്വാസ സംസ്കരണത്തിന് പാതയൊരുക്കുന്നതിലും മുന്നിൽ നിന്ന പ്രമുഖ പണ്ഡിതന്മാരിൽ പ്രധാനിയാണ് ശൈഖുൽ ഇസ്‌ലാം അഹ്മദ് ഇബ്നു അബ്ദുൽ ഹലീം ഇബ്നു തൈമിയ്യ(റഹി). ഹിജ്റ 661ൽ ജനിക്കുകയും ഹിജ്റ 728ൽ മരണപ്പെടുകയും ചെയ്ത അദ്ദേഹം സമൂഹത്തിൽ പടർന്നുപിടിച്ച അന്ധവിശ്വാസങ്ങൾക്കെതിരെ പടപൊരുതിയും പിഴച്ച കക്ഷികളെ പ്രാമാണികമായി നേരിട്ടും അഹ്‌ലുസ്സുന്നഃ വൽജമാഅഃയുടെ പടവാളായി മാറി. നേർമാർഗത്തിൽനിന്നും വ്യതിചലിച്ച ഖവാരിജുകൾ, ക്വദ്‌രിയ്യാക്കൾ, ശിയാക്കൾ, സ്വൂഫികൾ, മുഅ്തസിലികൾ, അശ്അരികൾ, മാതുരീദികൾ, ജഹ്മികൾ, മുർജിഅകൾ പോലുള്ള കക്ഷികൾക്ക് നൽകിയ മറുപടികൾ അദ്ദേഹത്തിന്റെ അറിവിന്റെ ആഴവും പരപ്പും മനസ്സിലാക്കിത്തരുന്നതാണ്.

വിശ്വാസം, കർമശാസ്ത്രം, ഹദീസ്, തഫ്സീർ, മതവിരോധികൾക്കുള്ള മറുപടി തുടങ്ങിയ മേഖലകളിൽ ഇമാം നടത്തിയ പഠനങ്ങളും രചനകളും ലോകത്തെല്ലായിടത്തും വ്യാപിച്ചതിനാൽ അദ്ദേഹത്തിന് ശേഷം വന്ന പണ്ഡിതന്മാരും പഠിതാക്കളും സത്യസന്ധരായ പ്രബോധന സംഘങ്ങളും ഈ സമയം വരെയും ആ വൈജ്ഞാനിക സംഭാവനകളെ ഏറ്റവും കൂടുതലായി ആശ്രയിച്ച് വരുന്നു. പണ്ഡിതലോകം ശൈഖിന് നൽകിയ ആദരവും സ്ഥാനവും ബോധ്യമാകുന്ന ചില വാക്കുകൾ ശ്രദ്ധിക്കുക:

ഇബ്നു റജബ് അൽഹമ്പലി (റഹി) പറയുന്നു: "പണ്ഡിതന്മാരും സജ്ജനങ്ങളും പടയാളികളും രാജകുമാരന്മാരും വ്യാപാരികളും പൊതുജനങ്ങളും ഇബ്നു തൈമി

യ്യയെ സ്നേഹിച്ചു. കാരണം, തന്റെ നാവും അറിവുംകൊണ്ട് അവർക്ക് രാവും പകലും ഉപകാരപ്പെടാനാണ് അദ്ദേഹം നിലകൊണ്ടത്.”


ഇബ്നു ഹജറുൽ അസ്ക്വലാനി(റഹി) പറയുന്നു: “ശൈഖ് തകിയുദ്ദീന്റെ ഇമാമത്തിന്റെ പ്രശസ്തി സൂര്യനെക്കാൾ പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ ശൈഖ് എന്ന് വിളിച്ചത് ഇന്നും അതിന്റെ തനിമയിൽ നിലനിൽക്കുന്നു. ഇന്നലത്തെപ്പോലെ നാളെയും അത് തുടരും. അതിന്റെ മൂല്യത്തെക്കുറിച്ചുള്ള അജ്ഞതകൊണ്ടോ, വർണനകൾ ഒഴിവാക്കിയോ അല്ലാതെ ഇത് നിഷേധിക്കാനാവില്ല.”

ജലാലുദ്ദീൻ സുയൂത്വി(റഹി) പറയുന്നു: “ഇബ്നു തൈമിയ്യ; ശൈഖ്, ഇമാം, പണ്ഡിതൻ, ഹാഫിദ്, നിരൂപകൻ, അഗാധജ്ഞാനി, മുജ്തഹിദ്, ഉജ്വല വ്യാഖ്യാതാവ്, ഇസ്‌ലാമിന്റെ ശൈഖ്, വിരക്തിയുടെ അടയാളം, കാലഘട്ടത്തിന്റെ അപൂർവത എന്നീ വിശേഷണങ്ങളെല്ലാം ഉള്ളവരാണ്.”

ശൈഖ് മതത്തിന് ചെയ്ത സേവനങ്ങളെയും ചെറുപ്പത്തിൽ തന്നെ ഓരോ വിഷയങ്ങളിലും അദ്ദേഹം അവഗാഹം നേടിയതിനെ കുറിച്ചും വിശദമായിപ്പറഞ്ഞ ഗ്രന്ഥങ്ങൾ ധാരാളമുണ്ട്.

അഹ്‌ലുസ്സുന്നഃ വൽജമാഅഃയിൽനിന്ന് അകന്ന് ശിയാ-സ്വൂഫീ ധാരകളിൽ ആകൃഷ്ടരായവർ ഇമാമിന്റെ ആദർശ മുന്നേറ്റത്തിനും പ്രമാണങ്ങളോടു ചേർന്നുനിൽക്കുന്ന നിലപാടുകൾക്കും സംസ്കരണ പ്രവർത്തനങ്ങൾക്കും നേരെ വിമർശനത്തിന്റെ കൂരമ്പുകൾ പ്രയോഗിച്ചിട്ടുണ്ട്. അദ്ദേഹം കാഫിറാണെന്നുവരെ മുദ്രകുത്തിയിട്ടുണ്ട്. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് ഭരണാധികാരികൾ തണൽവിരിച്ചതിനാൽ അന്യായമായി അദ്ദേഹം ജയിലിലടക്കപ്പെട്ടു. അക്കാലത്തെ പണ്ഡിതന്മാരെ മൗനികളാക്കാൻ കാരണക്കാരായ താർത്താരികൾക്കെതിരെ പോരാട്ടം നയിച്ചും വൈജ്ഞാനിക മുന്നേറ്റം നടത്തിയും ഇമാം തന്റെ

**‘മിൻഹാജുസ്സുന്നതുന്നബവിയ്യ’ എന്ന ഗ്രന്ഥത്തിൽ തൗഹീദിനെ സംബന്ധിച്ച് ഇമാം എഴുതിയ ഏതാനും വരികൾ മാത്രം കാണുക: “തൗഹീദിന്റെ യാഥാർഥ്യമെന്നത് നാം അല്ലാഹുവിനെ ഏകനാക്കി ആരാധിക്കലും പ്രാർഥന, ഭയം, സൂക്ഷ്മത, ഭരമേൽപിക്കൽ, കീഴ്പെടൽ ഇതെല്ലാം അല്ലാഹുവിനല്ലാതെ സൃഷ്ടികളിൽ ഒരാൾക്കും നൽകാതിരിക്കലും മലക്കുകളെയും പ്രവാചകന്മാരെയും നാം രക്ഷാധികാരികളായി സ്വീകരിക്കാതിരിക്കലുമാണ്. പിന്നെ എങ്ങനെയാണ് നേതാക്കളെയും പണ്ഡിതന്മാരെയും അധികാരികളെയും മറ്റുള്ളവരേയും നാം സംരക്ഷകരായി കാണുക?’’ എത്ര കൃത്യമായാണ് ഇതിൽ തൗഹീദിന്റെ പ്രാധാന്യം എടുത്തുപറയുന്നത്! ഇതിലെവിടെയാണ് തൗഹീദിനെ കളങ്കപ്പെടുത്തുന്ന പരാമർശമുള്ളത്? ഇതെല്ലാം നൂതനാശയമാണെങ്കിൽ പ്രമാണങ്ങൾക്കും പ്രമാണങ്ങളെ വിശദീകരിച്ച നബി(സ)ക്കും ഉത്തമ തലമുറയിൽപെട്ടവർക്കും എന്ത് വിശേഷണമാണ് ഈ മുസ്‌ലിയാക്കന്മാർ നൽകുക? ആരാധനയാകുന്ന, പ്രാർഥനയടക്കമുള്ള കാര്യങ്ങൾ ജാറങ്ങൾക്കും മക്ബ്വറകൾക്കും മുമ്പിൽ അർപ്പിക്കുന്നവർക്കെന്ത് തൗഹീദ്!**



ലക്ഷ്യം കണ്ടു. യഅ്ക്വൂബ് അൽബക്‌രി, തക്‌യുദ്ദീൻ സുബ്കി, താജുദ്ദീൻ സുബ്കി, അഹ്മദ് സൈനീ ദഹ്‌ലാൻ, ഇബ്നു ഹജർ ഹൈതമി, കുല്ലാബി, നബ്ഹാനി എന്നിവർ ശൈഖിനെ എതിർത്തവരിൽ ചിലരാണ്. അദ്ദേഹത്തിന്റെ കാലഘട്ടക്കാരും പിന്നീട് വന്ന പണ്ഡിതന്മാരും ഇമാം തന്നെയും ഇവരുടെ ആക്ഷേപങ്ങൾക്ക് കനത്ത ഭാഷയിൽ മറുപടി നൽകിയിട്ടുണ്ട്.

ശിയായിസത്തെ താലോലിക്കുന്ന, അജ്ഞത മുഖമുദ്രയായി കൊണ്ടുനടക്കുന്ന സമസ്ത പുരോഹിതന്മാർ പഴയ, ജീർണിച്ച ആരോപണങ്ങളെ ചികഞ്ഞ് പുറത്തെടുക്കുന്ന തിരക്കിലാണിപ്പോൾ. 2023 ജനുവരി ലക്കം സുന്നിവോയ്സിൽ ഒരു മുസ്‌ലിയാർ എഴുതിവിട്ട ആരോപണങ്ങളെ നമുക്കൊന്ന് പരിശോധിക്കാം:

മുസ്‌ലിയാർ എഴുതുന്നു: “ഹിജ്റ 728ൽ അന്തരിച്ച അഹ്മദ് ഇബ്നു തൈമിയ്യയാണ് യഥാർഥ തൗഹീദിനെ കളങ്കപ്പെടുത്തുന്ന ഒട്ടേറെ നൂതന ആശയങ്ങളുമായി പിന്നീടു കടന്നുവന്ന വ്യക്തി” (പേജ് 9).

ഇബ്നു തൈമിയ്യ(റഹി) തൗഹീദിനെ കേടുവരുത്തി, പുതിയ ആശയങ്ങൾ പ്രചരിപ്പിച്ചു എന്നാണ് ആരോപണം. അദ്ദേഹത്തിന്റെ ജീവിതത്തെ സത്യസന്ധമായി വായിച്ചവർക്ക് ഇത് ഉൾക്കൊള്ളാനാവില്ല. ശിർക്കിന്റെ വ്യത്യസ്ത മുഖങ്ങളെ തകർക്കാൻ ഇമാം നടത്തിയ

പ്രയത്നങ്ങളെ തൗഹീദിനെ നശിപ്പിക്കലായി മനസ്സിലാക്കാൻ ശിർക്കിന്റെ വക്താക്കൾക്കേ സാധിക്കുകയുള്ളൂ. ഇമാം എഴുതിയ ഗ്രന്ഥങ്ങളിലധികവും തൗഹീദിന് പ്രഥമ പരിഗണന നൽകുന്നവയാണ്. 'അൽ ഉബൂദിയ്യ,' 'മജ്മൂഉൽ ഫതാവാ,' 'അൽഫർക്വു ബൈന ഔലിയാഇല്ലാഹി വ ഔലിയാഇശ്ശൈത്വാൻ,' 'അന്നുബൂവ്വാത്ത്' എന്നിവ അവയിൽ പ്രധാനമാണ്. 'മിൻഹാജു സ്സുന്നതുന്നബവിയ്യ' എന്ന ഗ്രന്ഥത്തിൽ തൗഹീദിനെ സംബന്ധിച്ച് ഇമാം എഴുതിയ ഏതാനും വരികൾ മാത്രം കാണുക: "തൗഹീദിന്റെ യാഥാർഥ്യമെന്നത് നാം അല്ലാഹുവിനെ ഏകനാക്കി ആരാധിക്കലും പ്രാർഥന, ഭയം, സൂക്ഷ്മത, ഭരമേൽപിക്കൽ, കീഴ്പെടൽ ഇതെല്ലാം അല്ലാഹുവിനല്ലാതെ സൃഷ്ടികളിൽ ഒരാൾക്കും നൽകാതിരിക്കലും മലക്കുകളെയും പ്രവാചകന്മാരെയും നാം രക്ഷാധികാരികളായി സ്വീകരിക്കാതിരിക്കലുമാണ്. പിന്നെ എങ്ങനെയാണ് നേതാക്കളെയും പണ്ഡിതന്മാരെയും അധികാരികളെയും മറ്റുള്ളവരേയും നാം സംരക്ഷകരായി കാണുക?"

എത്ര കൃത്യമായയാണ് ഇതിൽ തൗഹീദിന്റെ പ്രാധാന്യം എടുത്തുപറയുന്നത്! ഇതിലെവിടെയാണ് തൗഹീദിനെ കളങ്കപ്പെടുത്തുന്ന പരാമർശമുള്ളത്? ഇതെല്ലാം നൂതനാശയമാണെങ്കിൽ പ്രമാണങ്ങൾക്കും പ്രമാണങ്ങളെ വിശദീകരിച്ച നബി(സ)ക്കും ഉത്തമ തലമുറയിൽപെട്ടവർക്കും എന്ത് വിശേഷണമാണ് ഈ മുസ്‌ലിയാക്കന്മാർ നൽകുക? ആരാധനയാകുന്ന, പ്രാർഥനയടക്കമുള്ള കാര്യങ്ങൾ ജാറങ്ങൾക്കും മക്ബ്ബറകൾക്കും മുമ്പിൽ അർപ്പിക്കുന്നവർക്കെന്ത് തൗഹീദ്!

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "പുതിയ പ്രസ്ഥാനങ്ങൾക്കെല്ലാം ആദ്യ നൂറ്റാണ്ടുകളിലെ പിഴച്ച കക്ഷികളുമായി ആശയസാമ്യത കാണുമെങ്കിലും ഇന്നുള്ള വികലാശയങ്ങളെ ഈ രൂപത്തിൽ പടച്ചുണ്ടാക്കിയതിനു പ്രധാന പ്രചോദനം ഇബ്നു തൈമിയ്യയായിരുന്നു" (പേജ് 9).

അഹ്‌ലുസ്സുന്നഃ വൽജമാഅഃയിൽനിന്ന് വ്യതിചലിച്ചവരുടെ മുഖം നോക്കാതെ, അവരുടെ വികലമായ ആശയങ്ങളുടെ അടിവേരറുത്ത ഇമാമിനെയാണിവർ പഴിക്കുന്നത്. നീതിബോധത്തോടെയും അവകാശ ധ്വംസനം നടത്താതെയും തെളിവുകൾ ചൂണ്ടിക്കാട്ടിയുമാണ് ഇമാം വഴിവിട്ട ചിന്താധാരകളെ നേരിട്ടത്. പിഴച്ച വിശ്വാസങ്ങൾക്ക് അനുകൂലമാകുന്ന ഒരു വാക്കുപോലും ഇമാം പറഞ്ഞിട്ടില്ല. 'ഇക്വ്തിദാഉസ്സ്വിറാത്തിൽ മുസ്തക്വീം,' 'മസാഇലുൽ ജാഹിലിയ്യ' എന്നിവയും ക്വദ്‌രിയ്യാക്കൾ, ശിയാക്കൾ, മുഅ്തസിലിയാക്കൾ എന്നിവർക്ക് മറുപടിയായി എഴുതിയ 'മിൻഹാജുസ്സുന്നതുന്നബവിയ്യ,' 'ദർഉ തആറുളിൽ അക്വ്‌ലി വന്നക്വ്‌ലി' എന്നിവയും ഇവർ വായിച്ചിരുന്നെങ്കിൽ ഈ മണ്ടത്തരം എഴുതിവിടില്ലായിരുന്നു. ഇവരുടെ പ്രധാന നേതാക്കളായ ഹല്ലാജും ഇബ്നു അറബിയും കൊണ്ടുവന്ന പിഴച്ച സ്വൂഫീചിന്തകളെ തന്റെ മജ്മൂഉൽ ഫതാവയിലൂ

**നാളിതുവരെ ശിയാക്കളെ പിൻപറ്റി സമസ്ത പുരോഹിതന്മാർ ചെയ്തുവരുന്ന പ്രമാണ ദുർവ്യാഖ്യാനവും വ്യക്തികളെ കാഫിറാക്കലും ഒരു മഹാപണ്ഡിതന്റെ മേൽ മുസ്‌ലിയാർ വെച്ച് കെട്ടുകയാണിണിവിടെ. പ്രമാണങ്ങളിലുള്ള കാര്യങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുകയും അടിസ്ഥാന പ്രമാണങ്ങളെ തെറ്റായി വ്യാഖ്യാനിച്ചവരെ പരസ്യമായി വിചാരണ നടത്തുകയും ചെയ്ത ശൈഖിനെ ഈ രീതിയിൽ അവതരിപ്പിക്കാൻ മതത്തോട് പ്രതിബദ്ധതയുള്ളവർക്ക് ഒരിക്കലും കഴിയില്ല.**



ടെ ഇമാം പ്രത്യേകം എതിർത്തത് ഇക്കൂട്ടരെ വല്ലാതെ ചൊടിപ്പിക്കുന്നതിന്റെ ഫലമാണിതെല്ലാം.

മുസ്‌ലിയാർ എഴുതുന്നു: "ക്വുർആനിന്റെയും സുന്നത്തിന്റെയും വ്യാഖ്യാനം ശരിയായ രൂപത്തിൽ പാരമ്പര്യമായി ലഭിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തിരുന്ന മുസ്‌ലിംകളെ മുശ്‌രിക്കാക്കാനും തന്റെ പരിഷ്‌കാരങ്ങളും നവീനാശയങ്ങളും ജനങ്ങൾക്കു പകർന്നു കൊടുക്കാനുമായി ഇബ്‌നു തൈമിയ്യ പ്രമാണങ്ങളിൽ എമ്പാടും ദുർവ്യാഖ്യാനങ്ങൾ നടത്തി" (പേജ് 9).

നാളിതുവരെ ശിയാക്കളെ പിൻപറ്റി സമസ്ത പുരോഹിതന്മാർ ചെയ്തുവരുന്ന പ്രമാണ ദുർവ്യാഖ്യാനവും വ്യക്തികളെ കാഫിറാക്കലും ഒരു മഹാപണ്ഡിതന്റെ മേൽ മുസ്‌ലിയാർ വെച്ച് കെട്ടുകയാണിണിവിടെ. പ്രമാണങ്ങളിലുള്ള കാര്യങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുകയും അടിസ്ഥാന പ്രമാണങ്ങളെ തെറ്റായി വ്യാഖ്യാനിച്ചവരെ പരസ്യമായി വിചാരണ നടത്തുകയും ചെയ്ത ശൈഖിനെ ഈ രീതിയിൽ അവതരിപ്പിക്കാൻ മതത്തോട് പ്രതിബദ്ധതയുള്ളവർക്ക് ഒരിക്കലും കഴിയില്ല.

എത്രയെത്ര വികല വാദങ്ങളെയാണ് ഇക്കൂട്ടർ ആയത്തുകൾ ദുർവ്യാഖ്യാനിച്ച് സ്ഥാപിക്കാൻ ശ്രമിച്ചിട്ടുള്ളത്! ഒരു നിലയ്ക്കും തെളിവാക്കാൻ പറ്റാത്ത ദുർബല റിപ്പോർട്ടുകളെയും നിർമിത കഥകളെയും സ്വീകരിച്ച് ഇവർ സമൂഹത്തിൽ പരത്തിയ പിഴവുകൾ എത്രയാണ്!

'സുന്നി സാഹിത്യതറവാട്ടിലെ കാവലാൾ' എന്ന് ഒരിക്കൽ സമസ്ത വിശേഷിപ്പിച്ച കെവിഎം പന്താവൂരിനെപ്പറ്റി അവർതന്നെ എഴുതിയത് കാണുക: "ക്വുർആൻ പരിഭാഷ തികച്ചും അബദ്ധ ജഡിലവും തോന്നിവാസവുമാണെന്നും അതെഴുതിയുണ്ടാക്കിയ വകയിൽ കുറ്റനാട് മുസ്‌ലിയാർ മുർത്തദ്ദും കാഫിറുമായിട്ടുണ്ടെന്നും അന്ന് സമസ്ത സെക്രട്ടറി ഫത്‌വ പുറപ്പെടുവിച്ചത് ജനങ്ങൾ മറന്നിട്ടില്ല" (സിറാജ് /1988 നവംബർ 21/ചൊവ്വ).

> **വ്യക്തികളെ എടുത്തുപറഞ്ഞ് കാഫിറാക്കുക എന്നത് ഇബ്‌നു തൈമിയ്യ(റ)യുടെ സ്വഭാവമോ രീതിയോ ആയിരുന്നില്ല. കാഫിറാക്കുക എന്നത് അല്ലാഹുവിന്റെ അവകാശത്തിൽപെട്ടതാണ്. അല്ലാഹുവിനെയും നബി (സ്വ) യെയും നിഷേധിച്ചവനാരോ അവനാണ് അതിൽപെടുക'' (അർറദ്ദു അലൽ ബക്‌രി). അജ്ഞരായ ധാരാളം പേർ തെളിവും ന്യായവുമില്ലാതെ വ്യക്തികളെ കാഫിറാക്കുന്നതിന്റെ അപകടം ഇമാം തന്റെ മജ്മൂഉൽ ഫതാവയിൽ വിശദീകരിച്ചത് കാണാവുന്നതാണ്. സമൂഹത്തിന്റെ മതപരവും സാമൂഹികവുമായമായ ഉന്നമനത്തിനായി അറിവിനെ ആയുധമാക്കി ജീവിച്ച പണ്ഡിതന്മാരെ ഈ രൂപത്തിൽ വേട്ടയാടുന്ന പരലോക ചിന്തയില്ലാത്തവർ ക്വുർആൻ നൽകിയ താക്കീതിനെ ഭയക്കട്ടെ.**

ഇതര മുസ്‌ലിം സംഘടനകളിൽ പെട്ടവരെ കാഫിറുകളായി വിധി പറയാനും ഇവർക്ക് മടിയില്ല. 1994 മാർച്ച് മാസത്തെ സുന്നിവേദിയിൽ എഴുതിയത് നോക്കൂ: "വഹാബികളും മൗദൂദികളും അസ്‌ലിയ്യായ കാഫിറുകളെക്കാൾ കടുത്ത കാഫിറുകളല്ലേയെന്ന് മുസ്‌ലിമീങ്ങൾ ചിന്തിച്ച് നോക്കുക."

വ്യക്തികളെ എടുത്തുപറഞ്ഞ് കാഫിറാക്കുക എന്നത് ഇബ്‌നു തൈമിയ്യ(റ)യുടെ സ്വഭാവമോ രീതിയോ ആയിരുന്നില്ല. അദ്ദേഹം പറയുന്നു: "കാഫിറാക്കുക എന്നത് മതവിധിയാണ്. അറിവിന്റെയും നബിചര്യയുടെയും ആളുകൾക്ക് എതിരായുള്ളവർ അവരെ കാഫിറാക്കിയാലും അതുപോലുള്ളതു കൊണ്ട് ഒരാളെ ശിക്ഷിക്കാൻ പാടില്ലെന്നതിനാൽ അവർ ആരെയും കാഫിറാക്കുകയില്ല. ഒരാൾ നിന്നെ കളവാക്കി, അല്ലെങ്കിൽ നിന്റെ ഭാര്യയെ വ്യഭിചരിച്ചു; അല്ലാഹു ഇത് നിഷിദ്ധമാക്കിയതിനാൽ നീ തിരിച്ച് അങ്ങനെ ചെയ്യാൻ പാടില്ല. കാഫിറാക്കുക എന്നത് അല്ലാഹുവിന്റെ അവകാശത്തിൽപെട്ടതാണ്. അല്ലാഹുവിനെയും നബി (സ്വ)യെയും നിഷേധിച്ചവനാരോ അവനാണ് അതിൽപെടുക" (അർറദ്ദു അലൽ ബക്‌രി).

അജ്ഞരായ ധാരാളം പേർ തെളിവും ന്യായവുമില്ലാതെ വ്യക്തികളെ കാഫിറാക്കുന്നതിന്റെ അപകടം ഇമാം തന്റെ മജ്മൂഉൽ ഫതാവയിൽ വിശദീകരിച്ചത് കാണാവുന്നതാണ്. സമൂഹത്തിന്റെ മതപരവും സാമൂഹികവുമായമായ ഉന്നമനത്തിനായി അറിവിനെ ആയുധമാക്കി ജീവിച്ച പണ്ഡിതന്മാരെ ഈ രൂപത്തിൽ വേട്ടയാടുന്ന പരലോക ചിന്തയില്ലാത്തവർ ക്വുർആൻ നൽകിയ താക്കീതിനെ ഭയക്കട്ടെ. അല്ലാഹു പറയുന്നു:

"നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും. (നബിയേ,) അവർക്ക് വല്ല നേട്ടവും വന്നുകിട്ടിയാൽ അവർ പറയും; ഇത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ചതാണ് എന്ന്. അവർക്ക് വല്ല ദോഷവും ബാധിച്ചാൽ അവർ പറയും; ഇത് നീ കാരണം ഉണ്ടായതാണ് എന്ന്. പറയുക: എല്ലാം അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണ്. അപ്പോൾ ഈ ആളുകൾക്ക് എന്തുപറ്റി? അവർ ഒരു വിഷയവും മനസ്സിലാക്കാൻ ഭാവമില്ല" (ക്വുർആൻ 4:78).

**(തുടരും)**



# രാജ്യം നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ

**വി. അവാം സുറൂർ**
: 97459 07491

**രാജ്യപുരോഗതിയുടെ നട്ടെല്ലാണ് സാമ്പത്തികാടിത്തറ. വ്യക്തമായ സാമ്പത്തിക നയമുള്ള ഭരണ സംവിധാനത്തിനു മാത്രമെ ആ രംഗത്ത് സുസ്ഥിരത നിലനിർത്താൻ കഴിയൂ. സ്വാതന്ത്ര്യലബ്ധിക്കും വിഭജനത്തിനും ശേഷം കൃതകൃത്യമായ പ്രവർത്തനങ്ങൾ കൊണ്ടാണ് രാജ്യം സാമ്പത്തിഭാവ്യദ്ധി നേടിയത്. എന്നാൽ നടപ്പു ഭരണകാലത്തേക്ക് മാത്രം ആസൂത്രണം ചെയ്യുന്ന ഇന്നത്തെ സാമ്പത്തിക സമീപനങ്ങൾ രാജ്യത്തെ എവിടേക്ക് കൊണ്ടുചെന്നെത്തിക്കുമെന്നത് കണ്ടറിയേണ്ടതുണ്ട്.**

ഏതൊരു രാഷ്ട്രത്തിന്റെയും വളർച്ചയ്ക്കു പിന്നിൽ ആ രാജ്യത്തിന്റെ സാമൂഹ്യ, സാമ്പത്തിക ഘടനയ്ക്കുള്ള പങ്ക് വളരെ വലുതാണ്. ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ സങ്കീർണമായ സാമൂഹ്യ, സാമ്പത്തിക ഘടനയെ ഉൾക്കൊണ്ടാണ് സ്വാതന്ത്ര്യാനന്തരം പ്രഥമ പ്രധാന മന്ത്രി മുതലുള്ള രാഷ്ട്ര ശിൽപികൾ ഈ രാജ്യത്തെ വളർത്തിയത്. സാമ്പത്തികം മാത്രമല്ല സാമൂഹ്യ, വിദേശ നയങ്ങളെല്ലാംതന്നെ രൂപപ്പെട്ടത് രാജ്യം അതുവരെ കടന്നുവന്നതും അപ്പോൾ നിലനിന്നിരുന്നതുമായ സങ്കീർണതകൾ പൂർണമായും ഉൾക്കൊണ്ടായിരുന്നു എന്ന് കാണാം.

പിൽകാലത്ത് ഈ രാജ്യം കൈവരിച്ച ഉന്നതമായ സാമ്പത്തിക, സാമൂഹ്യ നേട്ടങ്ങളിൽ അതാത് കാലത്തെ ദീർഘ വീക്ഷണമുള്ളവരായ ഭരണാധികാരികളുടെ കൃത്യമായ ഇടപെടലുകൾ കാണാമായിരുന്നു. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തികളിൽ ഒന്നായ ചൈനയിൽ 1950കളിൽ പട്ടിണിമൂലം മൂന്ന് കോടിയിലേറെ ജനങ്ങൾ മരണപ്പെടുകയുണ്ടായി. എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ശൈശവദശയിൽ പോലും അങ്ങനെയൊരു ദുരന്തം ഇല്ലാത്ത സാഹചര്യം സംജാതമാക്കുന്നതിൽ ആ കാലത്തെ ഭരണകർത്താക്കൾ സ്വീകരിച്ച നയങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. പിൽകാലത്ത് ആഗോള വ്യാപകമായി സാമ്പത്തിക മാന്ദ്യം പിടിമുറുക്കിയപ്പോഴും അമേരിക്ക അടക്കമുള്ള ലോക സാമ്പത്തിക ശക്തികൾ പ്രതിസന്ധികൾ നേരിട്ടപ്പോഴും ഇന്ത്യയെ ശക്തമായ സാമ്പത്തിക ശക്തിയായി നിലനിർത്താൻ പിന്നീട് കടന്നുവന്ന ധനകാര്യ മന്ത്രിമാർക്കും പ്രധാനമന്ത്രിമാർക്കും സാധിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

### സാമ്പത്തിക നയങ്ങൾ ഇന്നലെകളിലും ഇന്നും

മതങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം സാമ്പത്തിക നയങ്ങളും അധ്യാപനങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ഇന്ത്യയെന്ന രാഷ്ട്രത്തെയും അതിലെ ബഹുസ്വരതയെയും പടുത്തുയർത്തിയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് ഇന്ത്യയുടെ വളർച്ചക്ക് അനിവാര്യമായ സാമ്പത്തിക കാര്യങ്ങളെ കുറിച്ച് കൃത്യമായ നയവും നിലപാടും ഉണ്ടായിരുന്നു. വിവിധ കാലങ്ങളിൽ സാമ്പത്തിക നയങ്ങളിൽ വന്ന മാറ്റങ്ങൾ വിയോജിപ്പും വിമർശനങ്ങളും നേരിട്ടെങ്കിലും രാജ്യത്തിന്റെ പൊതുവായ വളർച്ചയെയും സാമൂഹ്യ ഘടനയെയും ആ നയങ്ങൾ എന്നും ഉൾക്കൊണ്ടതായി കാണാമായിരുന്നു.

ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെട്ട ഒരു മനുഷ്യ നിർമിത പ്രത്യയശാസ്ത്രം എന്ന നിലയ്ക്ക്



കമ്യൂണിസത്തിന് സാമ്പത്തിക കാര്യങ്ങളിൽ ഒരു നയവും നിലപാടും ഉണ്ടായിരുന്നു. അതിന്റെ പ്രായോഗികതയും ജയപരാജയങ്ങളും മറ്റൊരു ചർച്ചാവിഷയമാണെങ്കിലും, ആ പ്രത്യയശാസ്ത്രത്തിന്റെ സാമ്പത്തിക നയങ്ങൾ ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. വിമർശനങ്ങൾക്ക് വിധേയമായതുമാണ്.

മനുഷ്യ ജീവിതത്തിന്റെ സൂക്ഷ്മ തലങ്ങളെ പോലും സമഗ്രമായി സ്പർശിക്കുന്ന ദൈവിക മതമായ ഇസ്‌ലാം ജീവൽ പ്രധാനമായ സാമ്പത്തിക കാര്യങ്ങളിൽ സാമൂഹ്യ ഭദ്രത പൂർണാർഥത്തിൽ ഉൾക്കൊള്ളുന്ന സാമ്പത്തിക അധ്യാപനങ്ങൾ പഠിപ്പിക്കുകയും നയങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നുണ്ട്.

ഇന്ന് രാജ്യം ഭരിക്കുന്നവർ അവരുടെ ആശയങ്ങൾ പടുത്തുയർത്തിയത് കേവലം ഉന്മൂലന സിദ്ധാന്തത്തിലായതിനാൽ ഉന്മൂലനം ചെയ്യാനുള്ള പൊതുശത്രുവിന്റെ ക്രോണോളജി ഓർഡർ തയ്യാറാക്കാനും അവരെ എങ്ങനെയെല്ലാം ദുരിതത്തിലാക്കാം എന്നൊക്കെയുള്ള പദ്ധതി തയ്യാറാക്കാനുമുള്ള ശ്രമത്തിലാണ്. ഭൂരിപക്ഷം നേടിയെടുത്ത് ഭരണം കൈക്കലാക്കിയാൽ എങ്ങനെ ഈ രാജ്യത്തെ സാമ്പത്തികമായി വളർത്താമെന്നോ പൗരന്മാരുടെ സാമൂഹ്യപുരോഗതി എങ്ങനെ ഉറപ്പുവരുത്താമെന്നോ ഉള്ള ചിന്തയില്ലെന്നു പറയാം. ഈ അടിസ്ഥാനത്തിൽ നിന്നാണ് ഇന്ന് രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധികളുടെ തുടക്കം നാം വായിച്ചെടുക്കേണ്ടത്.

**സാമ്പത്തിക പ്രതിസന്ധികളുടെ തുടക്കം**

ആർ.എസ്.എസിനോ ബി.ജെ.പിക്കോ രാജ്യത്തിന്റെ വളർച്ചയെ സ്വാധീനിക്കാവുന്ന കൃത്യമായ സാമ്പത്തിക നയങ്ങളോ കാഴ്ചപ്പാടോ ഒരു

**ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തികളിൽ ഒന്നായ ചൈനയിൽ 1950കളിൽ പട്ടിണിമൂലം മൂന്ന് കോടിയിലേറെ ജനങ്ങൾ മരണപ്പെടുകയുണ്ടായി. എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ശൈശവദശയിൽ പോലും അങ്ങനെയൊരു ദുരന്തം ഇല്ലാത്ത സാഹചര്യം സംജാതമാക്കുന്നതിൽ ആ കാലത്തെ ഭരണകർത്താക്കൾ സ്വീകരിച്ച നയങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. പിൽകാലത്ത് ആഗോള വ്യാപകമായി സാമ്പത്തിക മാന്ദ്യം പിടിമുറുക്കിയപ്പോഴും അമേരിക്ക അടക്കമുള്ള ലോക സാമ്പത്തിക ശക്തികൾ പ്രതിസന്ധികൾ നേരിട്ടപ്പോഴും ഇന്ത്യയെ ശക്തമായ സാമ്പത്തിക ശക്തിയായി നിലനിർത്താൻ പിന്നീട് കടന്നുവന്ന ധനകാര്യ മന്ത്രിമാർക്കും പ്രധാന മന്ത്രിമാർക്കും സാധിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.**


കാലത്തും ഉണ്ടായിട്ടില്ല. സൈദ്ധാന്തികാചാര്യന്മാർക്കും ഓരോ കാലത്ത് കടന്നുവന്ന രാഷ്ട്രീയ നേതൃത്വത്തിനും രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസൃതമായി വ്യത്യസ്തമായ കാഴ്ച്ചപ്പാടുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഹിന്ദുത്വ രാഷ്ട്രീയ അജണ്ടകളുടെ സൈദ്ധാന്തിക ചിന്തകൾ മുഴുവനും ഹിന്ദു രാഷ്ട്ര സങ്കൽപത്തിനും ശത്രുക്കളുടെ ഉന്മൂലനത്തിനും ചുറ്റും കറങ്ങുന്നത് മാത്രമായിരുന്നതിനാൽ സാമ്പത്തിക കാര്യത്തിൽ മാത്രമല്ല ആധുനിക സ്റ്റേറ്റിനെ കുറിച്ചോ ഗവേർണൻസ് അഥവാ ഭരണ നിർവഹണങ്ങളെ കുറിച്ചോ, വിദേശ കാര്യങ്ങളെ കുറിച്ചോ ഒന്നുംതന്നെ അവർക്കു നയങ്ങൾ ഉണ്ടായിരുന്നില്ല എന്നതാണ് യഥാർഥ വസ്തുത.

ദീൻ ദയാൽ ഉപാധ്യയുടെ 'ഇന്റഗ്രൽ ഹ്യൂമനിസം' അധഃസ്ഥിതരുടെ ഉന്നമനത്തെ പരാമർശിച്ചുപോയെങ്കിൽ, ബൽരാജ് മധോക്കും വാജ്പേയിയും ഡോ. സുബ്രഹ്മണ്യൻ സ്വാമിയും പോലുള്ളവർ സ്വതന്ത്ര ആഗോളകമ്പോളവത്കരണത്തെ പിന്തുണക്കുന്നവരായാണ് കണ്ടത്. ജിന്നയുടെ ചെറുമകനടക്കമുള്ള ബിസിനസുകാരിൽനിന്ന് നിലനിൽപിനായി ധനസമാഹരണം നടത്തുന്ന നാനാജി ദേശ്മുഖിനെ പോലുള്ളവരെയും കാണാമായിരുന്നു.

പലപ്പോഴും സാമ്പത്തിക നയങ്ങൾ സ്വീകരിക്കുന്നത് രാഷ്ട്ര താൽപര്യങ്ങളെക്കാൾ രാഷ്ട്രീയ താൽപര്യങ്ങൾ ലക്ഷ്യംവച്ച് മാത്രമായിരുന്നു എന്ന് വ്യക്തമായി പറയാൻ സാധിക്കും. താൽക്കാലിക നേട്ടം മാത്രം ലക്ഷ്യം വെച്ചുള്ള അത്തരം നയങ്ങൾ പാരമ്യത്തിലെത്തിയ ഇന്ന് അവർക്ക് ആകെയുള്ള സാമ്പത്തിക നയം സ്വയം നിലനിൽക്കാൻ ആരെ നിലനിർത്തണം എന്ന പരസ്പര സഹകരണത്തിന്റെ സാമ്പത്തിക ധാരണ മാത്രമാണ്!

ഇരുപത്തൊന്ന് വർഷങ്ങൾക്ക് മുമ്പ് ഇന്നത്തെ പ്രധാന മന്ത്രി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് രൂപംകൊണ്ട കോർപറേറ്റ് ഭരണ വർഗ അവിശുദ്ധ കൂട്ടുകെട്ടിൽനിന്നും പഠിച്ച 'നിലനിൽപിനായുള്ള പരസ്പര സഹകരണത്തിന്റെ സാമ്പത്തിക ധാരണ' എന്ന, കുമിളയെക്കാൾ ദുർബലമായ അവരുടെ മാത്രം സാമ്പത്തിക നയത്തിന്റെ കെടുതികളുടെ ഉച്ഛസ്ഥായിയിലാണ് ഇന്ന് രാജ്യം. മുൻ സർക്കാറുകളുടെ ഉദാര സാമ്പത്തിക നയങ്ങൾ 'ക്രോണി കാപ്പിറ്റലിസ'ത്തിലേക്കു നയിച്ചെന്നു വിമർശിച്ചിരുന്ന പലരും ഇന്നത്തെ പ്രധാന മന്ത്രി ക്രോണി കാപ്പിറ്റലിസം മറികടന്ന് 'ഒളിഗോപൊളി കാപ്പിറ്റലിസ'ത്തിലേക്ക് അതിശക്തമായി കൂപ്പുകുത്തിയിട്ടും മൗനവ്രതത്തിലാണെന്നത് ഇതോടൊപ്പം കൂട്ടിവായിക്കേണ്ട മറ്റൊരു വസ്തുതയാണ്.

**ഹിന്ദുത്വ രാഷ്ട്രീയ അജണ്ടകളുടെ സൈദ്ധാന്തിക ചിന്തകൾ മുഴുവനും ഹിന്ദു രാഷ്ട്ര സങ്കൽപത്തിനും ശത്രുക്കളുടെ ഉന്മൂലനത്തിനും ചുറ്റും കറങ്ങുന്നത് മാത്രമായിരുന്നതിനാൽ സാമ്പത്തിക കാര്യത്തിൽ മാത്രമല്ല ആധുനിക സ്റ്റേറ്റിനെ കുറിച്ചോ ഗവേർണൻസ് അഥവാ ഭരണ നിർവഹണങ്ങളെ കുറിച്ചോ, വിദേശ കാര്യങ്ങളെ കുറിച്ചോ ഒന്നുംതന്നെ അവർക്കു നയങ്ങൾ ഉണ്ടായിരുന്നില്ല എന്നതാണ് യഥാർഥ വസ്തുത.**




രാജ്യത്തെ സുപ്രധാന മേഖലകളിൽ സ്വകാര്യവത്കരണമടക്കമുള്ള വലിയ മാറ്റങ്ങൾക്ക് മുൻ സർക്കാറുകൾ നേതൃത്വം നൽകിയപ്പോഴും അത്തരം മേഖലകളിൽ മൊണോപൊളികൾ ഉണ്ടാകുന്നത് തടയാൻ കൃത്യമായ ഇടപെടലുകൾ നടത്തിയിരുന്നു എന്നത് വസ്തുതയാണെങ്കിൽ, ഇന്ന് രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം അടക്കം എല്ലാ മേഖലകളിലും സാമ്പത്തികമായി അടിത്തറ പോലും ഭദ്രമല്ലാത്ത മൊണോപൊളികളെയാണ് പ്രധാന മന്ത്രിയും കേന്ദ്ര സർക്കാരും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

### രാഷ്ട്രീയവത്കരിക്കപ്പെട്ട സാമ്പത്തിക സർവേ

കേന്ദ്ര സർക്കാർ വാർഷിക ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് ഒരു ദിവസം മുമ്പ് പതിവു പോലെ, 2022-23 വർഷത്തേക്കുള്ള സാമ്പത്തിക സർവേ പുറത്തിറക്കി. ഒരു സാമ്പത്തിക വർഷത്തിലെ സമ്പദ് വ്യവസ്ഥയുടെ സ്ഥിതി

വിവരിക്കുന്ന ഒരു സംഗ്രഹമാണ് സാധാരണ സാമ്പത്തിക സർവേ. കോവിഡ് മഹാമാരിക്ക് ശേഷം ജോലി നഷ്ടപ്പെട്ടും വരുമാനം കുറഞ്ഞും ഇതുവരെ സർക്കാർ സഹായമൊന്നും ലഭിക്കാതിരുന്ന, കുറച്ചു കാലമായി സാമ്പത്തികമായി മോശം അവസ്ഥയിലുള്ള പൊതുജനത്തെ സംബന്ധിച്ച് അവരുൾക്കൊള്ളുന്ന രാജ്യത്തിന്റെ സാമ്പത്തിക സാഹചര്യം മനസ്സിലാക്കാൻ സാമ്പത്തിക വിദഗ്ധനാകേണ്ടതില്ല.

എന്നാൽ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥയെക്കുറിച്ചുള്ള വിവരമായിരുന്നില്ല സാമ്പത്തിക സർവേയിൽ ഉള്ളത്, മറിച്ച് ‘പുതിയ ഇന്ത്യ’യിൽ എല്ലാം നല്ലനിലയിലാണെന്ന ഒരു പുകമറ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള കടുത്ത രാഷ്ട്രീയം മാത്രമായിരുന്നു സർവേ എന്ന പേരിൽ അവതരിപ്പിക്കപ്പെട്ടത്. കേവലം 2024 ലെ പൊതു തെരഞ്ഞെടുപ്പ് മാത്രം ലക്ഷ്യം വെച്ച്, രാജ്യത്തിന്റെ സമീപകാല സാമ്പത്തിക ചരിത്രത്തിൽ വാജ്പേയിയുടെയും മോദിയുടെയും രണ്ട് കാലഘട്ടങ്ങളെ മാത്രം തെരഞ്ഞെടുത്തു പ്രതിപാദിക്കുന്ന എക്കണോമിക് സർവേ ഒരു എക്കണോമിക് സർവേ ആണോ അതോ പൊളിറ്റിക്കൽ പേപ്പർ ആണോയെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ വസ്തുത ബലപ്പെടുത്തുന്നതായിരുന്നു തൊട്ടടുത്ത ദിവസം അവതരിപ്പിക്കപ്പെട്ട നിലവിലെ സർക്കാരിന്റെ അവസാന സമ്പൂർണ ബജറ്റിന്റെ ഉള്ളടക്കവും.

**ഇരുപത്തൊന്ന് വർഷങ്ങൾക്ക് മുമ്പ് ഇന്നത്തെ പ്രധാന മന്ത്രി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് രൂപംകൊണ്ട കോർപറേറ്റ് ഭരണ വർഗ അവിശുദ്ധ കൂട്ടുകെട്ടിൽനിന്നും പഠിച്ച ‘നിലനിൽപിനായുള്ള പരസ്പര സഹകരണത്തിന്റെ സാമ്പത്തിക ധാരണ’ എന്ന, കുമിളയെക്കാൾ ദുർബലമായ അവരുടെ മാത്രം സാമ്പത്തിക നയത്തിന്റെ കെടുതികളുടെ ഉച്ചസ്ഥായിയിലാണ് ഇന്ന് രാജ്യം. മുൻ സർക്കാറുകളുടെ ഉദാര സാമ്പത്തിക നയങ്ങൾ ‘ക്രോണി കാപ്പിറ്റലിസ’ത്തിലേക്കു നയിച്ചെന്നു വിമർശിച്ചിരുന്ന പലരും ഇന്നത്തെ പ്രധാനമന്ത്രി ക്രോണി കാപ്പിറ്റലിസം മറികടന്ന് ‘ഒളിഗോപൊളി കാപ്പിറ്റലിസ’ത്തിലേക്ക് അതിശക്തമായി കൂപ്പുകുത്തിയിട്ടും മൗനവ്രതത്തിലാണെന്നത് ഇതോടൊപ്പം കൂട്ടിവായിക്കേണ്ട മറ്റൊരു വസ്തുതയാണ്.**




‘ഇന്ത്യ തിളങ്ങുന്നു’ എന്ന വാജ്പേയ് കാലത്തെ പ്രചാരണം പോലെ മോഡി കാലം ഇന്ത്യക്ക് ‘അമൃത് കാൽ’ ആണെന്ന പ്രചാരണം അഴിച്ചുവിട്ട്, സർക്കാരിന്റെ സാമ്പത്തിക തകർച്ചകളെ വിമർശിക്കുന്നവരുടെ ദേശീയതയും രാജ്യസ്നേഹവും ചോദ്യം ചെയ്യുന്ന രാഷ്ട്രീയ തന്ത്രമാണ് സർവേയിലൂടെയും കാണിക്കുന്നത്. 2004നും 2014നും ഇടയിൽ രാജ്യത്തുണ്ടായ വളർച്ചയെ കുറിച്ച് പരാമർശിക്കാത്ത സർവേയുടെ ലക്ഷ്യം തികഞ്ഞ രാഷ്ട്രീയമല്ലാതെ മറ്റെന്താണ്?

### രാജ്യം നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ

തൊഴിലില്ലായ്മ, വിലക്കയറ്റം, ദാരിദ്ര്യം; ഈ മൂന്ന് അടിസ്ഥാന പ്രശ്നങ്ങൾ രാജ്യം ഇന്ന് നേരിടുന്നതും കഴിഞ്ഞ ഏതാനും വർഷങ്ങളായി വർധിച്ചു വരുന്നതുമായ വസ്തുതകളാണ്. രാജ്യത്തെ ഫിനാൻസ് കമ്മീഷൻ പോലും രാജ്യം നേരിടുന്ന മുഖ്യ സാമ്പത്തിക വെല്ലുവിളിയായി ഉയർത്തിക്കാണിച്ചിരിക്കുന്നത് ഈ മൂന്നു കാര്യങ്ങളെയാണ്. കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് രാജ്യം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. രാജ്യത്തെ 22% ജനങ്ങളും ദാരിദ്ര്യരേഖക്ക് താഴെ കഴിയുകയാണ്. ഈ പ്രശ്നങ്ങളെ നേരിടാൻ ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളാൻ സർക്കാർ തയ്യാറാകുന്നില്ല. രാജ്യത്തെ എണ്ണപ്പെട്ട സമ്പന്നർ അതിസമ്പന്നരും ദരിദ്രർ അതിദരിദ്രരുമായിത്തീരുകയാണ്. അഥവാ സാമ്പത്തിക അസമത്വത്തിന്റെ വ്യാപ്തി വർധിപ്പിക്കുക മാത്രമാണ് സർക്കാർ ചെയ്യുന്നത്.

### പണപ്പെരുപ്പം

ജീവൽ പ്രധാനമായ ഭക്ഷ്യവ

> **ബഹുസ്വര സമൂഹത്തിൽ ഒരുമിച്ചുകഴിയുമ്പോൾ ഇത്തരം രാഷ്ട്രീയ അജണ്ടകൾ സാമ്പത്തിക രംഗത്തെ തകർക്കുന്നത് എങ്ങനെയെന്ന് ഉത്തരേന്ത്യ ഇന്ന് നേരിട്ട് അനുഭവിക്കുകയാണ്. സുരക്ഷിതവും സമാധാനപരവുമായ സാമൂഹ്യ, രാഷ്ട്രീയ സാഹചര്യത്തിൽ മാത്രമെ സാമ്പത്തിക വളർച്ച സാധ്യമാകൂ എന്നത് ലോക സാമ്പത്തിക ക്രമത്തിന്റെ അടിസ്ഥാന പാഠമാണ്. ഇന്ത്യപോലൊരു ബഹുസ്വര സമൂഹത്തിൽ എക്കണോമിയെ ശക്തിപ്പെടുത്തുന്നതിൽ എല്ലാ വിഭാഗം ജനങ്ങളും തങ്ങളുടേതായ പങ്കുവഹിച്ച് വരുമ്പോൾ അതിനിടയിൽ രൂപപ്പെടുന്ന അസമത്വങ്ങൾ സാമ്പത്തിക രംഗത്തെയും സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല.**

സ്തുക്കൾ അടക്കമുള്ള അവശ്യവസ്തുക്കളുടെയെല്ലാം വില കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്ത വിധം വലിയ വിലക്കയറ്റത്തെ നേരിടുകയാണ്. എണ്ണ വിലയിലുണ്ടായ അനിയന്ത്രിത നികുതി വർധനവ് മുതൽ അശാസ്ത്രീയമായ ജി.എസ്.ടിയും, അതോടൊപ്പം മഹാമാരിയും ജനജീവിതത്തെ വിലക്കയറ്റത്താൽ ദുസ്സഹമാക്കിയിരിക്കുന്നു. കോവിഡിന് ശേഷം ദുസ്സഹമായ സാമ്പത്തിക സാഹചര്യത്തിൽ ചെറുകിട, ഇടത്തരം മേഖലകളിലെ നിർമാതാക്കളും, സേവന മേഖലകളിലെ സ്ഥാപനങ്ങളും എല്ലാം തന്നെ ബാങ്കുകളിൽനിന്ന് ലോണെടുക്കുന്നത് ഭീമമായി വർധിച്ചിരിക്കുകയാണ്. വായ്പ ഈ വേഗതയിൽ വളരുകയാണെങ്കിൽ, പണപ്പെരുപ്പം കുറയാനുള്ള സാധ്യത കുറവാണ്. ഉയർന്ന റീട്ടെയിൽ വായ്പകൾ ഉപഭോഗ ആവശ്യം സൃഷ്ടിക്കുകയും ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ലഭ്യതക്ക് കൂടുതൽ പണച്ചെലവിലേക്ക് നയിക്കുകയും ചെയ്യുകയാണ്. പണപ്പെരുപ്പം ഒരു പ്രതിസന്ധിയായി തുടരുകതന്നെയാണെന്നതാണ് വസ്തുത.

### നികുതിദായകരുടെ പണം സുരക്ഷിതമല്ലാതാകുന്ന അവസ്ഥ

സർക്കാർ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് അദാനി ഗ്രൂപ്പ് പോലുള്ള 'വേണ്ടപ്പെട്ടവർക്ക്' പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കണക്കില്ലാതെ വായ്പകൾ നൽകുന്നു. എന്നാൽ ഇത്തരം കമ്പനികൾ ബാങ്കുകൾക്ക് ഈടായി നൽകുന്നത് പലപ്പോഴും ഇവരുടെ ഓഹരികളാണ്. രാജ്യാന്തര ധനകാര്യ ഏജൻസികളുടെ ആരോപണങ്ങൾ വരുമ്പോൾ പിടിച്ചുനിൽക്കാൻ സാധിക്കാതെ ഇത്തരം കമ്പനികളുടെ ഓഹരി മൂല്യം തകർന്നടിയുന്നു. എൽ.ഐ.സി അടക്കമുള്ള സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്ക് ഭീമമായ സാമ്പത്തിക നഷ്ടങ്ങൾ ഇത് മൂലം ഉണ്ടാകുന്നു. രാജ്യത്തിന്റെ നികുതിദായകരുടെ പണം ഇവിടെ പല രൂപത്തിലായി കൊള്ളയടിക്കപ്പെടുന്നു. രാജ്യത്തെ ധനകാര്യ സ്ഥാപനങ്ങളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നു.

### സർക്കാരിന്റെ ഹിന്ദുത്വ രാഷ്ട്രീയം

വർധിച്ചു വരുന്ന വർഗീയ സംഘട്ടനങ്ങൾ ആഗോള തലത്തിൽ പോലും രാജ്യത്തെ നാണം കെടുത്തുകയും സാമ്പത്തിക രംഗത്തെ സാരമായി ബാധിക്കുകയും ചെയ്തുകഴിഞ്ഞു. ബഹുസ്വര സമൂഹത്തിൽ ഒരുമിച്ചുകഴിയുമ്പോൾ ഇത്തരം രാഷ്ട്രീയ അജണ്ടകൾ സാമ്പത്തിക രംഗത്തെ തകർക്കുന്നത് എങ്ങനെയെന്ന് ഉത്തരേന്ത്യ ഇന്ന് നേരിട്ട് അനുഭവിക്കുകയാണ്. സുരക്ഷിതവും സമാധാനപരവുമായ സാമൂഹ്യ, രാഷ്ട്രീയ സാഹചര്യത്തിൽ മാത്രമെ സാമ്പത്തിക വളർച്ച സാധ്യമാകൂ എന്നത് ലോക സാമ്പത്തിക ക്രമത്തിന്റെ അടിസ്ഥാന പാഠമാണ്. ഇന്ത്യപോലൊരു ബഹുസ്വര സമൂഹത്തിൽ എക്കണോമിയെ ശക്തിപ്പെടുത്തുന്നതിൽ എല്ലാ വിഭാഗം ജനങ്ങളും തങ്ങളുടേതായ പങ്കുവഹിച്ച് വരുമ്പോൾ അതിനിടയിൽ രൂപപ്പെടുന്ന അസമത്വങ്ങൾ സാമ്പത്തിക രംഗത്തെയും സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല.

### സർക്കാരിന്റെ പക്കൽ പരിഹാരമില്ല; പുകമറകൾ മാത്രം

സാമ്പത്തിക വിഷയങ്ങളിൽ നയങ്ങൾ ഇല്ലാത്തതുകൊണ്ട് തന്നെ സാമ്പത്തിക രംഗത്തെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഹിന്ദുത്വ അജണ്ടകളെ ആശയപ്രമാണമാക്കിയവർ അശക്തരാകുന്ന കാഴ്ചയിൽ അത്ഭുതങ്ങളേതുമില്ല. സ്വാഭാവിക വളർച്ചകൊണ്ട് ഉണ്ടാകുന്ന മുൻകാല നേട്ടങ്ങളെ സ്വന്തം നേട്ടങ്ങളായി പർവതീകരിച്ച് കാണിക്കുന്ന പുകമറയിൽ ഒതുങ്ങുന്നു പരിഹാരം പ്രതീക്ഷിക്കുന്നവർക്ക് മുന്നിലെ ഇവരുടെ പ്രകടനങ്ങൾ.






# ജീവകങ്ങൾ കുറയുമ്പോൾ

**ഡോ. അർഷദ് മുനവ്വർ**

ജീവകങ്ങളുടെ (വൈറ്റമിനുകളുടെ) കുറവുകൊണ്ടുള്ള രോഗങ്ങൾ മുതിർന്നവരിലും കുട്ടികളിലും കണ്ടുവരുന്നുണ്ടെങ്കിലും കുട്ടികളിലുണ്ടാകുന്ന ജീവകദൗർലഭ്യം വലിയ പ്രത്യാഘാതങ്ങളുണ്ടാക്കാനിടയുണ്ട്. കാരണം കുട്ടികൾ വളർച്ചയുടെ ദശയിൽ നിൽക്കുന്നവരാണ്. വൈറ്റമിനുകൾ തുച്ഛമായ അളവിലേ വേണ്ടതുള്ളൂവെങ്കിലും ശരീരത്തിന് ഇവയെ ഉൽപാദിപ്പിക്കാൻ ശേഷിയില്ലാത്തതുകൊണ്ട് ഭക്ഷണത്തിൽ നിന്ന് ഇവ ലഭിക്കൽ അനിവാര്യമാണ്.

കൊഴുപ്പിൽ ലയിക്കുന്നതും വെള്ളത്തിൽ ലയിക്കുന്നതും എന്ന് വൈറ്റമിനുകളെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് അക്ഷരമാലയിലെ ABCDEK തുടങ്ങിയ അക്ഷരങ്ങളാണ് അവയ്ക്ക് നൽകിയിരിക്കുന്നത്. AEDK എന്നീ നാല് ജീവകങ്ങൾ കൊഴുപ്പിൽ ലയിക്കുന്നവയാണ്. B C എന്നീ ജീവകങ്ങൾ വെള്ളത്തിൽ ലയിക്കുന്നവയും.

*വൈറ്റമിൻ 'എ'*: കാഴ്ച, പ്രതിരോധശക്തി, തൊലിയുടെ ആരോഗ്യം എന്നിവയിലാണ് പ്രധാന പങ്കു വഹിക്കുന്നത്. ഇതിന്റെ കുറവുകൊണ്ട് കണ്ണിന്റെ തിളക്കം, കാഴ്ച എന്നിവയ്ക്ക് കുറവ് സംഭവിക്കാം. രാത്രിയായാൽ കുട്ടികൾ കാഴ്ചശക്തി കുറഞ്ഞ് തപ്പിനടക്കുന്നുണ്ടെങ്കിൽ അവരെ 'നിശാന്ധത' (Night Blindness) ബാധിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം. ഇത് വൈറ്റമിൻ 'എ'യുടെ കുറവുകൊണ്ട് ഉണ്ടാകുന്നതാണ്. ഇത്തരം അന്ധതകൾ തടയാൻ സാധിക്കുന്നതാണ്.

ഗുളികയോ ടോണിക്കോ ആയി Vitamin A കഴിക്കുന്നതിനെക്കാൾ ഉത്തമം ഇത് ലഭിക്കുന്ന ആഹാരം കഴിക്കുകയാണ്. പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് നിറങ്ങളുള്ള പഴവർഗങ്ങളിലും പച്ചക്കറികളിലും പാലിലും പാൽ ഉൽപന്നങ്ങളിലും മുട്ടയുടെ മഞ്ഞ, മീൻ, മീനെണ്ണ, എന്നിവയിലും വൈറ്റമിൻ 'എ' അടങ്ങിയിട്ടുണ്ട്. വൈറ്റമിൻ 'എ'യുടെ കുറവുകൊണ്ട് തൊലിയിൽ മുള്ളുപോലെ തരുതരുപ്പ് വരാനും സാധ്യതയുണ്ട്.

*വൈറ്റമിൻ 'ഡി'*: എല്ലിന്റെയും പല്ലിന്റെയും വളർച്ചക്കും ഉറപ്പിനും അത്യന്താപേക്ഷിതമാണ്. ഇതിന്റെ കുറവിനെ Rickets എന്നാണ് പറയുന്നത്. എല്ലിന്റെ വളർച്ചക്കുറവ്, തലയുടെയും നെഞ്ചിന്റെയും ആകൃതിയിൽ വ്യത്യാസം, എല്ലിന് പൊട്ടൽ, ബലക്കുറവ് എന്നിവയാണ് ഇതിന്റെ ലക്ഷണം. ആഹാരത്തിൽ നിന്ന് ലഭിക്കുന്നതിന് പുറമെ സൂര്യപ്രകാശത്തിന്റെ സഹായത്തോടെ വൈറ്റമിൻ 'ഡി' ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നു. മുട്ടയുടെ മഞ്ഞ, മൽസ്യം, നല്ലസുര്യപ്രകാശത്തിൽ വളരുന്ന ഇലക്കറികൾ എന്നിവയിൽ ഇത് ധാരാളമായി അടങ്ങിയിരിക്കുന്നു. കൊഴുപ്പിൽ ലയിക്കുന്ന ജീവകം ആയതുകൊണ്ട് ഗുളിക, ടോണിക്ക് രൂപത്തിൽ ഇത് ധാരാളമായി കഴിച്ചാൽ ശരീരത്തിൽ കൂടുതലായി സ്റ്റോക്ക് ചെയ്ത് Hypervitaminosis D എന്ന രോഗം വരാം.

*വൈറ്റമിൻ 'ഇ'*: അനേകം ഗുണഗണങ്ങളുള്ള ജീവകമാണിത്. ശരീരത്തെ പല രോഗങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനും ശരീരത്തിലെ ചില ദോഷഘടകങ്ങളെ മാറ്റുന്നതിനും ഇതിന് കഴിയും. മാംസപേശി, ഞരമ്പുകൾ എന്നിവയുടെ പ്രവർത്തനത്തിനും പ്രയോജനകരമാണ്. ധാന്യങ്ങൾ, സസ്യയെണ്ണ എന്നിവയിൽ വൈറ്റമിൻ ഇ അടങ്ങിയിരിക്കുന്നു. പ്രായാധിക്യം കൊണ്ട് തൊലിയിൽ ഉണ്ടാകുന്ന ചുക്കിച്ചുളിവുകൾ അകറ്റുന്നതിനും ഇത് സഹായിക്കും.

*വൈറ്റമിൻ 'കെ'*: ഇത് കൊഴുപ്പിൽ ലയിക്കുന്നതാണ്. നമ്മുടെ കുടലിൽ ഇത് ഉൽപാദിപ്പിക്കപ്പെടുന്നതുകൊണ്ട് ഇതിന്റെ കുറവ് കൂടലിനോ മറ്റോ രോഗമുള്ള അവസ്ഥയിൽ മാത്രമാണ് കാണുന്നത്. വൈറ്റമിൻ 'കെ' രക്തം കട്ടപിടിക്കുന്നതിന് അത്യാവശ്യമാണ്. ഇതിന്റെ കുറവുകൊണ്ട് രക്തം കട്ടിയാകാതെ അമിത രക്തസ്രാവം ഉണ്ടാകാനിടയുണ്ട്. ഇലക്കറികൾ, മാംസം, മുട്ട പോലുള്ളവയിൽ വൈറ്റമിൻ 'കെ' അടങ്ങിയിട്ടുണ്ട്. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: അശ്ശൂറാ
## (കൂടിയാലോചന)
(മക്കയിൽ അവതരിച്ചത്)

അധ്യായം 42

وَمِنْ ءَايَٰتِهِۦ خَلْقُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا
بَثَّ فِيهِمَا مِن دَآبَّةٍ ۚ وَهُوَ عَلَىٰ جَمْعِهِمْ إِذَا
يَشَآءُ قَدِيرٌ ٢٩

وَمَآ أَصَٰبَكُم مِّن مُّصِيبَةٍ فَبِمَا
كَسَبَتْ أَيْدِيكُمْ وَيَعْفُوا۟ عَن كَثِيرٍ ٣٠

وَمَآ أَنتُم بِمُعْجِزِينَ فِى ٱلْأَرْضِ ۖ وَمَا لَكُم مِّن
دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ٣١

وَمِنْ ءَايَٰتِهِ ٱلْجَوَارِ فِى ٱلْبَحْرِ كَٱلْأَعْلَٰمِ ٣٢

إِن يَشَأْ يُسْكِنِ ٱلرِّيحَ فَيَظْلَلْنَ رَوَاكِدَ عَلَىٰ
ظَهْرِهِۦٓ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّكُلِّ صَبَّارٍ شَكُورٍ
٣٣

أَوْ يُوبِقْهُنَّ بِمَا كَسَبُوا۟ وَيَعْفُ عَن كَثِيرٍ ٣٤

وَيَعْلَمَ ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِنَا مَا لَهُم مِّن
مَّحِيصٍ ٣٥

29. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതും അവ രണ്ടിലും ജീവജാലങ്ങളെ വ്യാപിപ്പിച്ചതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അവൻ ഉദ്ദേശിക്കുമ്പോൾ അവരെ ഒരുമിച്ചുകൂട്ടുവാൻ കഴിവുള്ളവനാണ് അവൻ.

30. നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു.

31. നിങ്ങൾക്ക് ഭൂമിയിൽ വെച്ച് (അല്ലാഹുവിനെ) തോൽപിച്ചുകളയാനാവില്ല. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയും സഹായിയുമില്ലതാനും.

32. കടലിലൂടെ മലകളെന്നോണം സഞ്ചരിക്കുന്ന കപ്പലുകളും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ.

33. അവൻ ഉദ്ദേശിക്കുന്നപക്ഷം അവൻ കാറ്റിനെ അടക്കിനിർത്തും. അപ്പോൾ അവ കടൽപരപ്പിൽ നിശ്ചലമായി നിന്നുപോകും. തീർച്ചയായും അതിൽ ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവർക്കും ദൃഷ്ടാന്തങ്ങളുണ്ട്.

34. അല്ലെങ്കിൽ അവർ പ്രവർത്തിച്ചതിന്റെ ഫലമായി അവയെ (കപ്പലുകളെ) അവൻ തകർത്തുകളയും. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യും.

35. നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ തർക്കം നടത്തുന്നവർ തങ്ങൾക്ക് രക്ഷപ്രാപിക്കുവാൻ ഒരു സ്ഥാനവുമില്ലെന്ന് മനസ്സിലാക്കേണ്ടതിനുമാണത്.

29) (അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ) മരിച്ചവരെ മരണശേഷം ജീവിപ്പിക്കുന്നു എന്നത് അവന്റെ മഹത്തായ കഴിവിന്റെ തെളിവാണ്. (സൃഷ്ടിച്ചതും) ഈ (ആകാശഭൂമികളെ) വലുപ്പത്തിലും വിശാലതയിലും. അതവന്റെ കഴിവിനെയും വിശാലമായ അധികാരത്തെയും അറിയിക്കുന്നു. അവയുടെ നിർമാണത്തിന്റെ അന്യൂനതയും ദൃഢതയും അവന്റെ യുക്തിജ്ഞാനത്തെ കുറിക്കുന്നു. അവയിലുള്ള നന്മകളും പ്രയോജനങ്ങളും അവന്റെ കാരുണ്യത്തെയാണ് അറിയിക്കുന്നത്. ഇവയെല്ലാം തന്നെ സർവവിധ ആരാധനകൾക്കും അവനാണർഹൻ എന്ന് തെളിയിക്കുന്നു. അവനല്ലാത്തവർക്ക് ആരാധ്യത കൽപിക്കുന്നത് അന്യായമാണ്.

(അവ രണ്ടിലും ജീവജാലങ്ങളെ വ്യാപിപ്പിച്ചതും) അല്ലാഹു തന്റെ ദാസന്മാരുടെ ഗുണത്തിനും നന്മയ്ക്കും വേണ്ടി സൃഷ്ടിച്ച വ്യത്യസ്ത ജീവികളെ അവൻ ആകാശഭൂമികളിൽ വ്യാപിപ്പിച്ചു. (അവൻ അവരെ ഒരുമിച്ചുകൂട്ടുവാൻ) അതായത് ഉയിർത്തഴുന്നേൽപിന്റെ സ്ഥലത്ത് മരണശേഷം സൃഷ്ടികളെ ഒരുമിച്ചുകൂട്ടാൻ. (അവൻ ഉദ്ദേശിക്കുമ്പോൾ അവരെ ഒരുമിച്ചുകൂട്ടുവാൻ കഴിവുള്ളവനാണവൻ) അവന്റെ ഉദ്ദേശ്യവും കഴിവും അതിന് പറ്റിയതാണെന്നർഥം. ഇതിലൂടെ സ്ഥാപിക്കുന്നത് അവന്റെ വർത്തമാനങ്ങൾ സംഭവിക്കുമെന്നതാണ്. പ്രവാചകന്മാരെക്കുറിച്ചും അവരുടെ ഗ്രന്ഥങ്ങളെക്കുറിച്ചും അതിന്റെ യാഥാർഥ്യത്തെക്കുറിച്ചും ആവർത്തിച്ചു പറയുന്നുണ്ടല്ലോ.

30). അല്ലാഹു പറയുന്നു: തന്റെ ദാസന്മാർക്ക് ശരീരത്തിലും സമ്പത്തിലും സന്താനങ്ങളിലും അവർ ഇഷ്ടപ്പെടുന്നതിലുമെല്ലാം അവർക്ക് പ്രയാസകരമായി സംഭവിക്കുന്നതെല്ലാം അവർ ചെയ്തുവെച്ചതിന്റെ കാരണമാണ്. അധിക തിന്മകൾക്കും അവൻ വിട്ടുവീഴ്ച നൽകുന്നു. തന്റെ അടിമകളോട് അല്ലാഹു അനീതി കാണിക്കുകയില്ല. എന്നാൽ അവർ അവരോടുതന്നെ അക്രമം കാണിക്കുന്നു.

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِمَا كَسَبُوا۟
مَا تَرَكَ عَلَىٰ ظَهْرِهَا مِن دَآبَّةٍ

"അല്ലാഹു മനുഷ്യനെ അവർ പ്രവർത്തിച്ചതിന്റെ പേരിൽ പിടിച്ച് ശിക്ഷിക്കുകയായിരുന്നുവെങ്കിൽ ഭൂമുഖത്ത് ഒരു ജന്തുവെയും അവൻ വിട്ടേക്കുകയില്ലായിരുന്നു"(35:45).

ശിക്ഷകൾ വൈകുന്നത് അതിനെ അവഗണിച്ചതുകൊണ്ടോ, കഴിയാത്തതുകൊണ്ടോ അല്ല.

31). നിങ്ങൾക്ക് ഭൂമിയിൽവെച്ച് തോൽപിച്ച് കളയാനാവില്ല; നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ ശക്തിയെ. മറിച്ച്, ഭൂമിയിൽ നിങ്ങൾ പരാജയപ്പെട്ടുപോകുന്നവരാണ്. അല്ലാഹു നിങ്ങളിൽ നടപ്പാക്കുന്നതെന്തോ അതിനെ പ്രതിരോധിക്കാൻ നിങ്ങൾക്കാവില്ല. (അല്ലാഹുവിന് പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയുമില്ല) നിങ്ങളെ ഏറ്റെടുക്കുകയും നിങ്ങൾക്ക് ഉപകാരങ്ങളും ചെയ്തുതരുന്ന (സഹായിയും ഇല്ല) നിങ്ങൾക്ക് വരുന്ന ദോഷങ്ങളെ തടുക്കാനും  കഴിയുന്ന.

32). അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള കരുണയുടെയും പരിഗണനയുടെയും മറ്റൊരു തെളിവ് (കടലിലൂടെ സഞ്ചരിക്കുന്നവ) കപ്പലുകളും മറ്റു യന്ത്രത്താലും പായകളായും സഞ്ചരിക്കുന്ന വാഹനങ്ങൾ. അതിന്റെ വലുപ്പം: (മലകളെന്നോണം) ഇരമ്പുന്ന കടലുകളെ കീഴ്പ്പെടുത്തുന്ന വലിയ മലകൾ പോലുള്ള കപ്പലുകൾ. തിരകളിൽനിന്നവൻ അതിനെ സംരക്ഷിക്കുന്നു. നിങ്ങളെ വഹിക്കുന്നതാക്കുകയും ചെയ്തു; നിങ്ങളുടെ ചരക്കുകളെയും. വിദൂര നാടുകളിലും ഭൂമുഖങ്ങളിലും അതിനെ അവ എത്തിക്കുന്നു. അതിന് പറ്റാവുന്ന രൂപത്തിൽ കാരണങ്ങളെ അവൻ അനുകൂലമാക്കി.

33,34). ഈ കാരണങ്ങളെക്കുറിച്ചാണ് തുടർന്ന് ഉണർത്തുന്നത്: (അവൻ ഉദ്ദേശിക്കുന്നപക്ഷം അവൻ കാറ്റിനെ അടക്കിനിർത്തും) കപ്പൽ സഞ്ചരിക്കാൻ കാരണമായ കാറ്റിനെ. (അവ ആയിപ്പോകും) ആ കപ്പലുകൾ. (നിശ്ചലമായി നിൽക്കുന്നത്) കടൽപരപ്പിൽ മുന്നോട്ടോ പിന്നോട്ടോ പോകുന്നില്ല. ഇത് ആവിക്കപ്പലുകളെക്കുറിച്ചല്ല; സഞ്ചരിക്കാൻ കാറ്റ് ആവശ്യമായവയെക്കുറിച്ചാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ കാരണം ആ കപ്പലുകളെ നശിപ്പിക്കുമായിരുന്നു. അതായത് അവയെ കടലിൽ മുക്കി നശിപ്പിക്കുകയും തകരാറ് വരുത്തുകയും ചെയ്യുമായിരുന്നു. പക്ഷേ, അല്ലാഹു വിവേകം കാണിക്കുകയും ധാരാളം തെറ്റുകൾ അവർക്ക് വിട്ടുമാപ്പാക്കി കൊടുക്കുകയും ചെയ്യും. (തീർച്ചയായും അതിൽ ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവർക്കും ദൃഷ്ടാന്തങ്ങളുണ്ട്) തനിക്ക് പ്രയാസമുണ്ടാക്കുന്നതും അനിഷ്ടകരവുമായ കാര്യങ്ങളിൽ അധികമായി ക്ഷമകാണിക്കുന്നവർ, അല്ലെങ്കിൽ മതകാര്യങ്ങൾ നിർവഹിക്കുന്നതിലോ തെറ്റായ കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലോ ഉള്ള പ്രയാസം. അതുമല്ലെങ്കിൽ വിപത്തുക്കൾ ബാധിക്കുമ്പോഴുള്ള കോപം എന്നിവയിലെല്ലാം ക്ഷമിക്കുന്നവർ. (നന്ദിയുള്ളവൻ) അനുഗ്രഹങ്ങളിലും സുഭിക്ഷതയിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അംഗീകരിച്ചും അവന് കീഴ്പ്പെട്ടും അവന്റെ തൃപ്തിക്കായി നിലകൊണ്ടുകൊണ്ടും. ഇവരാണ് അല്ലാഹുവിന്റെ വചനങ്ങളെ പ്രയോജനപ്പെടുത്തുന്നവർ. എന്നാൽ ക്ഷമിക്കേണ്ടിടത്ത് ക്ഷമിക്കാതെയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാതെയുമല്ല. അങ്ങനെ ചെയ്യുന്നവൻ ധിക്കാരിയും തിരിഞ്ഞുകളയുന്നവനുമാണ്; അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ പ്രയോജനപ്പെടുത്താത്തവരും.

35). തുടർന്ന് അല്ലാഹു പറയുന്നു: (നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ തർക്കം നടത്തുന്നവർ മനസ്സിലാക്കേണ്ടതിനുമാണ്) അവരുടെ അസത്യവാദങ്ങളുടെ നിരർഥകത സ്ഥാപിക്കാനാണ് അതെന്ന്. (തങ്ങൾക്ക് രക്ഷപ്രാപിക്കുവാൻ ഒരു സ്ഥാനവുമില്ലെന്ന്) അവർക്ക് വരുന്ന ശിക്ഷയിൽനിന്ന് അവരെ രക്ഷപ്പെടുത്താൻ ഒരു രക്ഷകനും തന്നെയില്ല.



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 6

# കാല് തിരുമ്മുന്ന രാജാക്കന്മാർ!

പി പി അബ്ദുർറഹ്മാൻ, കൊടിയത്തൂർ
: 9447 701 741

മിർസക്ക് 1903 ജൂൺ 20ന് അവതരിച്ച ഒരു 'വഹ്യ്' കാണുക: "ദീർഘായുസ്സ്, നാം നിനക്കായി ഇരുമ്പിനെ മൃദുലമാക്കി. എന്നെ താങ്കളുടെ തുണിത്തലയുമായി ബന്ധിച്ചിരിക്കുന്നു. ഒരു വലിയ മനുഷ്യൻ."

"ഈ 'വഹ്യ്' അവതരിച്ചപ്പോൾ കലാത്തിലെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട രാജാവിന്റെ കത്ത് കിട്ടി. 'ഞാൻ താങ്കളുടെ തുണിത്തലയിൽ ബന്ധിതനായിരിക്കുന്നു.' മുഫ്തി മുഹമ്മദ് സാദിഖ്, മൗലവി മുഹമ്മദലി, ഹകീം നൂറുദ്ദീൻ തുടങ്ങി നാൽപതോളം സ്വഹാബിമാർ ഇതിന് സാക്ഷികളാണ്" (പേജ് 394).

ഒരു മുൻ നാട്ടുരാജാവെങ്കിലും മിർസയിൽ വിശ്വസിച്ചിരുന്നുവെങ്കിൽ അയാളുടെ ഊരും പേരും മറ്റു വിശേഷങ്ങളും ഒട്ടേല്ലാ ഗ്രന്ഥങ്ങളിലും നമുക്ക് കാണാമായിരുന്നു. ഒരു കത്ത് കിട്ടിയതിനാണ് നാൽപത് സാക്ഷികൾ! അവരാരെങ്കിലും മിർസക്കെതിരായി സാക്ഷി പറയുമോ?

ആ കാലത്ത് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിലോ മുഖപത്രങ്ങളിലോ ഈ 'വഹ്യുകൾ' കാണാനാവില്ല. പിൽക്കാലത്ത് കണ്ടെടുത്ത നോട്ടുപുസ്തകത്തിൽനിന്നാണ് ഇത് എടുത്തെഴുതിയത്. അതുകൊണ്ടുതന്നെ സംഭവം കളവാണെന്നത് വ്യക്തം.

അതേ നോട്ടുപുസ്തകത്തിൽനിന്ന് മറ്റൊരെണ്ണം കൂടി: "1322 ശഅ്ബാൻ 25 വെള്ളിയാഴ്ച, സിയാൽ കോട്ടിൽനിന്ന് വരുമ്പോൾ ബട്ടാലയിലെ സത്രത്തിൽവച്ച് ഒരു സ്വപ്നം കണ്ടു. കശ്മീരിലെ പരേതനായ രാജാവ് ഗുലാബ്

> **മിർസാ ഖാദിയാനി ഉർദു ഭാഷയിൽ 'തുഹ്ഫയേ കൈസറ' എന്ന ഗ്ര ന്ഥം രചിച്ചു. "ദീനി താൽപര്യം ഉദ്ദേശിച്ചുകൊണ്ടാണ് ഈ പുസ്തകം രചിച്ചത്. ഇന്ന് ഒരു സ്വപ്നത്തിൽനിന്ന് മനസ്സിലായി; ഒരുപക്ഷേ, ഈ ഉദ്ദേശ്യം വിജയിക്കില്ല. ഇത് നമ്മുടെ ജമാഅത്തിന് പ്രയാസമുണ്ടാക്കും എന്ന സൂചനയും കാണുന്നു'' (പേജ് 252). മഹാറാണിയെ അങ്ങേയറ്റം പുകഴ്ത്തുന്നതും ഈ ലോകത്ത് അവരുടെ സാമ്രാജ്യത്വ വികാസവും പരലോകത്ത് മോക്ഷവും ലഭിക്കാൻ വേണ്ടി പ്രാർഥിക്കുന്നതുമാണ് ആ പുസ്തകത്തിൽ കാണാനാവുക. ഇതിൽ എന്ത് ദീനി താൽപര്യമാണ് സംരക്ഷിക്കപ്പെടുക എന്നറിയില്ല. എന്നാൽ ചിന്താശൂന്യരായ അനുയായികളുടെ ജമാഅത്തിന് ആ പുസ്തകം പ്രയാസം സൃഷ്ടിക്കാനും സാധ്യതയില്ല.**

സിംഗ് എന്റെ കാലുകൾ തിരുമ്മിക്കൊണ്ടിരിക്കുന്നു!

പിന്നെ കാണുന്നത് ഒരുപാട് സ്വർണാഭരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നതാണ്. ഇതെവിടെനിന്നാണ് എന്ന് നൂറുദ്ദീൻ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: ഗ്വാളിയോറിലെ മഹാരാജാവ് സമ്മാനമായി കൊടുത്തയച്ചതാണ്. മഹാരാജാവും കാണാൻ വന്നിട്ടുണ്ട്" (പേജ് 438).

ഉണർന്നുപോയി. കശ്മീരിലെയും ഗ്വാളിയോറിലെയും രാജാക്കന്മാർക്ക് പകരം കാല് തിരുമ്മുന്നത് നൂറുദ്ദീനും സന്നൂരിയും ഒക്കെത്തന്നെയാണ്!

ഹിജ്റ വേളയിൽ തങ്ങളെ ഖുറൈശികൾക്ക് പിടിച്ചുകൊടുത്തു നൂറ് ഒട്ടകം സമ്മാനം നേടാനായി പിന്തുടർന്നു വന്ന സുറാഖയോട് മുഹമ്മദ് നബി(സ്വ) പറഞ്ഞല്ലോ, 'ഒരു ദിവസം വരും. അന്ന് പേർഷ്യയിലെ ചക്രവർത്തി ഖുസ്രൂവിന്റെ വളകൾ നിന്നെ അണിയിക്കും' എന്ന്. നിങ്ങളും അതോർത്തു കാണും. അത് പക്ഷേ, അല്ലാഹു നിയോഗിച്ച സ്വന്തം പ്രവാചകന്റെ പ്രവചനമായിരുന്നു. ഇവിടെ ഡ്യൂപ്പ് ആണ് രാജാക്കന്മാർ തന്റെ കാലുകൾ തിരുമ്മുന്നത് സ്വപ്നം കാണുന്നത്.

### രാജാക്കന്മാർക്ക് എഴുതിയ കത്തുകൾ

അടുത്തപടി രാജാക്കന്മാർക്ക് കത്തെഴുതുക എന്നതാണ്. കത്തിലൊതുക്കേണ്ട, ഒരു പുസ്തകം തന്നെ എഴുതി 'ഇന്ത്യൻ കിസ്റാ റാണി'ക്കയക്കാമല്ലോ. അങ്ങനെ മിർസാ ഖാദിയാനി ഉർദു ഭാഷയിൽ 'തുഹ്ഫയേ കൈസറ' എന്ന ഗ്രന്ഥം രചിച്ചു. "ദീനി താൽപര്യം ഉദ്ദേശിച്ചുകൊണ്ടാണ് ഈ പുസ്തകം രചിച്ചത്. ഇന്ന് ഒരു സ്വപ്നത്തിൽനിന്ന് മനസ്സിലായി; ഒരുപക്ഷേ, ഈ ഉദ്ദേശ്യം വിജയിക്കില്ല. ഇത് നമ്മുടെ ജമാഅത്തിന് പ്രയാസമുണ്ടാക്കും എന്ന സൂചനയും കാണുന്നു" (പേജ് 252).


മഹാറാണിയെ അങ്ങേയറ്റം പുകഴ്ത്തുന്നതും ഈ ലോ കത്ത് അവരുടെ സാമ്രാജ്യത്വ വികാസവും പരലോകത്ത് മോക്ഷവും ലഭിക്കാൻ വേണ്ടി പ്രാർഥിക്കുന്നതുമാണ് ആ പുസ്തകത്തിൽ കാണാനാവുക. ഇതിൽ എന്ത് ദീനി താൽപര്യമാണ് സംരക്ഷിക്കപ്പെടുക എന്നറിയില്ല. എന്നാൽ ചിന്താശൂന്യരായ അനുയായികളുടെ ജമാഅത്തിന് ആ പുസ്തകം പ്രയാസം സൃഷ്ടിക്കാനും സാധ്യതയില്ല.

### മഹാറാണി എഴുന്നള്ളുന്നു!

1899ലെ ഒരു പ്രഭാതത്തിൽ ഉണ്ടായ സ്വപ്നദർശനമാണ് ഏറെ മഹത്തരമായത്! "ഹസ്രത്ത് ഇന്ത്യൻ കൈസറ ആദരണീയ മഹാറാണി സല്ലമഹല്ലാഹ് ഈ വിനീതന്റെ വീട്ടിലേക്ക് എഴുന്നള്ളിയിരിക്കുന്നു. അടുത്തുണ്ടായിരുന്ന ഈ വിനീതനോട് (മൗലവി അബ്ദുൽ കരീം) ഹുസൂർ പറഞ്ഞു: 'ആദരണീയ മഹാറാണി എന്നോടുള്ള വാത്സല്യാതിരേകം കൊണ്ടാണ് വീട്ടിലേക്ക് തൃപ്പാദങ്ങൾ എടുത്തുവച്ചതും രണ്ടുദിവസം നമ്മോടൊപ്പം താമസിച്ചതും. അതിന് അത്യധികമായി കൃതജ്ഞത കാണിക്കണം" (പേജ് 280).

നടേ പറഞ്ഞ ഇന്ത്യൻ നാട്ടുരാജാക്കന്മാരിൽനിന്ന് വ്യത്യസ്തമായി ഇവിടെ ഈ 'പ്രവാചകനും സ്വഹാബികളും' മഹാറാണിയുടെ കാലുകൾ തിരുമ്മുകയാണ് ചെയ്യുന്നത്. അവർ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപയും മഹാറാണിയും സർവോപരി വെള്ളക്കാരിയും ആയതുകൊണ്ടാവാം. ഇതൊക്കെ നടന്നത് അവർ അറിയാതെയാണെന്നതാണ് ഏറെ രസകരം! ഉള്ളിലെ മോഹങ്ങളാണല്ലോ പലപ്പോഴും സ്വപ്നങ്ങളായി കാണുന്നത്.

മർദകരും ചൂഷകരുമായ വിദേശാധിപത്യക്കാരെ എവ്വിധമാണ് നാം സ്വീകരിക്കേണ്ടതും അനു




**ഏതോ കേസിൽ ഉൾപ്പെട്ട ഹുസൈൻ കാമിയെ കോൺസുലേറ്റിൽനിന്ന് തിരിച്ചുവിളിക്കുകയും സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തുവത്രെ. അതോടെ അദ്ദേഹത്തെക്കുറിച്ചുള്ള മിർസയുടെ പ്രവചനം പുലർന്നുവെന്ന് അടിക്കുറിപ്പിൽ വിശദീകരിക്കുന്നുണ്ട്. പക്ഷേ, പ്രവചനം അദ്ദേഹത്തെക്കുറിച്ചായിരുന്നില്ല. സുൽത്താനെയും അദ്ദേഹത്തിന്റെ രാഷ്ട്രത്തെയും സംബന്ധിച്ചായിരുന്നു. അതാകട്ടെ വീണ്ടും കാൽ നൂറ്റാണ്ടി ലേറെ എല്ലാവിധ പ്രൗഢിയോടും കൂടി നിലനിന്നു എന്നതാണ് ചരിത്രം.**

സരിക്കേണ്ടതും എന്നതാണ് ഈ ദിവ്യ സ്വപ്നത്തിലൂടെ ഈ 'പ്രവാചകൻ' അനുയായികൾക്ക് നൽകുന്ന പാഠം!

### അനുഗ്രഹം തേടി തുർക്കി ഖലീഫയും!

ഇത് സ്വപ്നമോ ദർശനമോ അല്ല. മസീഹിന്റെ വസ്ത്രാഞ്ചലത്തിൽ അനുഗ്രഹം തേടിയെത്തിയ റോമാ സുൽത്താന്റെ കഥയാണ്. ഉസ്മാനിയ ഖലീഫ അബ്ദുൽഹമീദ് രണ്ടാമൻ 1896ൽ ഹുസൈൻ കാമിയെ കറാച്ചിയിലെ തുർക്കി കോൺസുലേറ്റിലേക്ക് വൈസ് കോൺസൽ ആയി നിയമിച്ചു. അവിടെ എത്തിയ ഹുസൈൻ കാമി ഉടൻ തന്നെ ഉപഭൂഖണ്ഡത്തിൽ പര്യടനം ആരംഭിച്ചു. മുസ്‌ലിം പൊതുജനങ്ങളെയും മുസ്‌ലിം അൻജുമനുകളെയും സ്വാധീനമുള്ള മുസ്‌ലിം നേതാക്കളെയും സന്ദർശിച്ചു. ലാഹോറിലും അമൃതസറിലും ചെന്നപ്പോൾ ഖാദിയാനിലെ പുതിയ കൾട്ടിനെക്കുറിച്ച് അറിഞ്ഞു, അവിടെയും ചെന്നു. മിർസാ ഖാദിയാനി അത് ഇങ്ങനെ വിശദീകരിക്കുന്നു:

"അദ്ദേഹം സ്വകാര്യ കൂടിക്കാഴ്ചയിൽ റോമാ സുൽത്താന് വേണ്ടി പ്രാർഥിക്കാനും വരാൻ പോകുന്ന ദൈവിക വിധികളെക്കുറിച്ച് വിവരം നൽകാനും ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞു: 'സുൽത്താന്റെ സാമ്രാജ്യത്തിന് നല്ല സ്ഥിതിയല്ലെന്നും നല്ല പര്യവസാനവും അല്ലെന്നും ഞാൻ ദർശനത്തിൽ കാണുന്നു.' തുടർന്ന് പല സൂചനകളിലൂടെയും സുൽത്താൻ അല്ലാഹുവിന്റെയടുത്ത് തെറ്റുകാരൻ ആണെന്നും അല്ലാഹു ഉദ്ദേശിക്കുന്ന നന്മയും വൃത്തിയും മാനുഷിക സഹാനുഭൂതിയും ഇല്ലാത്തതിനാൽ സാമ്രാജ്യം നാശമുഖത്താണെന്നും തൗബ ചെയ്യണമെന്നും നിർദേശിച്ചു. സുൽത്താന്റെ പ്രതിനിധിക്ക് ഇത് ഒട്ടും ബോധിച്ചില്ല. വളരെ മോശമായി അദ്ദേഹം പ്രതികരിച്ചു. ഞാൻ വീണ്ടും പറഞ്ഞു: 'ഞാൻ വാഗ്ദത്ത മസീഹും മഹ്ദിയും ദൈവനിയുക്തനുമാണ്. രക്തം ചിന്തുന്ന മസീഹിനെയും മഹ്ദിയെയും കാത്തിരിക്കുന്നത് പൊതുസമൂഹത്തിന് പറ്റിയ മഹാവിഡ്ഢിത്തമാണ്. എന്നിൽനിന്ന് വേർപെട്ടു നിൽക്കുന്ന മുസ്‌ലിം,


الهدية المباركة
یعنی کتاب
تحفہ قیصریہ
بمقام قادیان
مطبع ضیاء الاسلام میں چھپا
۲۵ مئی ۱۸۹۷ء

തുഹ്ഫയെ കൈസരിയയുടെ ആദ്യ പതിപ്പിന്റെ പുറംചട്ട

രാജാവായാലും രാജാവല്ലാത്തവൻ ആണെങ്കിലും വിച്ഛേദിക്കപ്പെടും.' ഈ വാക്കുകൾ ശരംകണക്കെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ കൊണ്ടു. എനിക്ക് അദ്ദേഹത്തെ കാണാൻ താൽപര്യമില്ലായിരുന്നു. ആവശ്യപ്പെട്ടപ്പോൾ അനുവദിച്ചു എന്ന് മാത്രം. അദൃശ്യജ്ഞാനിയായ ദൈവം നേരത്തെതന്നെ എനിക്കറ് അറിവ് തന്നിരുന്നു; അയാളുടെ ഉള്ളകം കാപട്യം നിറഞ്ഞതാണെന്ന്. അതാണ് ഇപ്പോൾ പ്രത്യക്ഷപ്പെട്ടത്" (പേജ് 250, 251).

ഏതോ കേസിൽ ഉൾപ്പെട്ട ഹുസൈൻ കാമിയെ കോൺസുലേറ്റിൽനിന്ന് തിരിച്ചുവിളിക്കുകയും സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തുവത്രെ. അതോടെ അദ്ദേഹത്തെക്കുറിച്ചുള്ള മിർസയുടെ പ്രവചനം പുലർന്നുവെന്ന് അടിക്കുറിപ്പിൽ വിശദീകരിക്കുന്നുണ്ട്. പക്ഷേ, പ്രവചനം അദ്ദേഹത്തെക്കുറിച്ചായിരുന്നില്ല. സുൽത്താനെയും അദ്ദേഹത്തിന്റെ രാഷ്ട്രത്തെയും സംബന്ധിച്ചായിരുന്നു. അതാകട്ടെ വീണ്ടും കാൽ നൂറ്റാണ്ടിലേറെ എല്ലാവിധ പ്രൗഢിയോടും കൂടി നിലനിന്നു എന്നതാണ് ചരിത്രം.

### ആദ്യത്തെ വഹ്‌യ് വീണ്ടും!

അതിരിക്കട്ടെ, ഈ വചനം ആയിരുന്നോ ആദ്യത്തെ വഹ്‌യ്? അല്ലെന്നാണ് സാക്ഷാൽ മിർസാ ഗുലാം അഹ്‌മദ് പറയുന്നത്. 1876 ജൂൺ മൂന്നിന് അവതരിച്ച ആദ്യത്തെ വഹ്‌യ് അറബി ഭാഷയിൽ ഉള്ളതാണത്രെ. നമുക്ക് 'തദ്കിറ'യിൽനിന്ന് ഉദ്ധരിക്കാം:

"പിതാവിന്റെ മരണം ആസന്നമാണെന്ന് സ്വപ്ന ദർശനത്തിലൂടെ അറിയിക്കപ്പെട്ടു. ഞാനന്ന് ലാഹോറിലായിരുന്നു. വേഗം ഖാദിയാനിലേക്ക് വന്നു. രോഗബാധിതനായിരുന്നുവെങ്കിലും വന്നതിനു പിറ്റേദിവസംതന്നെ മരിക്കും എന്ന് തോന്നിയില്ല. കാരണം രോഗം കുറഞ്ഞുവരികയായിരുന്നു. ആത്മവിശ്വാസത്തോടെ ഇരിക്കുകയായിരുന്നു അദ്ദേഹം. ബന്ധുക്കൾ പിറ്റേന്ന് ഉച്ചവരെ ഒന്നിച്ചു കഴിഞ്ഞു. 'ദയവുചെയ്ത്

നീ പോയി വിശ്രമിക്കുക' എന്ന് എന്നോട് പറഞ്ഞപ്പോൾ ആ ചൂടുകാലത്ത് ഞാൻ മുറിയിൽ പോയി കിടന്നു. ഒരു ഭൃത്യൻ എന്റെ കാലുകൾ തിരുമ്മിക്കൊണ്ടിരുന്നു. ചെറിയൊരു മയക്കത്തിൽ ഒരു ഇൽഹാം: 'വസ്സമാഇ വത്ത്വാരിഖ്.' അതായത് ഗതിവിഗതികളുടെ ഉത്ഭവസ്ഥാനമായ ആകാശമാണെ, സൂര്യാസ്തമയ ശേഷം നടക്കാൻ പോകുന്ന സംഭവമാണെ സത്യം.' ഇത് അല്ലാഹുവിന്റെ ആദരവാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു. സംഭവം സൂര്യാസ്തമയശേഷം നടക്കുന്ന പിതാവിന്റെ മരണമാണെന്നും വ്യക്തമാക്കപ്പെട്ടു. അതുതന്നെ സംഭവിച്ചു. പിതാവ് മരണപ്പെട്ടു" (പേജ് 19).

ഈ സംഭവം വിശദീകരിച്ചുകൊണ്ട് 'ഹഖീഖതുൽ വഹ്‌യി'ൽ എഴുതി: "ഇതെന്റെ ആദ്യത്തെ ഇൽഹാമായിരുന്നു. അല്ലാഹു സാക്ഷാത്കരിച്ച ആദ്യത്തെ പ്രവചനം. ആകാശത്തെയും പിതാവിന്റെ മരണത്തെയും സത്യം ചെയ്തുകൊണ്ട് അല്ലാഹു എന്നെ സമാധാനിപ്പിച്ചു" (പേജ് 209).

1868ൽ രാജാക്കന്മാരെ പറ്റി ഉർദുവിലും 1876ൽ പിതാവിനെക്കുറിച്ച് അറബിയിലും അവതരിച്ച വഹ് യുകളിൽ ആദ്യത്തേത് ഏതെന്ന് പ്രവാചകനും അനുയായികളും തർക്കിക്കുമ്പോൾ നമുക്ക് അതിൽ ഇടപെടേണ്ട കാര്യമില്ല. മുഹമ്മദ് നബി(സ്വ) അന്ത്യപ്രവാചകനാണെന്നും താൻ അവസാനത്തെ നബിയാണെന്നും മിർസ എഴുതിവച്ചപോലെ അന്ത്യപ്രവാചകൻ രണ്ടാവാമെങ്കിൽ ആദ്യത്തെ വഹ്‌യും രണ്ടോ അതിലധികമോ ആവാമല്ലോ!

പക്ഷേ, ഒരു കാര്യമുണ്ട്. ആദ്യത്തെ വഹ്‌യ് ആണല്ലോ നബിമാരുടെ 'അപ്പോയിന്റ്മെന്റ് ഓർഡർ.' 'സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക' എന്ന് തുടങ്ങുന്ന ആദ്യ വഹ്‌യിലൂടെ അല്ലാഹു മുഹമ്മദ് ബ്നു അബ്ദില്ലയെ തന്റെ സന്ദേശവാഹകനാക്കി നിയമിക്കുകയായിരുന്നുവല്ലോ. 'അഭിനവ പ്രവാചകന്റെ' കാര്യത്തിൽ 1868ലോ 1869ലോ എന്ന് കൃത്യമായി നിശ്ചയമില്ലാത്ത വചനമാണോ 1876ൽ അവതരിച്ചു എന്ന് പറയുന്ന അറബി വചനമാണോ ആദ്യത്തെ വഹ്‌യ് എന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. ജനന വർഷത്തിന്റെ കാര്യത്തിലും അഞ്ചാറു വർഷങ്ങളുടെ വ്യത്യാസമുള്ള ആളാകട്ടെ നാൽപതാം വയസ്സിലാണ് തനിക്ക് പ്രവാചകത്വം ലഭിച്ചത് എന്ന് അവകാശപ്പെടുകയും ചെയ്യുന്നു!


۲۵۳

بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ
نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ

یہ عریضہ مُبارکبادی

اُس شخص کی طرف سے ہے۔ جو یسوع مسیح کے نام پر طرح طرح کی بدعتوں سے دُنیا کو چھوڑانے کے لئے آیا ہے۔ جس کا مقصد یہ ہے کہ امن اور نرمی کے ساتھ دُنیا میں سچائی قائم کرے۔ اور لوگوں کو اپنے پیدا کنندہ سے سچی محبت اور بندگی کا طریق سکھائے۔ اور اپنے بادشاہ ملکہ معظمہ سے جس کی وہ رعایا ہیں۔ سچی اطاعت کا طریق سمجھائے۔ اور بنی نوع میں باہمی سچی ہمدردی کرنے کا سبق دیوے۔ اور نفسانی کینوں اور جوشوں کو درمیان سے اُٹھائے۔ اور ایک پاک صلحکاری کو خدا کے نیک نیت بندوں میں قائم کرے۔ جسکی نفاق سی ملونی نہ ہو اور یہ نوشتہ ایک ہدیہ شکر گذاری ہے۔ کہ جو عالی جناب قیصرہ ہند ملکہ معظمہ والی انگلستان و ہند دام اقبالہا بالقابہا کے حضور میں۔ بتقریب جلسہ جوبلی شصت سالہ بطور مبارکباد پیش کیا گیا ہے۔

مُبارک ! مُبارک !! مُبارک!!!

മിർസാ ഖാദിയാനിയുടെ ജീവിതം വിശദമായി പരിചയപ്പെടുത്തുന്ന അദ്ദേഹത്തിന്റെ സ്വന്തം ഗ്രന്ഥമായ 'കിതാബുൽ ബരിയ്യ'യിൽ പറയുന്നത്, '1839ലോ 1840ലോ സിക്ക് ഭരണത്തിന്റെ അവസാന കാലത്താണ് എന്റെ ജനനം, 1857ൽ എനിക്ക് 16ഓ 17ഓ വയസ്സായിരുന്നു' എന്നാണ്. (പേജ് 159).

പക്ഷേ, തന്റെ പ്രവാചകൻ 1835 ഫെബ്രുവരി 13 വെള്ളിയാഴ്ച പ്രഭാതത്തിലാണ് ജനിച്ചതെന്ന് എൻ. അബ്ദുർറഹീം ശഠിക്കുന്നു. (ഹസ്രത്ത് അഹമ്മദ് പേജ് 51).

പ്രവാചകന്റെ ഗ്രന്ഥങ്ങൾ കണ്ടിട്ടുപോലുമില്ലാത്ത കേരളത്തിലെ അനുയായികൾ രണ്ടാമത് പറഞ്ഞ ജനനത്തീയതിയാണ് അംഗീകരിക്കുന്നത്. ആദ്യത്തെ വഹ്‌യ് രാജാക്കന്മാരെ പറ്റിയാണെന്ന് പറയുന്ന അബ്ദുറഹീം, മിർസയുടെ നിയോഗം മുപ്പത്തിമൂന്നാം വയസ്സിലായിരുന്നു എന്നു സമ്മതിക്കുന്നു. ഇമ്മാതിരി തർക്കങ്ങളിൽ അവർ തന്നെ തീരുമാനമെടുക്കട്ടെ.

**വഹ്‌യുകൾ വിൽപനയ്ക്ക്!**


'തദ്കിറ'യിൽ അടുത്ത നമ്പറിൽതന്നെ ചേർത്ത ഇൽഹാം മിർസ ഇങ്ങനെ വിവരിക്കുന്നു: "നേരത്തെ പറഞ്ഞ പ്രകാരം പിതാവ് മരിച്ചതോടെ മാനുഷികമായ ചിന്തകൾ എന്നെ മഥിച്ചു. ജീവിത മാർഗങ്ങൾ പലതും പിതാവിന്റെ ജീവിതത്തെ ആശ്രയിച്ചായിരുന്നു..."

1857ൽ ഇന്ത്യയിലെ സ്വാതന്ത്ര്യസമര പോരാട്ടത്തെ അടിച്ചമർത്താനായി 50 അശ്വഭടന്മാരെ അയച്ചുകൊടുത്തതിന്റെ പ്രത്യുപകാരമായും നേരത്തെ കൈവശമുണ്ടായിരുന്ന 80 ഗ്രാമങ്ങൾ പിടിച്ചെടുത്ത വകയിലും 700 രൂപ വാർഷിക പെൻഷൻ (മാലിഖാൻ) അനുവദിച്ചിരുന്നു ബ്രിട്ടീഷ് ഗവൺമെന്റ്. അത് പിതാവിന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ മരണത്തോടെ ഉണ്ടായ ആശങ്ക.

തുടർന്നെഴുതുന്നു: "എന്തൊക്കെ പ്രയാസങ്ങളാണ് സഹിക്കേണ്ടിവരിക എന്നറിയില്ല. ആ സമയത്താണ് രണ്ടാമത്തെ ഇൽഹാം അവതരിച്ചത്: 'തന്റെ ദാസന് അല്ലാഹു മതിയാവില്ലേ?' ഇത് അത്ഭുതകരമായ സമാധാനവും സ്വാസ്ഥ്യവും നൽകി" (പേജ് 20)

ആ കാലഘട്ടത്തെക്കുറിച്ച് 'ഹഖീഖതുൽവഹ്‌യി'ൽ അദ്ദേഹം വിവരിക്കുന്നുണ്ട്. 'മാസം 10 രൂപ പോലും വരുമാനം ഇല്ലാതിരുന്ന, ആരോരുമറിയാതെ കഴിഞ്ഞിരുന്ന, ആ കാലഘട്ടത്തിൽ മൂന്നു ലക്ഷത്തിലധികം രൂപ വരുമാനം ഉണ്ടായി എന്നതാണ് സത്യം.' എങ്ങനെയെന്നല്ലേ? ആ വാചകം കൊത്തിവെച്ച മോതിരം വ്യാപകമായി വിൽപന നടത്തുകയായിരുന്നു അദ്ദേഹം. എന്നുവച്ചാൽ രണ്ടാമത്തെ വഹ്‌യ് വിറ്റു കാശാക്കി എന്നർഥം!

**ഇക്കഴിഞ്ഞ JEE പരീക്ഷ വഴി 16614 കുട്ടികൾ ഐഐടികളിൽ അഡ്മിഷൻ നേടിയപ്പോൾ അതിൽ കേവലം 181 മലയാളികൾ മാത്രമാണുള്ളത്. CUET എന്ന പുതിയ പ്രവേശന പരീക്ഷ ഇക്കഴിഞ്ഞ വർഷം നിലവിൽ വന്നപ്പോൾ കേന്ദ്ര സർവ കലാശാലകളിൽ പഠിക്കുന്ന കേരള സിലബസുകാർ മുൻവർഷത്തെ അപേക്ഷിച്ച് നാലിലൊന്നായി കുറഞ്ഞു എന്ന വാർത്ത നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.**




# കിഴിക്കാനും ഹരിക്കാനുമറിയാത്ത കേരളം!

**മുഹമ്മദ് അജ്മൽ**
: 81243 01015

'പ്രഥം' എന്ന സന്നദ്ധ സംഘടന റൂറൽ ഇന്ത്യയിൽ സർവേ നടത്തി നമ്മുടെ സ്കൂളുകളെ സംബന്ധിച്ചും വിദ്യാർഥികളുടെ പഠനനിലവാരത്തെ കുറിച്ചും തയ്യാറാക്കിയ ASER-Annual Status of Education Report 2022ലെ കണ്ടെത്തലുകൾ ഞെട്ടിപ്പിക്കുന്നതാണ്! 19060 ഗ്രാമങ്ങളിൽ ഏഴ് ലക്ഷത്തോളം വിദ്യാർഥികളിലാണ് സർവേ നടത്തിയത്.

പൊതുവെ മനുഷ്യവിഭവശേഷി സൂചികകളിൽ രാജ്യത്ത് ഒന്നാമത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ, സാക്ഷര, ആരോഗ്യരംഗങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് മലയാളികൾ. നമ്മുടെ സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഇന്ന് സ്വകാര്യ മേഖലയോട് കിടപിടിക്കുന്നതാണ്. എന്നാൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ പുറംപൂച്ചിലും മോടി പിടിപ്പിക്കലുകളിലും ഒതുങ്ങുന്നോ എന്ന് സംശയം പ്രകടിപ്പിക്കുന്നു ASER!


### ASER കണ്ടെത്തലുകൾ

ASER സർവേ പ്രകാരം കേരളത്തിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ 44.4% പേർക്ക്മാത്രമാണ് രണ്ട് സംഖ്യകൾ ഹരിക്കാനറിയുക! അഞ്ചാം ക്ലാസ്സിൽ ഇത് 26.6% ശതമാനം മാത്രം! അതായത് ഹൈസ്കൂളുകളിലേക്ക് കടക്കുന്ന കുട്ടികളിൽ പകുതിയിലധികം പേർക്കും കണക്കിന്റെ അടിസ്ഥാന പാഠങ്ങൾ അറിയില്ല എന്നർഥം! ഇതിൽ സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ ഹരിക്കാനറിയുന്നവർ 54.3% ആണെങ്കിൽ സർക്കാർ സ്കൂളുകളിൽ അത് വെറും 39.9% മാത്രം!

സ്വാഭാവികമായും കോവിഡ് കാലഘട്ടത്തിലെ സ്കൂളിംഗിന്റെ അഭാവമല്ലേ കാരണം എന്ന് തോന്നാം.എന്നാൽ കണക്കുകൾ സൂചിപ്പിക്കുന്നത് അങ്ങനെയല്ല എന്നാണ്. 2018ൽ ഹരിക്കാനറിയുന്നവരുടെ എണ്ണം 51.8% ആയിരുന്നു. 2014ൽ ഇത് 59.4%, 2012ൽ 75 ശതമാനവും! കഴിഞ്ഞ പത്ത് വർഷംകൊണ്ട് കുട്ടികളുടെ ഗണിതശേഷിയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട് എന്നു വ്യക്തം! 2012ൽ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ 52.7% പേർക്ക് കിഴിക്കാൻ അറിയാമായിരുന്നെങ്കിലും 2022ൽ അത് 38.6% ആയി കുറഞ്ഞു.

### കണക്കിൽ പിന്നാക്കം പോയാൽ?

കണക്കിൽ പിന്നാക്കം പോകുന്നത് ഉന്നത വിദ്യാഭ്യാസത്തിലും മത്സര പരീക്ഷകളിലും കേരളത്തിലെ കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നു. കാരണം JEE, NEET, CUET തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള എല്ലാ മത്സരപരീക്ഷകളിലും UPSC, SSC തുടങ്ങിയ മികച്ച കേന്ദ്ര ഉദ്യോഗങ്ങളിലേക്കുള്ള പരീക്ഷകളിലും കണക്ക്, മെന്റൽ എബിലിറ്റി, കണക്ക് നന്നായി അറിയേണ്ട ഫിസിക്സ്, കെമിസ്ട്രി തുടങ്ങിയ വിഷയങ്ങൾ അതിപ്രധാനമാണ്. ഇക്കാരണംകൊണ്ടുതന്നെ ഇടക്കാലത്ത് ഈ പരീക്ഷകളിൽ മലയാളി വിദ്യാർഥികളുടെ പ്രകടനം വളരെ മോശമായി വന്നിട്ടുണ്ട്. ഇക്കഴിഞ്ഞ JEE പരീക്ഷ വഴി 16614 കുട്ടികൾ ഐഐടികളിൽ അഡ്മിഷൻ നേടിയപ്പോൾ അതിൽ കേവലം 181 മലയാളികൾ മാത്രമാണുള്ളത്. CUET എന്ന പുതിയ പ്രവേശന പരീക്ഷ ഇക്കഴിഞ്ഞ വർഷം നിലവിൽ വന്നപ്പോൾ കേന്ദ്ര സർവകലാശാലകളിൽ



# ‘കണക്കിൽ’ വലഞ്ഞ് കേരളം

സപ്ന സഞ്ജീവ്
ന്യൂഡൽഹി

▸ കേരളത്തിലെ സ്കൂൾ വിദ്യാർഥികളുടെ ഗണിതപഠനനിലവാരം കുത്തനെ കുറഞ്ഞതായി റിപ്പോർട്ട്. സർക്കാർ-സ്വകാര്യ സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ വിദ്യാർഥികളിൽ 20.3 ശതമാനം പേർക്കും ഒറ്റ അക്ക സംഖ്യകളെ തിരിച്ചറിയാൻപോലും സാധിക്കുന്നില്ലെന്ന് സന്നദ്ധസംഘടനായ 'പ്രഥമി'ന്റെ വാർഷിക വിദ്യാഭ്യാസനിലവാര റിപ്പോർട്ടിൽ (എ.എസ്.ഇ.ആർ.-റൂറൽ) പറയുന്നു. കൂട്ടൽ, കുറയ്ക്കൽ, ഹരണം എന്നിവ അടിസ്ഥാനമാക്കിയായിരുന്നു പഠനം.

**ഇംഗ്ലീഷിൽ മുന്നേറ്റം**

കണക്കിൽ പിറകോട്ടാണെങ്കിലും ഇംഗ്ലീഷിൽ സ്വകാര്യ സ്കൂളുകളിലെ കുട്ടികൾ മുന്നേറി.

**ദേശീയ നിലവാരം**

തമിഴ്നാട്, മിസോറം, ഹരിയാണ എന്നിവിടങ്ങളിലും ഗണിതമറിയുന്നവരുടെ ശതമാനം കുത്തനെ കുറഞ്ഞപ്പോൾ ജമ്മുകശ്മീർ, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നേരിയ മുന്നേറ്റമുണ്ടായി. അഞ്ചാംക്ലാസുകാരിൽ ഹരണം അറിയുന്നവരുടെ എണ്ണത്തിൽ ബിഹാർ, ഝാർഖണ്ഡ്, മേഘാലയ, സിക്കിം എന്നിവ ചെറിയ മുന്നേറ്റമുണ്ടാക്കി.

| കുറയ്ക്കാൻ അറിയുന്നവർ (മൂന്നാം ക്ലാസ്) | | | | |
|---|---|---|---|---|
| സർക്കാർ സ്കൂൾ | 2012 | 43.4 % | 2022 | 32.7% |
| സ്വകാര്യ സ്കൂൾ | 2012 | 58.50 % | 2022 | 47.7% |

| ഹരിക്കാനറിയുന്നവർ (അഞ്ചാം ക്ലാസ്) | | | | |
|---|---|---|---|---|
| സർക്കാർ സ്കൂൾ | 2012 | 38% | 2022 | 20.2% |
| സ്വകാര്യ സ്കൂൾ | 2012 | 51.5% | 2022 | 38.2 % |

| ഹരിക്കാനറിയുന്നവർ (എട്ടാം ക്ലാസ്) | | | | |
|---|---|---|---|---|
| സർക്കാർ സ്കൂൾ | 2012 | 74.7% | 2022 | 39.9% |
| സ്വകാര്യ സ്കൂൾ | 2012 | 75.2% | 2022 | 54.3% |

| ഇംഗ്ലീഷ് അറിയാവുന്നവർ (അഞ്ചാം ക്ലാസ്) | | | | |
|---|---|---|---|---|
| സർക്കാർ സ്കൂൾ | 2012 | 52.4% | 2022 | 60.3% |
| സ്വകാര്യ സ്കൂൾ | 2012 | 70% | 2022 | 83.6% |

| ഇംഗ്ലീഷ് അനായാസം വായിക്കുന്നവർ (എട്ടാം ക്ലാസ്) | | | | |
|---|---|---|---|---|
| സർക്കാർ സ്കൂൾ | 2012 | 85.6% | 2022 | 82.7% |
| സ്വകാര്യ സ്കൂൾ | 2012 | 86.3% | 2022 | 92.9% |

പഠിക്കുന്ന കേരള സിലബസുകാർ മുൻവർഷത്തെ അപേക്ഷിച്ച് നാലിലൊന്നായി കുറഞ്ഞു എന്ന വാർത്ത നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഇങ്ങനെ കേന്ദ്ര സർവീസുകളിലും സർവകലാശാലകളിലും മലയാളി പ്രാതിനിധ്യം കുറയുന്നു എന്ന അപകടകരമായ സാഹചര്യത്തിന്റെ പല കാരണങ്ങളിൽ ഒന്ന് ഗണിത പഠനത്തിലെ പിന്നാക്കാവസ്ഥയാണ്.

**കാരണങ്ങൾ പലത്**

എന്തുകൊണ്ട് നമ്മുടെ ഹൈസ്കൂൾ വിദ്യാർഥികൾക്ക് അടിസ്ഥാന ഗണിതം ചെയ്യാനറിയില്ല? പ്രധാന അപരാധി നമ്മുടെ സിലബസാണ്. കേരള സർക്കാർ ഗണിത പാഠപുസ്തകങ്ങൾ ദേശീയ പാഠപുസ്തകങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്നവയല്ല. ഉള്ളടക്കവും പഠിപ്പിക്കുന്ന രീതിശാസ്ത്രവും അശാസ്ത്രീയമാണ്. ഒരു ചരിത്ര പാഠപുസ്തകം വായിച്ച് പോകുന്ന പോലെ വായിച്ച് പോകേണ്ട ഒന്നല്ല ഗണിത പുസ്തകം. അതോടൊപ്പം നിലവാരം പുലർത്താത്ത സ്കൂൾ പരീക്ഷകളും കൈയയച്ചുള്ള മൂല്യനിർണയവും വിഷയ സംബന്ധിയായി കുട്ടികൾക്ക് എത്രത്തോളം അറിവുണ്ട് എന്ന് പരീക്ഷിക്കുന്നതല്ല, മറിച്ച് നല്ല ഗ്രേഡ് നൽകുക എന്നത് മാത്രമാണ് പലപ്പോഴും ലക്ഷ്യം. കുട്ടികൾക്കോ രക്ഷിതാക്കൾക്കോ അവർ എവിടെ എത്തിനിൽക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയാത്തത് സ്വാഭാവികമായ നിലവാരത്തകർച്ചക്ക് കാരണമാകുന്നു.

കുട്ടികൾളെ ചെറിയക്ലാസ്സുകളിലടക്കം കണക്ക് പഠിപ്പിക്കുന്ന അധ്യാപകർ എത്രത്തോളം വൈദഗ്ധ്യമുള്ളവരാണ് എന്നതും ഗൗരവമായി ചിന്തിക്കേണ്ടതാണ്. കണക്കിനെ പോലുള്ള സ്വതവേ ബുദ്ധിമുട്ടുള്ള വിഷയം പഠിപ്പിക്കുന്ന അധ്യാപകരിൽ പലരും സ്വയം ആ വിഷയത്തെ വെറുക്കുന്നവരാണ്, ആ വിഷയത്തിൽ ശാസ്ത്രീയമായ പരിശീലനം സിദ്ധിക്കാത്തവരുമാണ്. ഈ കാരണംകൊണ്ട് തന്നെ കുട്ടികൾ പലപ്പോഴും കണക്ക് എന്ന വിഷയത്തെയല്ല വെറുക്കുന്നത്, അത് പഠിപ്പിക്കുന്ന അധ്യാപകരെയാണ്. ഈ വെറുപ്പ് ഉയർന്ന ക്ലാസ്സുകളിലേക്കും അവർ കൊണ്ടുപോകുന്നു.

**പരിഹാര മാർഗങ്ങൾ?**

സമൂലമായ പരിഷ്കരണങ്ങൾ ഗണിതവിദ്യാഭ്യാസത്തിൽ അനിവാര്യമാണ്, ഇല്ലെങ്കിൽ അത് നമ്മുടെ കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കും എന്ന് ASER പഠനം സൂചിപ്പിക്കുന്നു. കൂടുതൽ പ്രായോഗിക പരിശീലനത്തിലും അടിസ്ഥാനത്തിലുമൂന്നിയുള്ള സിലബസ് പരിഷ്കരണം, അധ്യാപകർക്കുള്ള ശാസ്ത്രീയമായ പരിശീലനം, പ്രതിഭകൾക്ക് അധ്യാപനത്തിലേക്കുള്ള വഴി തുറക്കാൻ മാന്യമായ വേതനം ഉറപ്പു വരുത്തൽ തുടങ്ങിയവ പ്രധാനമാണ്. (ലോകത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സമ്പ്രദായം നിലവിലുള്ള ഫിൻലാന്റിൽ ഏറ്റവും മികച്ച ശമ്പളം വാങ്ങുന്നത് അധ്യാപകരാണ് എന്നത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്). അതോടൊപ്പം വിവിധ മത്സരപരീക്ഷകളെക്കുറിച്ചുള്ള കൃത്യമായ അവബോധം കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകുകയും അവയിലേക്കുള്ള പരിശീലനത്തിന് അവസരം നൽകുകയും വേണം! ■

> **സമൂലമായ പരിഷ്കരണങ്ങൾ ഗണിതവിദ്യാഭ്യാസത്തിൽ അനിവാര്യമാണ്, ഇല്ലെങ്കിൽ അത് നമ്മുടെ കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കും എന്ന് ASER പഠനം സൂചിപ്പിക്കുന്നു. കൂടുതൽ പ്രായോഗിക പരിശീലനത്തിലും അടിസ്ഥാനത്തിലുമൂന്നിയുള്ള സിലബസ് പരിഷ്കരണം, അധ്യാപകർക്കുള്ള ശാസ്ത്രീയമായ പരിശീലനം, പ്രതിഭകൾക്ക് അധ്യാപനത്തിലേക്കുള്ള വഴി തുറക്കാൻ മാന്യമായ വേതനം ഉറപ്പു വരുത്തൽ തുടങ്ങിയവ പ്രധാനമാണ്. അതോടൊപ്പം വിവിധ മത്സരപരീക്ഷകളെക്കുറിച്ചുള്ള കൃത്യമായ അവബോധം കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകുകയും അവയിലേക്കുള്ള പരിശീലനത്തിന് അവസരം നൽകുകയും വേണം!**



# കൗമാരം കരുതലോടെ

ഡോ. യാസ്മിൻ എം അബ്ബാസ്
പട്ടാമ്പി

കൗമാര പ്രായത്തിലെത്തിയ കുട്ടികളെ വളരെ കരുതലോടെ കൈകാര്യം ചെയ്യുവാൻ മാതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടിത്തം മാറുകയും എന്നാൽ മുതിർന്നവരുടെതായ ഉത്തരവാദിത്തങ്ങളിലേക്ക് എത്തിയിട്ടുമില്ലാത്ത, ആസ്വാദ്യകരമായ ഒരു കാലഘട്ടമാണ് കൗമാരം. ലൈംഗിക ഹോർമോണുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ പ്രായത്തിൽ നടക്കുന്നതുകൊണ്ട് ശാരീരിക, മാനസിക വളർച്ചകൾ ഈ പ്രായത്തിൽ കൂടുതൽ പ്രകടമാകുന്നു.

വിദ്യാഭ്യാസം, പ്രൊഫഷൻ, സൗഹൃദം, വിവാഹം, കുടുംബം തുടങ്ങിയ വിഷയങ്ങളിലെല്ലാം പുതിയ സങ്കൽപങ്ങൾ ഉണ്ടാവുകയും ജീവിക്കുന്ന ചുറ്റുപാടുകൾ ഇത്തരം വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകളിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ഒരു കാലഘട്ടം കൂടിയാണിത്. അതുകൊണ്ട് തന്നെ സമൂഹ മാധ്യമങ്ങളിലും മറ്റും മക്കൾ ഇടപെടുന്ന മേഖലകളെ കുറിച്ച് രക്ഷിതാക്കൾ ബോധവാന്മാരാകേണ്ടതുണ്ട്. അവർക്ക് ശരിയായ ദിശാബോധം നൽകാനും നന്മകളിലേക്ക് പ്രചോദനമേകാനും ഉതകുന്ന സാഹചര്യം രക്ഷിതാക്കൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

എല്ലാം അറിയാനും അനുകരിക്കാനും വെമ്പൽകൊള്ളുന്നതും കാര്യങ്ങളിൽ പക്വമായ തീരുമാനങ്ങൾ സ്വന്തമായി എടുക്കാൻ കഴിയാത്തതുമായ ഒരു കാലഘട്ടം കൂടിയായതിനാൽ അവർക്ക് എല്ലാം തുറന്നു സംസാരിക്കാൻ മാത്രമുള്ള ഒരു അടുപ്പം മാതാപിതാക്കളുമായി ഉണ്ടായിരിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഉമ്മമാർ ഇക്കാര്യത്തിൽ കൂടുതൽ മുൻകൈയെടുക്കേണ്ടതുണ്ട്. ലിബറലിസം, ജെന്റർ ന്യൂട്രാലിറ്റി തുടങ്ങിയ തെറ്റായ കാഴ്ചപ്പാടുകൾ ഇവരെ പെട്ടെന്നുതന്നെ സ്വാധീനിക്കാൻ സാധ്യതയുണ്ട്. അവയുടെ അപകടങ്ങൾ അവരെ ബോധ്യപ്പെടുത്താൻ ആവശ്യമായ പ്രഭാഷണങ്ങൾ അവരെ കേൾപ്പിക്കുന്നത് നല്ലതാണ്.

പെൺകുട്ടികൾ മുഖമക്കനകൾ മാറിലൂടെ താഴ്ത്തിയിടുന്നതും ആൺകുട്ടികൾ നെരിയാണിക്ക് താഴെയിറങ്ങാത്ത വസ്ത്രം ധരിക്കുന്നതുമെല്ലാം അപരിഷ്കൃതമായ രീതികളാണെന്ന തോന്നൽ നമ്മുടെ മക്കളുടെയുള്ളിൽ വളരാതെ നോക്കണം. അതിന്, ഇസ്‌ലാം അഭിമാനമാണ് എന്ന ബോധം അവരിൽ ഉണ്ടാകേണ്ടതുണ്ട്. വ്യക്തമായ ബോധ്യപ്പെടലുകളിൽനിന്ന് മാത്രമെ ശരിയായ തീരുമാനങ്ങൾ ഉണ്ടാവുകയുള്ളൂ. അതിനാണ് നാം പരിശ്രമിക്കേണ്ടത്. അമിതമായ നിയന്ത്രണങ്ങളോ നിർബന്ധങ്ങളോ കൊണ്ട് ഒരിക്കലും ഈ പ്രായക്കാരെ നമുക്ക് നേർവഴിക്ക് നടത്താനാവില്ല.

ഫാഷൻ വസ്ത്രങ്ങളോട് ഭ്രമം തോന്നിത്തുടങ്ങുന്ന ഈ പ്രായത്തിൽ കൃത്യമായി ഇടപെട്ട് ഇസ്‌ലാമിക വസ്ത്രധാരണ രീതി അവരെ ശീലിപ്പിക്കണം. വസ്ത്രം ഇടുങ്ങിയതോ, നേർത്തതോ ആവരുത്. പുറത്തിറങ്ങുമ്പോൾ സുഗന്ധം പുരട്ടുന്നത് പെൺകുട്ടികൾക്ക് അനുവദനീയമല്ല എന്നും കാഴ്ചക്കാരെ പ്രലോഭിപ്പിക്കുംവിധം അണിഞ്ഞൊരുങ്ങി നടക്കുന്നവരെ വ്യഭിചാരികളുമായാണ് താരതമ്യപ്പെടുത്തിയിട്ടുള്ളത് എന്നും വസ്ത്രം ധരിച്ചിട്ടും നഗ്നത മറയാത്ത രീതിയിൽ നടക്കുന്ന സ്ത്രീകൾക്ക് സ്വർഗത്തിന്റെ സുഗന്ധം പോലും ലഭിക്കുകയില്ല എന്നുമുള്ള ഗൗരവമേറിയ മുന്നറിയിപ്പുകൾ ഇസ്‌ലാം നൽകിയിട്ടുണ്ടെന്ന കാര്യം അവരെ ബോധ്യപ്പെടുത്തണം.


സ്വഭാവ രൂപീകരണത്തിൽ വലരെയധികം സ്വാധീനം ചെലുത്തുന്ന ഒരു കാര്യമാണ് കൂട്ടുകെട്ട്. തെറ്റായ കൂട്ടുകെട്ടുകൾ വഴിയാണ് മിക്ക കൗമാരക്കാരും ലഹരി മാഫിയകളുടെ പിടിയിലകപ്പെട്ട് പോകുന്നത്. 'എന്റെ ശരീരം; എന്റെ ഇഷ്ടം' പോലെയുള്ള അവകാശവാദങ്ങൾ അതിരുകളില്ലാത്ത തിന്മകളിലേക്ക് നമ്മുടെ മക്കളെ നയിക്കും. ഇത്തരം ചിന്താഗതികളിൽ നമ്മുടെ മക്കൾ പെട്ടുപോകാതിരിക്കാൻ സ്കൂളുകളിലും സോഷ്യൽ മീഡിയകളിലും അവർ നല്ല കൂട്ടുകെട്ടിൽ മാത്രമാണെന്ന് നാം ഉറപ്പ് വരുത്തുകയും അവരുടെ ഏറ്റവും നല്ല സുഹൃത്തും വഴികാട്ടിയുമായി നമ്മൾ കൂടെയുണ്ടാവുകയും വേണം.

# ആയുസ്സ്



നൂർജഹാൻ പൊക്കുന്ന്

നീ എന്നെ പിന്നിലാക്കി,
തിരിഞ്ഞൊന്നു നോക്കാതെ
ധൃതികൂട്ടിപ്പോകുന്നത്
എങ്ങോട്ടാണ്?
എന്റെ മോഹങ്ങൾ
സഫലീകരിക്കാനിടതരാതെ
നീ മുന്നോട്ടു പോവുകയാല്ലോ!
എന്റെ ശൈശവവും ബാല്യവും
കൗമാരവും യൗവനവും
നീ കവർന്നെടുത്തുകഴിഞ്ഞു!
ഇനി ശേഷിക്കുന്നത്
വാർധക്യത്തിലെ
അൽപം ദിനരാത്രങ്ങൾ മാത്രം!
കാലമേ, ആർക്കുവേണ്ടിയും
കാത്തുനിൽക്കാതെ
നീ പ്രയാണത്തിലാണ്.
തീരാത്ത ആർത്തിയുമായി
ആളുകൾ ഓട്ടത്തിലാണ്.
ഒടുവിൽ,
സഫലീകരിക്കപ്പെടാത്ത
ഒരായിരം കിനാക്കളുമായി
ആറടി മണ്ണിൽ
അലിഞ്ഞു ചേരുന്നു;
പണ്ഡിതനും പാമരനും
ധനികനും ദരിദ്രനും
രാജാവും പ്രജയും!
അതിൽ ആർക്കും ഇളവില്ല!
എന്റെ ആയുസ്സിനെ
പിടിച്ചുനിർത്താനായെങ്കിലെന്ന്
വെറുതെ ആശിക്കുന്നു ഞാൻ;
അതെ, ഒരിക്കലും
പൂവണിയാത്ത മോഹമാണിതും!



# ഭൂചലനങ്ങൾ എന്തുകൊണ്ട്?

**ഡോ. ടി. കെ യൂസുഫ്**
:9349798262

തുർക്കിയിലും സിറിയയിലും ഉണ്ടായ ഭൂകമ്പം കൊടും ദുരന്തമായി. അരലക്ഷത്തോളം ആളുകൾക്ക് ജീവഹാനി നേരിട്ടു. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായി. ഒട്ടേറെ വീടുകളും സ്ഥാപനങ്ങളും നാമാവശേഷമായി മാറി. അനേകായിരങ്ങൾക്ക് പരിക്കുപറ്റി. മനുഷ്യത്വമുള്ളവരെ മുഴുവൻ വല്ലാതെ വേദനിപ്പിച്ച സംഭവം.

ഭൂചലനത്തെക്കുറിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്ന ഒരു വസ്തുത ഭൂമി എന്നും കുലുങ്ങുന്നുണ്ട് എന്നാണ്! ഭൂമിക്കുള്ളിൽ ദിനേന എണ്ണായിരത്തോളം ചെറുചലനങ്ങൾ നടക്കുന്നുണ്ട് എന്നാണ് ഭൂഗർഭ ശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തുന്നത്. പക്ഷേ, അവയെല്ലാം വളരെ നേരിയതും സൂക്ഷ്മവുമായതുകൊണ്ട് നമ്മൾ അറിയാതെ പോകുകയാണ്. എന്നാൽ റിക്ടർ സ്കെയിലിൽ മൂന്നിനു മുകളിൽ രേഖപ്പെടുത്തുമ്പോൾ നാം അത് അറിയുകയും അതിന്റെ തോത് മൂന്ന് ഡിഗ്രിയിലും അധികരിക്കുന്നതിനുസരിച്ച് നാശനഷ്ടങ്ങൾ വർധിക്കുകയും ചെയ്യും. ഭൗമാന്തർഭാഗത്തെ മാന്റിൽ എന്ന പേരിലറിയപ്പെടുന്ന തകിടുകൾ തെന്നിനീങ്ങുന്നതിനിടയിൽ പരസ്പരം കൂട്ടിയിടിക്കാൻ ഇടവരികയും അതുമൂലം ഭുമിക്കടിയിൽ ഒരു സമ്മർദം രൂപപ്പെടുകയും ചെയ്യും. ഈ സമ്മർദത്തിന് ഭൂമിയുടെ അകത്തളത്തിൽ നിൽക്കക്കള്ളിയില്ലാതെ വരുമ്പോൾ അത് ഭൂമിയുടെ പുറംതോട് പൊട്ടിച്ച് ബഹിർഗമിക്കാൻ ശ്രമിക്കും അപ്പോഴാണ് ഭൂമി കുലുങ്ങുന്നത്. റിക്ടർ സ്കെയിലിൽ അഞ്ചിലധികം വരുന്ന ഒരു പ്രകമ്പനത്തിലൂടെ ഒരു ആറ്റംബോംബിന്റെ മുപ്പത് ഇരട്ടി ഊർജമെങ്കിലും ബഹിർഗമിക്കുന്നുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്!

**"അന്ത്യദിനം സംഭവിക്കുകയില്ല; അറിവ് പിടിക്കപ്പെടുകയും ഭൂകമ്പങ്ങൾ വർധിക്കുകയും സമയങ്ങൾ അടുത്തുവരികയും കുഴപ്പങ്ങൾ പ്രകടമാവുകയും കൊലപാതകങ്ങൾ അധികരിക്കുകയും ചെയ്തിട്ട ല്ലാതെ. അതോടൊപ്പം സമ്പത്ത് വർധിച്ച് ഒഴുകുകയും ചെയ്യും''**
**നബി(സ്വ)**

മനുഷ്യൻ ഇതുവരെ ആർജിച്ച ശാസ്ത്ര-സാങ്കേതിക വിദ്യകൾ

**ഭൂമി ആകമാനം ഒറ്റയടിക്ക് കുലുങ്ങുന്നില്ല എന്നത് ഒരു ഭാഗ്യമാണ്. ചില പ്രത്യേക രാജ്യങ്ങളെ ഭൂചലന സാധ്യയുള്ള പ്രദേശങ്ങളിൽ എണ്ണിയിട്ടുണ്ട്. അവിടങ്ങളിലല്ലാതെയും പ്രകമ്പനങ്ങൾ നടന്നിട്ടുണ്ട്. ഭൂകമ്പം എപ്പോൾ, എവിടെ സംഭവിക്കും എന്ന് കൃത്യമായി മുൻകൂട്ടി പ്രവചിക്കാൻ സാധിച്ചാൽ അത് മാനവകുലത്തിന് വലിയ ഒരു നേട്ടമായിരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇപ്പോൾ നടന്നുവരുന്ന ഭൂഗർഭശാസ്ത്ര പഠനങ്ങളെ ആസ്പദമാക്കിയിട്ടുള്ള പ്രവചനങ്ങൾ എല്ലായിടത്തും ഫലപ്രദമല്ല എന്നതിലുപരി അത് വലിയ പണച്ചെലവുള്ള കാര്യമായതുകൊണ്ട് ദരിദ്ര രാജ്യങ്ങൾക്ക് താങ്ങാനാവുന്നതുമല്ല.**

കൊണ്ടൊന്നും ഭൂചലനത്തെ മുൻകൂട്ടി കാണാനോ അതിന് കടിഞ്ഞാണിടാനോ കഴിഞ്ഞിട്ടില്ല. ഭൂകമ്പം നടന്നതിന് ശേഷം റിക്ടർ സ്കെയിലിൽ അത് ഇത്ര ഡിഗ്രി രേഖപ്പെടുത്തി എന്ന് പറയാൻ മാത്രമാണ് ശാസ്ത്രത്തിനാവുന്നത്. അതാകട്ടെ ദുരന്തത്തിന്റെ നാശനഷ്ടങ്ങൾ ദൃശ്യമായതിന് ശേഷമായതുകൊണ്ട് അതുമൂലം പ്രത്യേകിച്ച് രക്ഷാസംവിധാനങ്ങളൊന്നും കൈകൊള്ളാനാവുകയില്ല. ഭൂമിക്കടിയിലെ തരംഗങ്ങളുടെ ഊർജ പ്രതിഭാസങ്ങളിൽനിന്ന് ലഭിക്കുന്ന ഡാറ്റകൾ അപഗ്രഥനത്തിന് വിധേയമാക്കിക്കൊണ്ട് ഭൂചലനത്തിന്റെ സാധ്യതകൾ മുൻകൂട്ടി പ്രവചിക്കാൻ ചില വികസിത രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർക്ക് അൽപമൊക്കെ കഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. ജനങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിപ്പാർപ്പിച്ച് ആൾനാശം കുറക്കാൻ മാത്രമെ അതുകൊണ്ടും സാധ്യമാകുകയുള്ളൂ.

ഭൂമി ആകമാനം ഒറ്റയടിക്ക് കുലുങ്ങുന്നില്ല എന്നത് ഒരു ഭാഗ്യമാണ്. ചില പ്രത്യേക രാജ്യങ്ങളെ ഭൂചലന സാധ്യയുള്ള പ്രദേശങ്ങളിൽ എണ്ണിയിട്ടുണ്ട്. അവിടങ്ങളിലല്ലാതെയും പ്രകമ്പനങ്ങൾ നടന്നിട്ടുണ്ട്. 1906ൽ അമേരിക്കയിലെ മിസിസിപ്പിയിൽ മൂവായിരത്തിലധികം ആളുകളുടെ നാശത്തിന് കാരണമായ വൻ ഭൂചലനം നടന്നത് ഇതിനു തെളിവാണ്. ഭൂകമ്പം എപ്പോൾ, എവിടെ സംഭവിക്കും എന്ന് കൃത്യമായി മുൻകൂട്ടി പ്രവചിക്കാൻ സാധിച്ചാൽ അത് മാനവകുലത്തിന് വലിയ ഒരു നേട്ടമായിരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇപ്പോൾ നടന്നുവരുന്ന ഭൂഗർഭശാസ്ത്ര പഠനങ്ങളെ ആസ്പദമാക്കിയിട്ടുള്ള പ്രവചനങ്ങൾ എല്ലായിടത്തും ഫലപ്രദമല്ല എന്നതിലുപരി അത് വലിയ പണച്ചെലവുള്ള കാര്യമായതുകൊണ്ട് ദരിദ്ര രാജ്യങ്ങൾക്ക് താങ്ങാനാവുന്നതുമല്ല.

ശാസ്ത്ര-സാങ്കേതിക വിദ്യയുടെ ഉന്നതിയിൽ വിരാജിക്കുന്ന മനുഷ്യന് ഭൂകമ്പത്തെക്കുറിച്ച് മുൻകൂട്ടി അറിയാൻ കഴിയില്ലെങ്കിലും ചില ജന്തുജാലങ്ങൾക്ക് അത് അറിയാനുള്ള ജന്മവാസനയുണ്ട് എന്നതിന് ചില തെളിവുകൾ കാണപ്പെട്ടിട്ടുണ്ട്. ഭൂകമ്പത്തിനു മുന്നോടിയായുണ്ടാകുന്ന ചില കാന്തിക തരംഗങ്ങളുടെ സ്വാധീനഫലമായിരിക്കാം അവ വിചിത്രമായ ചില ശാരീരിക ചേഷ്ടകൾ കാണിക്കാറുണ്ട്. 1973ൽ ചൈനയിൽ നടന്ന ഭൂചലനത്തിനു മുമ്പായി പാമ്പുകളും മറ്റു ഉരഗങ്ങളും കൂട്ടംകൂട്ടമായി മാളങ്ങളിൽ നിന്ന് പുറത്തുവന്ന ഒരു പ്രതിഭാസം ജനങ്ങൾ ശ്രദ്ധിക്കുകയുണ്ടായി, പിന്നീടുണ്ടായ ഒരു ഭൂചലനത്തിൽ ഈ അപായസൂചന കണക്കിലെടുത്ത് ആളുകളെ വീടുകളിൽനിന്ന് മാറ്റിപ്പാർപ്പിച്ചതുകൊണ്ട് പ്രസ്തുത പ്രകമ്പനത്തിൽ കെട്ടിടങ്ങളും പാലങ്ങളും തകർന്നെങ്കിലും ജീവപായം താരതമ്യേന കുറവായിരുന്നു. എന്നാൽ ചൈനയിൽതന്നെ പ്രവചനത്തിനും സുരക്ഷക്കും ഇടം കൊടുക്കാതെയും ഭൂചലനങ്ങൾ അരങ്ങേറിയിട്ടുണ്ട്. ഒരിക്കൽ ചൈനയിൽ സംഭവിച്ച വൻഭൂകമ്പത്തിനു മുമ്പായി തവളകൾ കൂട്ടത്തോടെ പുറത്തുവരികയും ചില ജീവികൾ ചകിതരാകുകയും ചെയ്തിരുന്നു. പക്ഷേ, ഈ ലക്ഷണങ്ങൾ ആരും കാര്യമായി ഗൗനിക്കുകയുണ്ടായില്ല.





ലോകത്തെ ഞെട്ടിച്ച സുനാമിയെക്കുറിച്ച് ആർക്കും മുന്നറിയിപ്പ് നൽകാൻ കഴിഞ്ഞിട്ടില്ലെന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ പിന്നീട് നൽകിയ മുന്നറിയിപ്പുകളിൽ പലതും അസ്ഥാനത്തായിരുന്നു. ഇങ്ങനെ കാലാവസ്ഥാ പ്രവചനം പോലുള്ള മുന്നറിയിപ്പുകൾ ജനങ്ങളെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിറുത്തി അസ്വസ്ഥരാക്കുന്നതിലുപരി സാമ്പത്തിക നഷ്ടത്തിനും വഴിവെക്കാനിടയുണ്ട്. റഷ്യയും ജപ്പാനും ഒരിക്കൽ മുന്നറിയിപ്പിനെ തുടർന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ചെങ്കിലും ആ അധ്വാനം വൃഥാവിലാകുകയാണുണ്ടായത്. അതുപോലെ മറ്റുചില രാജ്യങ്ങളിൽ ഭൂകമ്പത്തിനിടയുണ്ടെന്ന മുന്നറിയിപ്പിനെ തുടർന്ന് ടൂറിസ്റ്റുകൾ വരാതിരിക്കുകയും വിനോദസഞ്ചാരത്തിൽ നിന്ന് ലഭിക്കാനിടയുണ്ടായിരുന്ന വരുമാനം കുറയാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്.

ഭൂചലനങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഒരു പ്രവാചക പ്രവചനം അന്വർഥമാകുന്നതായി കാണാൻ കഴിയും. ലോക ചരിത്രത്തിൽ ഒട്ടനവധി ഭൂകമ്പങ്ങൾ അരങ്ങേറിയിട്ടുണ്ടെങ്കിലും കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടക്ക് സംഭവിച്ചത്  മാത്രമെ സ്ഥലവും തീയതിയും അടക്കം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളൂ. 1906ൽ അമേരിക്കയിൽ മൂവായിരം പേരുടെ മരണത്തിനിടയാക്കിയ ഭൂചലനത്തിനു ശേഷം 1923ലാണ് ജപ്പാനിൽ ഒരു ലക്ഷത്തിലധികം പേരുടെ മരണത്തിൽ കലാശിച്ച ശക്തമായ ഒരു ഭൂചലനമുണ്ടായത്. അതായത് ഇരുപതു വർഷത്തെ ഇടവേളയിലാണ് ഈ രണ്ട് ചലനങ്ങൾ സംഭവിച്ചത്. പിന്നീട് പത്തു വർഷത്തെ ഇടവേളയിൽ 1935ൽ തായ്‌വാനിൽ ഒരു ചലനമുണ്ടായി. തുടർന്നുവന്ന വർഷങ്ങളിൽ രണ്ട് ഭൂചലനങ്ങൾ തമ്മിലുള്ള ഇടവേളകൾ കുറഞ്ഞുവരികയും 2003 ആയപ്പോഴേക്കും ഒരു വർഷത്തിൽതന്നെ നാലെണ്ണം സംഭവിക്കുന്ന അവസ്ഥ സംജാതമാകുകയും ചെയ്തു. 2005ൽ മൂന്ന് മാസത്തിനിടയിൽ രണ്ട് ചലനങ്ങൾ അരങ്ങേറി. 2006, 2007 എന്നീ വർഷങ്ങളിലും ഭൂകമ്പങ്ങൾക്ക് അവധിയുണ്ടായിട്ടില്ല. 2008ലെ ഏറ്റവും വലുതും ചൈനയിൽ നടന്നതാണ്. ഈയടുത്ത വർഷങ്ങളിൽ നടന്ന ഏറ്റവും വലിയ ഭൂചലനമാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്. ഇനിയുള്ള വർഷങ്ങളിൽ ഭൂചലനത്തിന്റെ എണ്ണം അധികരിക്കാനിടയുണ്ട് എന്നാണ് ഹദീസുകളിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത്. നബി(സ്വ) പറഞ്ഞു: “അന്ത്യദിനം സംഭവിക്കുകയില്ല; അറിവ് പിടിക്കപ്പെടുകയും ഭൂകമ്പങ്ങൾ വർധിക്കുകയും സമയങ്ങൾ അടുത്തുവരികയും കുഴപ്പങ്ങൾ പ്രകടമാവുകയും കൊലപാതകങ്ങൾ അധികരിക്കുകയും ചെയ്തിട്ടല്ലാതെ. അതോടൊപ്പം സമ്പത്ത് വർധിച്ച് ഒഴുകുകയും ചെയ്യും” (ബുഖാരി).

**അല്ലാഹുവിന്റെ ഹിതമനുസരിച്ച് നടക്കുന്ന കാര്യങ്ങളെ അങ്ങേയറ്റം പരിമിതമായ അറിവ് മാത്രമുള്ള മനുഷ്യൻ വ്യാഖ്യാനിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നത് തീർത്തും അപഹാസ്യമാണ്. എങ്കിലും പ്രകൃതിപ്രതിഭാസങ്ങളെ മനുഷ്യജീവിതവുമായി ബന്ധിപ്പിച്ച് വ്യാഖ്യനിക്കാനാണ് പൊതുജനങ്ങൾ ശ്രമിക്കാറുള്ളത്. പ്രവാചകന്റെ കാലത്ത് ഒരു ഗ്രഹണം സംഭവിച്ചപ്പോൾ തിരുമേനിയുടെ മകന്റെ നിര്യാണം കൊണ്ടാണ് അത് സംഭവിച്ചത് എന്ന് അവർ പറയുകയുണ്ടായി. പക്ഷേ, പ്രവാചകൻ(സ്വ) അത്തരം അബദ്ധ ധാരണകൾക്ക് അറുതിവരുത്തുകയാണ് ചെയ്തത്.**

എന്തുകൊണ്ടാണ് ഭൂമികുലുങ്ങുന്നത്? ഇത് വല്ല ദൈവിക ശിക്ഷയുമായിരിക്കുമോ? ആണെന്നോ അല്ലെന്നോ തീർപ്പുകൽപിക്കാൻ നമുക്കാവുകയില്ല. അല്ലാഹുവിന്റെ ഹിതമനുസരിച്ച് നടക്കുന്ന കാര്യങ്ങളെ അങ്ങേയറ്റം പരിമിതമായ അറിവ് മാത്രമുള്ള മനുഷ്യൻ വ്യാഖ്യാനിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നത് തീർത്തും അപഹാസ്യമാണ്. എങ്കിലും പ്രകൃതിപ്രതിഭാസങ്ങളെ മനുഷ്യജീവിതവുമായി ബന്ധിപ്പിച്ച് വ്യാഖ്യനിക്കാനാണ് പൊതുജനങ്ങൾ ശ്രമിക്കാറുള്ളത്. പ്രവാചകന്റെ കാലത്ത് ഒരു ഗ്രഹണം സംഭവിച്ചപ്പോൾ തിരുമേനിയുടെ മകന്റെ നിര്യാണം കൊണ്ടാണ് അത് സംഭവിച്ചത് എന്ന് അവർ

പറയുകയുണ്ടായി. പക്ഷേ, പ്രവാചകൻ(സ്വ) അത്തരം അബദ്ധധാരണകൾക്ക് അറുതിവരുത്തുകയാണ് ചെയ്തത്. അതുപോല പൂർവിക സമുദായങ്ങളിൽ ചില ആപത്തുകളൊക്കെ വരുമ്പോൾ അത് അവരിലേക്ക് നിയോഗിതരായ പ്രവാചകന്മാരുടെ ദുശ്ശകുനം കൊണ്ടാണ് എന്നാണ് അവർ പറഞ്ഞിരുന്നത്. എന്നാൽ ക്വുർആൻ ഇത്തരം പഴിചാരലുകൾ തിരുത്തിക്കൊണ്ട് പറഞ്ഞത് നിങ്ങളുടെ ശകുനം നിങ്ങളുടെ കൂടെത്തന്നെയാണ് എന്നാണ്.

അല്ലാഹു പൂർവിക സമൂഹങ്ങളിൽ പെട്ട ചില കൊടുംപാപികളെയും ധിക്കാരികളെയും പലവിധേനയും നശിപ്പിച്ചിട്ടുണ്ട് എന്നത് ഒരു സത്യമാണ്. ഭൂമിക്കടിയിലേക്ക് ആഴ്ത്തപ്പെട്ടവരും ഭൂമിയെ തലകീഴായി മറിച്ച് നശിപ്പിക്കപ്പെട്ടവരും അവരിലുണ്ട്. കൊടിയ പാപങ്ങളിൽ മുഴുകി ജീവിക്കുന്നവർ അല്ലാഹുവിന്റെ ശിക്ഷ വന്നെത്തുന്നതിനെക്കുറിച്ച് നിർഭയരാകേണ്ടതില്ല എന്ന് ക്വുർആനിൽ പലയിടത്തും പ്രസ്താവിക്കുന്നുമുണ്ട്.

"എന്നാൽ ദുഷിച്ച കുതന്ത്രങ്ങൾ പ്രയോഗിച്ചവർ, അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുകയില്ലെന്നോ, അവർ ഓർക്കാത്ത ഭാഗത്ത് കൂടി ശിക്ഷ വരികയില്ലെന്നോ സമാധാനിച്ചിരിക്കുകയാണോ?" (16:45).

കഴിഞ്ഞ ഒരുനൂറ്റാണ്ടിനിടയിൽ സംഭവിച്ച പ്രധാന ഭൂചലനങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന മറ്റൊരു വസ്തുത ഭൂകമ്പം ഒട്ടുമിക്ക ലോകരാജ്യങ്ങളെയും പിടികൂടിയിട്ടുണ്ട് എന്നാണ്. അമേരിക്ക, റഷ്യ, ജപ്പാൻ, ചൈന, ഇറ്റലി, ഇറാൻ, ഇന്ത്യ, തുർക്കി, അഫ്ഗാനിസ്ഥാൻ, ഇന്തോനേഷ്യ, അർമീനിയ തുടങ്ങി വികസിതവും വികസ്വരവുമായ എല്ലാ രാജ്യങ്ങളെയും ഈ ദുരന്തം ബാധിച്ചിട്ടുണ്ട്. ഇസ്‌ലാമിക് റിപ്പബ്ലിക്ക് എന്ന് സ്വയം അവകാശപ്പെടുന്ന, ശിയാക്കൾ ഭരിക്കുന്ന ഇറാനിലും 'പുരോഹിതരുടെ പുണ്യനഗരമായ' ഇറ്റ

> **ഭൂചലനം നാശംവിതച്ച രാജ്യങ്ങളിൽ ലോകത്തെ സകല മതസ്ഥരും മതതീവ്രവാദികളും മതേതരവാദികളും നിരീശ്വര-നിർമത പ്രസ്ഥാനത്തിന്റെ ആളുകളും അകപ്പെട്ടിട്ടുണ്ട്. ഈ പ്രകൃതിദുരന്തത്തിൽ നിന്ന് ഞങ്ങൾ മുക്തരാണ് എന്ന് വീമ്പിളക്കാൻ ആർക്കും കഴിയുകയില്ല എന്ന് സാരം. ഭൂചലനങ്ങൾ വർവർധിച്ചുവരുന്നത് അന്ത്യദിനത്തിന്റെ അടയാളമായി എണ്ണിയ പ്രവാചകൻ(സ്വ) അത് ആരെയാണ് ബാധിക്കുക എന്ന് പ്രത്യകം പരാമർശിച്ചിട്ടില്ല. എന്നാൽ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഇത്തരം ദുരന്തങ്ങൾ ഐഹിക ജീവിതത്തിലെ ഒരു പരീക്ഷണം തന്നെയാണ്.**

ലിയും മതനിരാസം നാടുവാണ റഷ്യയിലും അക്ഷരജ്ഞാനം കുറഞ്ഞ അഫ്ഗാനിസ്ഥാനിലും ശാസ്ത്ര-സാങ്കേതിക വിദ്യയിൽ മുമ്പിലുള്ള അമേരിക്കയിലും വ്യാവസായിക പുരോഗതിയുടെ നാടായ ജപ്പാനിലും ശിരോവസ്ത്രത്തിനോട് അലർജി കാണിക്കുന്ന തുർക്കിയിലും അധികാരക്കശാപ്പ് അരങ്ങുവാഴുന്ന സിറിയയിലും കമ്യൂണിസ്റ്റ് ചൈനയിലും ബഹുമത നാടായ ഇന്ത്യയിലും എത്രയോ തവണ ഭൂചലനങ്ങൾ അരങ്ങേറിയിട്ടുണ്ട്.

ഭൂചലനം നാശംവിതച്ച രാജ്യങ്ങളിൽ ലോകത്തെ സകല മതസ്ഥരും മതതീവ്രവാദികളും മതേതരവാദികളും നിരീശ്വര-നിർമത പ്രസ്ഥാനത്തിന്റെ ആളുകളും അകപ്പെട്ടിട്ടുണ്ട്. ഈ പ്രകൃതിദുരന്തത്തിൽ നിന്ന് ഞങ്ങൾ മുക്തരാണ് എന്ന് വീമ്പിളക്കാൻ ആർക്കും കഴിയുകയില്ല എന്ന് സാരം. ഭൂചലനങ്ങൾ വർധിച്ചുവരുന്നത് അന്ത്യദിനത്തിന്റെ അടയാളമായി എണ്ണിയ പ്രവാചകൻ(സ്വ) അത് ആരെയാണ് ബാധിക്കുക എന്ന് പ്രത്യകം പരാമർശിച്ചിട്ടില്ല. എന്നാൽ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഇത്തരം ദുരന്തങ്ങൾ ഐഹികജീവിതത്തിലെ ഒരു പരീക്ഷണം തന്നെയാണ്.

ഈ ലോകത്തിന്റെ അന്ത്യംതന്നെ സംഭവിക്കുക ഒരു ഭൂകമ്പത്തിലൂടെയാണ് എന്നാണ് ക്വുർആൻ പറയുന്നത്:

"ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ-അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം. ഭൂമി അതിന്റെ ഭാരങ്ങൾ പുറംതള്ളുകയും, അതിന് എന്തുപറ്റി എന്ന് മനുഷ്യൻ പറയുകയും ചെയ്താൽ. അന്നേദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്. നിന്റെ രക്ഷിതാവ് അതിന് ബോധനം നൽകിയത് നിമിത്തം. അന്നേദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്. അവർക്ക് അവരുടെ കർമങ്ങൾ കാണിക്കപ്പെടേണ്ടതിനായിട്ട്. അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ക്വുർആൻ 99:1-8).

അന്ത്യദിനത്തിലെ ഭൂചലനം അതിശക്തമായിരിക്കുമെന്നും ക്വുർആൻ പറയുന്നുണ്ട്: "മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർഥത്തിൽ) അവർ ലഹരി ബാധിച്ചവരല്ല. പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു" (22:1,2)

ലേഖനം




# മതത്തിൻെറ അനിവാര്യതയും അനിവാര്യമായ മതാചാരവും


**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676


**ഹിജാബ് അഥവാ ശിരോവസ്ത്രം മതത്തിന്റെ അത്യന്താപേക്ഷിതമായ ഒരു ആചാരമല്ല എന്ന് തെളിയിക്കുന്നതിന് എജിയുടെ കുബുദ്ധിയിൽ ഉരുത്തിരിഞ്ഞുവന്ന ആശയമാണ് ഒരാചാരം അയാൾ ഉപേക്ഷിച്ചാൽ മതത്തിൽനിന്ന് പുറത്തുപോകുമോ എന്നത്. എന്നാൽ ഒരാൾ മതത്തിൽനിന്ന് പുറത്തുപോകുമോ ഇല്ലയോ എന്നതല്ല ഇവിടുത്തെ അടിസ്ഥാനപരമായ പ്രശ്നം. ഭരണഘടന ഓരോ പൗരനും വകവെച്ചുകൊടുത്തിട്ടുള്ള അവകാശപ്രകാരം ഒരാൾ ഉപയോഗപ്പെടുത്തുന്ന മതപരമായ ഒരു കൃത്യത്തെ തടയാൻ സർക്കാറുകൾക്ക് അധികാരമുണ്ടോ ഇല്ലയോ എന്നതാണ്.**

‘മുത്ത്വലാക്വും ബഹുഭാര്യത്വവും ഇസ്‌ലാമിൽ എസെൻഷ്യൽ അല്ല എന്നതുപോലെ ഹിജാബും എസെൻഷ്യൽ അല്ല’ എന്ന് വാദിച്ച കർണാടക എജിക്ക് അത് തെളിയിക്കാൻ സാധിക്കാതെ വന്നപ്പോൾ പള്ളികൾ പോലും എസെൻഷ്യൽ അല്ല എന്ന, കോടതിയുടെ പിന്നീട് തിരുത്തിയ പരാമർശത്തെ കൂട്ടുപിടിക്കേണ്ട ഗതികേടാണുണ്ടായത്. തുടർന്ന് അദ്ദേഹം ‘എസെൻഷ്യൽ ടു റിലീജ്യൻ,’ ‘എസെൻഷ്യലി റിലീജിയസ്’ എന്നിങ്ങനെയുള്ള സംജ്ഞകളിൽ സമയം പാഴാക്കുകയായിരുന്നു. ‘എസെൻഷ്യൽ ടു റിലീജ്യൻ’ എന്നാൽ മതത്തിന്റെ അനിവാര്യത എന്നാണർഥം. അതായത് ആ കാര്യമില്ലെങ്കിൽ മതം തന്നെ നിലനിൽക്കില്ല. ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ ആ വ്യക്തിയുടെ ഇസ്‌ലാം ദുർബ

**കർണാടക ഹൈക്കോടതിയിൽ ഹർജിക്കാർ ശിരോവസ്ത്രം അനിവാര്യമായ മതാചാരമാണ് എന്ന ഒരു വാദവും ഉന്നയിച്ചിട്ടില്ല എന്നാണ് എജി പറഞ്ഞത്. എന്നാൽ സർക്കാർ കോടതിയിൽ നൽകിയ മറുപടിയിൽ ശിരോവസ്ത്രം അനിവാര്യമായ മതാചാരമല്ല എന്ന് പറഞ്ഞിട്ടുണ്ട്. ചോദ്യമില്ലെങ്കിൽ പിന്നെ എങ്ങനെ ഉത്തരം വന്നു എന്നാണ് ജസ്റ്റിസ് ധൂലിയ ചിരിച്ചുകൊണ്ട് ചോദിച്ചത്. എസെൻഷ്വൽ വിഷയത്തെ കുറിച്ച് ഹൈക്കോടതിയിൽ പറയേണ്ടതില്ലെന്നും വിശുദ്ധ ഖുർആൻ കോടതിയിൽ കൊണ്ടുവരേണ്ടതില്ലെന്നും തന്റെ സഹ അഭിഭാഷകർക്ക് നിർദേശം നൽകിയിരുന്നുവെന്നായിരുന്നു എജിയുടെ വിശദീകരണം.**

ലമാവുമെങ്കിൽ ശിരോവസ്ത്രം എസെൻഷ്യൽ ടു റിലീജ്യൻ ആണ്. അതേസമയം 'എസെൻഷ്യലി റിലീജിയസ്' അഥവാ അനിവാര്യമായ മതാചാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മതപ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടുവന്നിട്ടുള്ള ആചാരങ്ങൾ എന്നാണ്. അടിസ്ഥാനപരമായി ഈ രണ്ടു സംജ്ഞകളും പരസ്പരപൂരകങ്ങളാണ്.

എജി കോടതിക്ക് മുമ്പാകെ വെച്ച പോയിന്റുകൾ ഇങ്ങനെ സംഗ്രഹിക്കാം: (1) ഒരു കാര്യം നിർബന്ധ മതാചാരമാവണമെങ്കിൽ അത് 'എസെൻഷ്യൽ ടു റിലീജ്യൻ' ആയിരിക്കുകയും അത് ആ മതത്തിന്റെ ഒന്നാം തീയതി തൊട്ട് ആരംഭിച്ചതാവുകയും വേണം. (2) പ്രസ്തുത ആചാരം പിന്തുടർന്നില്ലെങ്കിൽ ഒരാളുടെ മതപരമായ അവസ്ഥക്ക് മാറ്റം വരിക. തുർക്കി അടക്കമുള്ള രാജ്യങ്ങളിൽ ശിരോവസ്ത്രം ധരിക്കാത്തവരെയും മുസ്‌ലിംകളായി പരിഗണിക്കുന്നു. (3) ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ പരലോകത്ത് ശിക്ഷ ലഭിക്കുമെന്ന് ഇവിടെ വാദിക്കുകയുണ്ടായി. എന്നാൽ എന്ത് ശിക്ഷ എന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല.

**മതാചാരങ്ങൾ അനുവദിക്കേണ്ടത് സർക്കാറോ ഭരണഘടനയോ?**

ഹിജാബ് അഥവാ ശിരോവസ്ത്രം മതത്തിന്റെ അത്യന്താപേക്ഷിതമായ ഒരു ആചാരമല്ല എന്ന് തെളിയിക്കുന്നതിന് എജിയുടെ കുബുദ്ധിയിൽ ഉരുത്തിരിഞ്ഞുവന്ന ആശയമാണ് ഒരാചാരം അയാൾ ഉപേക്ഷിച്ചാൽ മതത്തിൽ നിന്ന് പുറത്തുപോകുമോ എന്നത്. എന്നാൽ ഒരാൾ മതത്തിൽനിന്ന് പുറത്തുപോകുമോ ഇല്ലയോ എന്നതല്ല ഇവിടുത്തെ അടിസ്ഥാനപരമായ പ്രശ്നം. ഭരണഘടന ഓരോ പൗരനും വകവെച്ചുകൊടുത്തിട്ടുള്ള അവകാശപ്രകാരം ഒരാൾ ഉപയോഗപ്പെടുത്തുന്ന മതപരമായ ഒരു കൃത്യത്തെ തടയാൻ സർക്കാറുകൾക്ക് അധികാരമുണ്ടോ ഇല്ലയോ എന്നതാണ്. ഇക്കാര്യം മുഖവിലക്കെടുക്കാതെ സർക്കാർ അനുവദിച്ചുതരുന്ന ആചാരങ്ങൾ മാത്രം അനുഷ്ഠിച്ചാൽ മതി എന്ന വിധത്തിലാണ് എജി സംസാരിക്കുന്നത്. വിദ്യാലയങ്ങളിൽ ഓരോ വിദ്യാർഥിയും ചെയ്യുന്ന മതപരമായ പ്രവർത്തനങ്ങളെ മുഴുവൻ 'എസെൻഷ്യൽ ടു റിലീജ്യൻ' എന്ന അരിപ്പകൊണ്ട് വേർതിരിക്കാൻ സാധിക്കുമോ?

ഉദാഹരണമായി, ഒരാൾ ഒരു ക്ലാസ്സ്മുറിയിൽ വെച്ച് 'ഗുരുവായൂരപ്പാ രക്ഷിക്കണേ' എന്ന് വിളിച്ചാൽ പ്രസ്തുത വിളി മതത്തിന്റെ അനിവാര്യതയിൽ (Essential to religion) പെട്ടതാണോ അല്ലയോ എന്ന് പരിശോധിക്കണമെന്ന് പറയുന്നത് അർഥശൂന്യമാണ് എന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ലല്ലോ. എജിയുടെ പുതിയ 'എസെൻഷ്യൽ തിയറി' പ്രകാരം ഈ വിളികളും കോടതികളിൽ പരിശോധിക്കപ്പെടേണ്ടതുണ്ട് എന്നല്ലേ വരിക? എന്നാൽ ഒരാൾ 'ഗുരുവായൂരപ്പാ രക്ഷിക്കണേ' എന്ന് വിളിക്കുന്നത് Public Order, Moraltiy, Health എന്നീ ഘടകങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ടോ എന്നാണ് പരിശോധിക്കപ്പെടേണ്ടത് എന്നുമാത്രമാണ് ഭരണഘടന നിഷ്കർഷിച്ചിട്ടുള്ളത്. അത്തരം വിളികളിലോ ആരാധനാകർമങ്ങളിലോ ഈ പറഞ്ഞ പ്രശ്നങ്ങൾ ഒന്നും ഉണ്ടാവില്ലെന്ന് സാമാന്യബുദ്ധി കൊണ്ട് മനസ്സിലാക്കാവുന്നതേയുയുള്ളൂ. അതുപോലെതന്നെയാണ് ഒരു കുട്ടി ശിരോവസ്ത്രം ധരിക്കുമ്പോളും സംഭവിക്കുന്നത്. അത് 'എസെൻഷ്യൽ ടു റിലീജിയൻ' ആണോ എന്ന പരിശോധനക്ക് എന്ത് പ്രസക്തിയാണുള്ളത്? ഒരു കുട്ടി അത് 'എസ്സെൻഷ്യലി റിലീജിയസ്' (അനിവാര്യമായ മതാചാരം) ആണെന്ന് വിശ്വസിക്കുകയും മേൽപറഞ്ഞ ഘടകങ്ങൾക്ക് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ സർക്കാറിന് അത് നിയന്ത്രിക്കാൻ യാതൊരു അവകാശവുമില്ല.

**എജിയുടെ തുടരുന്ന വാദങ്ങൾ**

മനുഷ്യർ എന്തു കഴിക്കണം, എന്തു ധരിക്കണം തുടങ്ങിയ കാര്യങ്ങളിലെല്ലാം മതം അഭിപ്രായം പറയുന്നുണ്ട്. എന്നാൽ അവയെല്ലാം മതത്തിന്റെ അനിവാര്യതകളിൽ പെടുകയില്ല എന്ന് 1996ലെ എഎസ്.നാരായണ ദീക്ഷിതിന്റെ സ്റ്റേറ്റ് ഓഫ് ആന്ധ്ര പ്രദേശ് കേസിന്റെ വിധിയിൽ സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. ഒരു കാര്യം, അതില്ലാതെ ആ മതം നിലനിൽക്കുകയില്ലെങ്കിൽ മാത്രമെ അതിനെ 'എസെൻഷ്യൽ ടു റിലീജ്യൻ' എന്ന് പറയാൻ സാധിക്കുകയുള്ളൂ. അത്തരം കാര്യങ്ങൾ മാത്രമാണ് 25ാം അനുച്ഛേദ പ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുള്ളത്.

**ധൂലിയയുടെ കുറിക്ക് കൊള്ളുന്ന ചോദ്യം**

കർണാടക ഹൈക്കോടതിക്ക് മുമ്പാകെ ശിരോവസ്ത്രം മതത്തിന്റെ അനിവാര്യമായ ആചാരമാണ് എന്ന് വാദിക്കുന്ന പ്രധാനപ്പെട്ട യാതൊരു പോയിന്റും എതിർകക്ഷി ഉന്നയിച്ചിട്ടില്ല എന്ന് എജി പറഞ്ഞപ്പോൾ പിന്നെ എന്തിനാണ് സർക്കാർ ശിരോവസ്ത്രം ഒരു എസെൻഷ്യൽ പ്രാക്റ്റിസ് അല്ല എന്ന് കോടതിയിൽ വാദിച്ചതെന്ന് ജസ്റ്റിസ് ധൂലിയ ചോദിച്ചു. അന്നേരം എജി പരുങ്ങലിലായി. കർണാടക ഹൈക്കോടതിയിൽ ഹർജിക്കാർ ശിരോവസ്ത്രം അനിവാര്യമായ മതാചാരമാണ് എന്ന ഒരു വാദവും ഉന്നയിച്ചിട്ടില്ല എന്നാണ് എജി പറഞ്ഞത്. എന്നാൽ സർക്കാർ കോടതിയിൽ നൽകിയ മറുപടിയിൽ ശിരോവസ്ത്രം അനിവാര്യമായ മതാചാരമല്ല എന്ന് പറഞ്ഞിട്ടുണ്ട്. ചോദ്യമില്ലെങ്കിൽ പിന്നെ എങ്ങനെ ഉത്തരം വന്നു എന്നാണ് ജസ്റ്റിസ് ധൂലിയ ചിരിച്ചുകൊണ്ട് ചോദിച്ചത്. എസെൻഷ്യൽ വിഷയത്തെ കുറിച്ച് ഹൈക്കോടതിയിൽ പറയേണ്ടതില്ലെന്നും വിശുദ്ധ ഖുർആൻ കോടതിയിൽ കൊണ്ടുവരേണ്ടതില്ലെന്നും തന്റെ സഹ അഭിഭാഷകർക്ക് നിർദേശം നൽകിയിരുന്നുവെന്നായിരുന്നു എജിയുടെ വിശദീകരണം.

**എജി തഫ്സീർ യൂസുഫലിയെ കുറിച്ച്**

എതിർകക്ഷികൾ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത ഖുർആൻ തഫ്സീറുകളാണ് ഉദ്ധരിച്ചത്. ആ സന്ദർഭത്തിൽ ഏത് തഫ്സീറാണ് ആധികാരികം എന്ന് കോടതി ചോദിച്ചപ്പോൾ 1985ലെ ശാബാനു ബീഗം കേസിലും മുത്ത്വലാക് കേസായ 2018ലെ ശൈറാബാനു കേസിലും കോടതി അംഗീകരിച്ച തഫ്സീർ എന്ന നിലയ്ക്ക് മാത്രമാണ് താൻ അല്ലാമാ യൂസുഫലിയുടെ തഫ്സീർ ഉദ്ധരിച്ചത്. ശൈറാ ബാനു കേസിൽ എല്ലാ കക്ഷികളുടെയും സമ്മത



**മൂന്നുപേരെ വധിച്ച ബച്ചൻസിംഗിന് കോടതി വധശിക്ഷ വിധിച്ചപ്പോൾ വധശിക്ഷ മനുഷ്യാവകാശ ലംഘനമാണെന്നും അത് 19ാം അനുച്ഛേദത്തിന് എതിരാണെന്നും ചൂണ്ടിക്കാട്ടി അയാൾ സുപ്രീംകോടതിയെ സമീപിച്ചു. ഈ വാദം സുപ്രീംകോടതി അംഗീകരിച്ചില്ല. 19ാം അനുച്ഛേദം നൽകുന്ന അവകാശത്തിന് എതിരായിരുന്നിട്ടും കോടതി വധശിക്ഷ ഒഴിവാക്കിയില്ല. മനുഷ്യനന്മ ഉദ്ദേശിച്ച് വധശിക്ഷ നടപ്പാക്കുന്നത് തെറ്റല്ല എന്നായിരുന്നു സുപ്രീംകോടതി വിധി. ഈ വിധിയെ അസ്ഥാനത്ത് കൊണ്ടുവരികയാണ് എജി. മൂന്നുപേരെ കൊന്ന ഒരു കൊടുംപാതകിക്ക് നൽകുന്ന ശിക്ഷപോലെ ഒരു കുറ്റവും ചെയ്യാത്ത കുട്ടികൾക്ക് 19ാം അനുച്ഛേദം നൽകുന്ന അവകാശങ്ങളെ എങ്ങനെ ഹനിക്കാൻ സാധിക്കും? പമ്പര വിഡ്ഢിത്തമാണ് എജി പറഞ്ഞത്.**

പ്രകാരമാണ് യൂസുഫലിയുടെ തഫ്സീർ ഉദ്ധരിച്ചതെന്ന് പ്രസ്തുത കേസിൽ വിധി പറഞ്ഞ ജസ്റ്റിസ് ജെഎസ് ഖേഹാർ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**19ാം അനുച്ഛേദവും എജിയുടെ ദുർവ്യാഖ്യാനവും**

എജി തുടരുന്നു: 19ാം അനുച്ഛേദമാണ് തങ്ങളുടെ അവകാശത്തിനുവേണ്ടി ഹർജിക്കാർ കോടതിയിൽ പ്രധാനമായും ഉദ്ധരിച്ചത്. 19, 25 എന്നീ അനുച്ഛേദങ്ങൾ ഇവിടെ കൊണ്ടുവരേണ്ട യാതൊരു കാര്യവുമില്ല. കാരണം സർക്കാർ അതിന്റെ വിദ്യാഭ്യാസ ചട്ടത്തിലെ 11ാം ചട്ടം ഉപയോഗിച്ചാണ് ശിരോവസ്ത്രത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. അത് ഒരിക്കലും അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന 19ാം അനുച്ഛേദവുമായി യാതൊരുനിലയ്ക്കും ബന്ധപ്പെടുന്നില്ല.

**എങ്കിൽ വധശിക്ഷ മൗലികാവകാശത്തിന് എതിരല്ലേ?**

എജി ഇത് സ്ഥാപിക്കുന്നതിനായി ഉദ്ധരിച്ചത് 1980ലെ ബച്ചൻസിംഗിന്റെ സ്റ്റേറ്റ് ഓഫ് പഞ്ചാബ് കേസാണ്. മൂന്നുപേരെ വധിച്ച ബച്ചൻസിംഗിന് കോടതി വധശിക്ഷ വിധിച്ചപ്പോൾ വധശിക്ഷ മനുഷ്യാവകാശ ലംഘനമാണെന്നും അത് 19ാം അനുച്ഛേദത്തിന് എതിരാണെന്നും ചൂണ്ടിക്കാട്ടി അയാൾ സുപ്രീംകോടതിയെ സമീപിച്ചു. ഈ വാദം സുപ്രീംകോടതി അംഗീകരിച്ചില്ല. 19ാം അനുച്ഛേദം നൽകുന്ന അവകാശത്തിന് എതിരായിരുന്നിട്ടും കോടതി വധശിക്ഷ ഒഴിവാക്കിയില്ല. മനുഷ്യനന്മ ഉദ്ദേശിച്ച് വധശിക്ഷ നടപ്പാക്കുന്നത് തെറ്റല്ല എന്നായിരുന്നു സുപ്രീംകോടതി വിധി. ഈ വിധിയെ അസ്ഥാനത്ത് കൊണ്ടുവരികയാണ് എജി. മൂന്നുപേരെ കൊന്ന ഒരു കൊടുംപാതകിക്ക് നൽകുന്ന ശിക്ഷപോലെ ഒരു കുറ്റവും ചെയ്യാത്ത കുട്ടികൾക്ക് 19ാം അനുച്ഛേദം നൽകുന്ന അവകാശങ്ങളെ എങ്ങനെ ഹനിക്കാൻ

സാധിക്കും? പമ്പര വിഡ്ഢിത്തമാണ് എജി പറഞ്ഞത്. ഒരു പ്രത്യേക വിഷയത്തിനെതിരായി നിയമനിർമാണം നടത്തുമ്പോൾ അത് ആകസ്മികമായി മറ്റൊരു അവകാശത്തെ ബാധിക്കുന്നു എന്ന കാരണത്താൽ പ്രസ്തുത നിയമനിർമാണത്തെ അസാധുവാക്കാൻ കഴിയില്ല എന്ന ദുർബലമായ വാദങ്ങളാണ് എജി കൊണ്ടുവന്നത്.

**'യൂണിഫോം ധരിക്കാത്തവർക്കും സംരക്ഷണം നൽകേണ്ടി വരില്ലേ?'**

എജി തുടരുന്നു: കർണാടക വിദ്യാഭ്യാസ ചട്ടത്തിലെ 11ാം ചട്ടം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് അച്ചടക്കം കൊണ്ടുവരിക എന്നതാണ്. ഒരു ക്ലാസ്സ് റൂമിൽ യൂണിഫോം ധരിക്കാതെ ഒരു കുട്ടി വന്നാൽ ആ കുട്ടിയെ ക്ലാസ്സ് റൂമിൽനിന്ന് പുറത്താക്കുകയാണെങ്കിൽ അതിന് എങ്ങനെയാണ് ഭരണഘടനയുടെ 19ാം അനുച്ഛേദപ്രകാരം സംരക്ഷണം നൽകാൻ സാധിക്കുക? 19ാം അനുച്ഛേദം ഏതെങ്കിലും മൗലികാവകാശത്തെ ഹനിക്കുന്നുവെങ്കിൽ മാത്രമെ 19(1)ൽ ഉറപ്പു നൽകുന്ന അവകാശങ്ങൾ ബാധകമാവൂ എന്ന് എകെ ഗോപാലൻ കേസിൽ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. എജിയുടെ ഈ വാദങ്ങൾ കേട്ട ജസ്റ്റിസ് ധൂലിയ എകെ ഗോപാലൻ കേസിലെ ഈ വിധി ന്യൂനപക്ഷ വിധിയായിരുന്നുവെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ എജി എക്സ്പ്രസ് ന്യൂസ്പേപ്പർ കേസിലേക്ക് കടന്നു. എജിയുടെ വാദങ്ങൾ അവിടെ കൂടിയ അഭിഭാഷകർക്കോ ജഡ്ജുമാർക്കോ മനസ്സിലാകുന്നുണ്ടായിരുന്നില്ല. ജസ്റ്റിസ് ധൂലിയ അക്കാര്യം തുറന്നു പറഞ്ഞു: 'താങ്കൾ പറയുന്നതൊന്നും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.'

യഥാർഥത്തിൽ എജി ഇവിടെ പറയാൻ ശ്രമിക്കുന്നതിനെ ഇങ്ങനെ സംഗ്രഹിക്കാം. ഒരു കുട്ടി യൂണിഫോം ധരിക്കാതെ മറ്റൊരു കളറിൽ അല്ലെങ്കിൽ ഡിസൈനിൽ ക്ലാസ്സിൽ വരുന്നു. സ്കൂൾ അധികൃതർ കുട്ടിയോട് ക്ലാസ്സിൽ കയറരുത് എന്ന് പറയുന്നു. സ്കൂൾ അധികൃതർ ഇത് പറയുന്നത് വിദ്യാഭ്യാസ ചട്ടപ്രകാരമാണ്. കുട്ടി അനുച്ഛേദം 19(2) ഉദ്ധരിച്ചുകൊണ്ട് ഇത് മൗലികാവകാശമാണെന്ന് പറയുന്നു. ഇങ്ങനെ ഓരോരുത്തരും 19(2) ഉന്നയിച്ചുകൊണ്ട് കടന്നുവന്നാൽ എങ്ങനെ നിയമം നടപ്പിലാക്കും? ഒരിക്കലും അഭിപ്രായസ്വാതന്ത്ര്യത്തെ ഹനിക്കണമെന്ന് സ്കൂളുകൾക്ക് അഭിപ്രായമില്ല. അച്ചടക്കം സ്ഥാപിക്കണം എന്ന് മാത്രമാണ് സ്കൂൾ പറയുന്നത്. ഇതാണ് എജിയുടെ വാദത്തിന്റെ ചുരുക്കം.

> **'15 മുതൽ 17 വരെയുള്ള പിയുസി കാലഘട്ടം വളരെയധികം അച്ചടക്കം വേണ്ട കാലമാണ്. പിയുസി കഴിഞ്ഞ് കോളേജിലെത്തിയാൽ അവിടെ യൂണിഫോം ഇല്ലല്ലോ. അവിടെ ശിരോവസ്ത്രം ധരിക്കാമല്ലോ. യൂണിഫോം എന്ന ആശയം എല്ലാ വിദ്യാർഥികളെയും സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ ഒരേ രൂപത്തിൽ വളർത്തിക്കൊണ്ടുവരാനുള്ളതാണ്. മാത്രവുമല്ല അനുച്ഛേദം 51 A(j) വ്യക്തമാക്കുന്നതുപോലെ മത അടയാളങ്ങളൊന്നും കാണിക്കാതെ ഒരു ഗ്രൂപ്പായി അവരെ അവതരിപ്പിക്കാനും സാധിക്കുന്നു.'**

**ഭരണഘടനയെ മറികടക്കാൻ സർക്കാർ ചട്ടം പോരാ!**

എന്നാൽ ജസ്റ്റിസ് ധൂലിയ ഇതിനോട് യോജിച്ചില്ല. അദ്ദേഹം എജിയോട് ചോദിച്ചു: 'അനുച്ഛേദം 19 ൽ പറയുന്നത് നിയമം (Law) ആണ്. ഒരു നിയമത്തെ മറികടക്കാൻ ചട്ടം മതിയാവില്ല. അതിന് നിയമം തന്നെവേണം. സർക്കാർ സർക്കുലറിനെ ഒരു നിയമമായി കാണാൻ സാധിക്കില്ല. ഇതിന് നേരിട്ട് മറുപടിപറയാതെ സ്കൂളുകൾക്ക് സർക്കാർ നൽകിയ ചട്ടപ്രകാരം യൂണിഫോം നടപ്പാക്കാൻ സാധിക്കും എന്ന് മാത്രം പറഞ്ഞു എജി രക്ഷപ്പെടുകയായിരുന്നു. വിദ്യാഭ്യാസ ചട്ടം ഉദ്ദേശിക്കുന്നത് ഐക്യവും തുല്യതയുമാണ് എന്നുപറഞ്ഞ എജിയോട് ജസ്റ്റിസ് ധൂലിയ ചോദിച്ചു: 'ശിരോവസ്ത്രം ധരിക്കുന്നത് ഐക്യത്തിനും തുല്യതക്കും തടസ്സമാകുന്നത് എങ്ങനെയാണ്?'

ജസ്റ്റിസ് ധൂലിയയുടെ ചോദ്യത്തിനുള്ള എജിയുടെ മറുപടി വിചിത്രമായിരുന്നു: '15 മുതൽ 17 വരെയുള്ള പിയുസി കാലഘട്ടം വളരെയധികം അച്ചടക്കം വേണ്ട കാലമാണ്. പിയുസി കഴിഞ്ഞ് കോളേജിലെത്തിയാൽ അവിടെ യൂണിഫോം ഇല്ലല്ലോ. അവിടെ ശിരോവസ്ത്രം ധരിക്കാമല്ലോ. യൂണിഫോം എന്ന ആശയം എല്ലാ വിദ്യാർഥികളെയും സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ ഒരേ രൂപത്തിൽ വളർത്തിക്കൊണ്ടുവരാനുള്ളതാണ്. മാത്രവുമല്ല അനുച്ഛേദം 51 A(j) വ്യക്തമാക്കുന്നതുപോലെ മത അടയാളങ്ങളൊന്നും കാണിക്കാതെ ഒരു ഗ്രൂപ്പായി അവരെ അവതരിപ്പിക്കാനും സാധിക്കുന്നു'. ഇതുകേട്ടപ്പോൾ അനുച്ഛേദം 51 A(j)യെ ഇതിലേക്ക് വലിച്ചിഴക്കുന്നത് ശരിയല്ലെന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാണിച്ചു. കാരണം പ്രസ്തുത അനുച്ഛേദത്തിൽ മത അടയാളങ്ങളെ സംബന്ധിച്ചുള്ള യാതൊരു സൂചനയുമില്ല. എല്ലാവരും രാജ്യത്തിന;വേണ്ടി ഒറ്റക്കെട്ടായി നിൽക്കണം എന്നു മാത്രമേയുള്ളൂ. എജി 51 A(j) യെ തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമിച്ചത്.

**(തുടരും)**

*അടുത്ത ലക്കത്തിൽ:*

**അഭിപ്രായ സ്വാതന്ത്ര്യം; കർണാടകയുടെ വ്യാഖ്യാനം**

നീണ്ടകഥ



# പൊഴിയുന്ന പുണ്യങ്ങൾ 7

**ഷാസിയ നസ്‌ലി**
**വിവ: ഇബ്‌നു അലി എടത്തനാട്ടുകര**

“വാ... ഉപ്പാ... എന്തിനാണ് ഹംസ വന്നത്, അവന് ഫെലിക്സിന്റെ വല്ല വർത്തമാനവുമുണ്ടോ?”

“അപ്പോൾ നീ അറിഞ്ഞില്ലേ മോളേ?.” ഉപ്പ അവളെ പിടിച്ചിരുത്തി. ഒരു കാറിടിച്ച് തൻസാറിന്റെ പൂച്ചക്കുട്ടിയുടെ ജീവൻ നഷ്ടപ്പെട്ട വിവരം അദ്ദേഹം അവളെ അറിയിച്ചു.

“പൂച്ചക്കുട്ടി ചത്തുവെന്നോ?”സന്ന ഉറക്കെ ചോദിച്ചു.

“അതെ കുഞ്ഞേ, ഹംസ ആ വാർത്ത അറിയിക്കാനാണ് വന്നത്.”

“ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ” (നിശ്ചയമായും എല്ലാവരും അല്ലാഹുവിൽ നിന്നാണ്. അവനിലേക്ക് തന്നെയാണ് മടക്കവും).

“തൻസാർ ഇതെങ്ങനെ സഹിക്കും ഉപ്പാ..?” സന്ന സങ്കടപ്പെട്ടു.

“അതെ, അവന് വിഷമമുണ്ടാകും. പക്ഷേ, ഒന്നോർക്കണം. നാമെല്ലാം അല്ലാഹുവിന്റെതാണ്. ഒരുനാൾ നമുക്കെല്ലാം അവനിലേക്ക് മടങ്ങിയേ പറ്റൂ.” ഉപ്പ അവളെ ആശ്വസിപ്പിച്ചു. പെട്ടെന്ന് തൻസാറും ഉമ്മയും വീട്ടിലേക്ക് കടന്നുവന്നു.

“നിങ്ങളവനെ കണ്ടെത്തിയോ?”തൻസാറിന്റെ ചോദ്യം.

“മോനേ തൻസാറേ...” ഉപ്പ അവനെ ചേർത്തുപിടിച്ച് അടുത്തിരുത്തി.

“നിനക്കറിയില്ലേ ലോകത്തുള്ളതെല്ലാം അല്ലാഹുവിന്റെതാണെന്ന്. അതുകൊണ്ട് അല്ലാഹുവിന് അവൻ അഗ്രഹിക്കുന്ന എന്തും എപ്പോഴും തിരികെയെടുക്കാം.”

“ഉപ്പാ, ഫെലിക്സിനെ കാണാതായിട്ടേയുള്ളൂ.”തൻസാർ ഇടക്ക് കയറിപ്പറഞ്ഞു.

“അല്ല തൻസാർ, ഹംസ ഇപ്പോഴിവിടെ വന്നിരുന്നു.”

“ഓ ഹംസ ഫെലിക്സിനെ കണ്ടെത്തിയോ...?!”തൻസാർ സന്തോഷത്തോടെ തുള്ളിച്ചാടാൻ തുടങ്ങി.

“അല്ല മോനേ, ഫെലിക്സ് ഒരു കാറപകടത്തിൽ....”

“എന്താണ് ഉപ്പാ? അവന് പരിക്ക് പറ്റിയോ? വൈകേണ്ട, അവനെയുടനെ മൃഗാശുപത്രിയിൽ കൊണ്ടുപോകണം.” തൻസാർ ധൃതിപ്പെട്ടു.

“ക്ഷമിക്കണം മോനേ, അവൻ എന്നെന്നേക്കുമായി...”

തൻസാർ ഉപ്പയെ തുറിച്ചുനോക്കി.

“അവന് പരിക്ക് പറ്റിയതല്ല അല്ലേ? അവൻ മരണപ്പെട്ടുവല്ലേ?..” നിറകണ്ണുകളോടെ അവൻ ചോദിച്ചു.

ഉപ്പ ‘അതെ’ എന്ന അർഥത്തിൽ തലയാട്ടി.

“പക്ഷേ, എന്തുകൊണ്ട്...” കണ്ണീർ പ്രവാഹത്തിനിടെ അവൻ ചോദിച്ചു.

“അവനൊരു കുഞ്ഞുപൂച്ചയല്ലേ. അവനെങ്ങനെയാണ് ഇത്ര ചെറുപ്പത്തിൽ മരിക്കുക. അവൻ വലിയ പൂച്ചയായി വളരേണ്ടതല്ലേ...?”

പൊട്ടിക്കരഞ്ഞു കൊണ്ട് അവൻ കോണിപ്പടികൾ ഓടിക്കയറി; അവന്റെ മുറിയിലെ കട്ടിലിൽ ചെന്നുവീണു. ഉമ്മയും ഉപ്പയും അവനെ ആശ്വസിപ്പിക്കാൻ ആവത് ശ്രമിച്ചു. ആര് എപ്പോൾ മരിക്കണമെന്നത് തീരുമാനിക്കുന്നത് അല്ലാഹുവാണെന്നും അത് തിരുത്താൻ മറ്റാർക്കും കഴിയില്ലെന്നും അവർ വിശദീകരിച്ചു. പക്ഷേ, തൻസാർ ചോദിച്ചുകൊണ്ടേയിരുന്നു:

“എന്തുകൊണ്ട്? ഫെലിക്സ് കൊച്ചുകുട്ടിയല്ലേ, ഒരു കൊച്ചു പൂച്ചയെങ്ങനെയാണ് മരിക്കുക?”

പിറ്റേന്ന് കാലത്ത് തൻസാർ കുറച്ച് നേരം ടെലിവിഷന് മുമ്പിലായിരുന്നു. എന്നാൽ എന്താണ് കാണുന്നത് എന്ന് അവൻ ശ്രദ്ധിച്ചിരുന്നില്ല. അവനിഷ്ടമില്ലാത്ത പരിപാടികൾ പോലും അവൻ കണ്ടുകൊണ്ടിരുന്നു. സന്ന അവന്റെ കൂടെ കൂടാനൊരുങ്ങി. തലേന്നാളത്തെ ജുമുഅ പ്രശ്നത്തെ കുറിച്ച് അവളവനോടൊന്നും ചോദിച്ചിരുന്നില്ല.

“നീ ജുമുഅ നമസ്കാരത്തെ പറ്റിയൊന്നും എന്നോട് പറയില്ലെന്ന് ഞാൻ കരുതുന്നു.” അടുത്തേക്ക് വന്ന സഹോദരിയോട് അവൻ പറഞ്ഞു.

“ഞാനെന്തെങ്കിലും പറയണമെന്ന് നിനച്ചതല്ല. നീയായിട്ട് പറഞ്ഞതുകൊണ്ട് നീ ഇന്നലെ ജുമുഅക്ക് പോകേണ്ടതായിരുന്നുവെന്ന് ഞാൻ പറയും. നമസ്കാരം ഇസ്‌ലാമിന്റെ പ്രധാനപ്പെട്ട തൂണുകളിലൊന്നാണ്. നാം മരിച്ച് ചെല്ലുമ്പോൾ അല്ലാഹു നമ്മെ ആദ്യം ചോദ്യം ചെയ്യുന്നത് നമസ്കാരത്തെ കുറിച്ചായിരിക്കും.” സന്ന വിശദീകരിച്ചു.

(തുടരും)

നല്ല നാളേക്കായ് ഇന്ന് പഠിക്കാം

JAMIA AL-HIND AL-ISLAMIYYA

# SCHOOL OF Qur'an

READ. LEARN. EVOLVE

## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു



**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30**

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.


**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus, Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in


**SCHOOL OF QURA'N CENTERS:**

| KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 9995334766 | VADAKARA:9995494598
| KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERYARA: 8606600555 | CHATTIPARAMBA: 9496526220
| KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220
| MARANJERY: 9946739215 | KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263
| OTHAYI: 9497 650100 | PALAPPETTY: 9207942750 | WANDOOR: 9544610220 | ANCHAL: 9048739182 | KANNANALLOOR: 9961493999 | KUNJATHUR: 8089619272

| COIMBATORE: 9080475224 | ERODE: 9942958888 | SALEM: 9865167864 | METTUPALAYAM: 8300886551 | POLLACHI: 9940838413 | UDAMALPET: 9865051917

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
04 MARCH 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

27 ാമത്

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം

# ക്വുർആൻ വിജ്ഞാന പരീക്ഷ

## 2023 ഏപ്രിൽ 6 വ്യാഴം

സിലബസ്

- സൂറ : അൽ ഫുർഖാൻ (അദ്ധ്യായം 25)
- സൂറ : അശ്ശുഅറാഅ് (അദ്ധ്യായം 26)

മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണത്തിൽ നിന്ന്

1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

Scan QR Code For Registration
guide.wisdomislam.org

പഠന ക്ലാസ്സുകൾക്ക് സന്ദർശിക്കുക..
WisdomGlobalTV

7560 902 902

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio